പുസ്തകം I.
ലക്കം 3.

വില 2 ണ.

JUNE 1936.

സകൂൾ ലൈഫ്



സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

ഉ ള്ള ട ക്ക ം .

വിഷയം.	വശം.
1. അവളും ഞാനും. (ഒരു സങ്കല്പസംഭാഷണം.)—പി. എസ്സ്.	65
2. വൃത്താന്തരഹസ്യം.	66
3. അഭിനവനിഘണ്ടുവിലെ ഒരു പേജ്.	67
4. പുതിയ പഴഞ്ചൊല്ലുകൾ—വജ്രസൂചി.	67
5. നമഃ ശിവായ. (പഴയ കവിത.)	68
6. സൊള്ളൻ. (തുടച്ച്.)	69
7. ബോറന്റെ കത്ത്, അഥവാ, സായ്പിന്റെ കഥ.	74
8. 'ഗ്രൂമാലിൽ'പ്പെട്ട വെള്ളരിക്കയോട്. (പദ്യം.)	76
9. സഹായി. (ചിത്രം.)	77
10. ഞങ്ങൾക്കു തോന്നുന്നത്.	
i 'വിപ്ലവത്തിന്റെ വിളി'ക്ക് സഞ്ജയന്റെ മറുപടി.	78
ii ഭരതവാക്യം	81
11. കുഴങ്ങി! (ചിത്രം.)	83
12. സന്ധി. (പദ്യം.)—കെ. ജി. ജി. എൻ.	84
13. ഭർതൃസ്ഥാനാന്ധികൾ. (ഒരു നേരമ്പോക്ക്.)	85
14. ഗ്രാൻറ്. (ഒരു താരാട്ട്.)	89
15. ഭാരതത്തിലെ സഞ്ജയൻ. (പദ്യം.)—മാ. റാം.	89
16. മുടിവെട്ടുവാനുദ്ദേശിക്കുന്ന മുകിൽവേണിമാരോട്. (ഒരു പ്രസംഗം.) (തുടച്ച്)—മാധവ്യൻ.	90
17. സഞ്ജയന്റെ എഴുത്തുപെട്ടി.	92
18. ഒരു കുറിപ്പ്. (അനുബന്ധം).	93

അവളും ഞാനും.

(ഒരു സങ്കല്പസംഭാഷണം.)

ഞാൻ ചോദിച്ചു: "ഓമനേ, അഖിലരാഷ്ട്രസഖ്യമന്ദിരത്തിന്റെ വിസ്തീർണ്ണ സോപാനത്തിലൂടെ, കരിങ്കാറിൽ നിന്നിറവു വീഴുന്ന മഴത്തുള്ളി പോലെ, ഇറങ്ങി വരുന്ന നീ ആരാണ്?"

കഴത്തിൽത്തങ്ങിയ കണ്ണുനീർകൊണ്ട് കലുഷിതമായ സ്വരത്തിൽ അവൾ പറഞ്ഞു: "ഞാൻ ഗോട്ടിമാലയാണ്."

"ഭവതി എന്താണ് നിറഞ്ഞ സഭാവേദിയിൽ നിന്ന് ഒറ്റതിരിഞ്ഞിറങ്ങിപ്പോകുന്നത്?"

കോപത്തിന്റെ ചെറിയ ഒരു തുമ്പിൽ ഇളകി മിന്നിയ നോട്ടത്തോടുകൂടെ അവൾ വീണ്ടും പറഞ്ഞു: "സഞ്ജയ, മയ്യാദ കെട്ട ആ രാക്ഷസന്മാരുടെ ഇടയിൽ എനിക്ക് ഇരിക്കുവാൻ കഴിയുകയില്ല. ഇതാ, ഈ കൈകൾ നോക്കൂ! ഇവയ്ക്ക് ആ കരിമല്ലന്മാരുടെ കഴുത്ത് ഞെരിക്കുവാൻ കഴിഞ്ഞുവെങ്കിൽ, അവിടെ പലരും ബാക്കിയുണ്ടായിരിക്കുകയില്ല."

"കുട്ടിയെ അവരെന്തു ചെയ്തു?"

"എന്നോടോ? എന്നെ ഒന്നും ചെയ്തിട്ടില്ല. പക്ഷെ എന്റെ പാവപ്പെട്ട സഹോദരിയെ—എത്യോപ്യയെ—അയ്യോ, സഞ്ജയ, അക്കഥ പറയാൻ വയ്യാ. സ്വാഭിമാനം പണയംവെച്ചു കിട്ടുന്ന രക്ഷ എനിക്കിനി വേണ്ട. ഞാൻ പോകുന്നു."

"കൊച്ചുമാനിനി, ഭവതിയ്ക്കു മംഗലം ഭവിയ്ക്കട്ടെ!"

"സഞ്ജയ, ഒരബലയുടെ നന്ദിയ്ക്ക് വല്ല വിലയുമുണ്ടെങ്കിൽ, എന്റെ നന്ദി സ്വീകരിച്ചാലും!"

തല കുനിച്ച്, പാവാടത്തുമ്പുകൊണ്ട് കണ്ണുകളൊപ്പി, അവൾ, തിരിഞ്ഞു നോക്കാതെ, പടിഞ്ഞാട്ടേക്ക് നടന്നുപോയി; ഞാൻ കിഴക്കോട്ടേക്കും.

പി. എസ്സ്.

പരിഹാസപ്പൂ പനീർച്ചെടിക്കെടോ
ചിരിയത്രേ പൂപ്പും; ശകാരം മുള്ളുതാൻ:
അതിന്റെ പൂവാണാച്ചെടിയ്ക്കലംകാര-
മതിന്റെ മുള്ളല്ലെന്നറിഞ്ഞുകൊള്ളുക!

വൃത്താന്തരഹസ്യം.

ഇക്കഴിഞ്ഞ എത്യോപ്യൻ യുദ്ധകാലത്ത് രണ്ടു മണിക്കൂറിനകത്താണത്രെ ഇറ്റാലിയൻ ടെന്മാർ ഹാഫാൻ നദിക്ക് ഒരു പാലം നിർമ്മിച്ചത്.

ഡി. ബോ., നാണമില്ലയോ?

* * * * *

യൂറോപ്പുപര്യടനം കഴിച്ചു തിരിച്ചെത്തിയ മിസ്സിസ് കുട്ടൻ നായർ 'ഞാൻ കണ്ട യൂറോപ്പ്' എന്ന പേരിൽ ഒരു പുസ്തകമെഴുതിയിരിക്കുന്നു.

അതു വേണ്ടിയിരുന്നില്ല; 'യൂറോപ്പു കണ്ട ഞാൻ' എന്നു മതിയായിരുന്നു.

* * * * *

'വിപ്ലവത്തിന്റെ വിളി' എന്നാണ് സാഹിത്യപരിഷത്തിന്റെ ദശമസമ്മേളനത്തിൽവെച്ച് മി: ചങ്ങമ്പുഴ കൃഷ്ണപിള്ള വായിച്ച പദ്യത്തിന്റെ തലക്കെട്ട്.

"ഉണ്ടിരിക്കും നായ്ക്ക് ഒരു വിളി തോന്നി!"

* * * * *

പ്രസ്തുത സമ്മേളനത്തിൽവെച്ചുതന്നെ 'നമ്മുടെ നാടകവേദി' എന്ന വിഷയത്തെക്കുറിച്ചു മി: ദേവദാസ് ചെയ്ത പ്രസംഗത്തിൽ, "നാണ പായുന്നത് നന്നല്ല" എന്നൊരു വാചകം കാണപ്പെടുന്നു.

ഏതെങ്കിലും ഒരു പ്രാസംഗികനെങ്കിലും വല്ലൊരു നൂതനതത്ത്വവും അവിടെവെച്ച് പറയാതിരിക്കുകയില്ലെന്ന് ഞങ്ങൾക്ക് ആദ്യമേ ഉറപ്പുണ്ടായിരുന്നു.

* * * * *

ഇതിഹാസപ്രകീർത്തിതമായ ലങ്ക ഉത്തരേന്ത്യയിലായിരുന്നുവെന്ന് ഒരു ഗവേഷകൻ കണ്ടുപിടിച്ചിരിക്കുന്നു.

അയോധ്യ ദക്ഷിണസമുദ്രത്തിലായിരുന്നുവെന്നുകൂടി മാത്രമേ എനി ഈ വിഷയത്തിൽ കണ്ടുപിടിക്കുവാനുള്ളൂ.

* * * * *

ലങ്ക ഉത്തരേന്ത്യയിലായാൽ രാവണൻ രാമനായിപ്പോകുമോ? എന്നാണ് ചില രാവണായനക്കാർ ഭയപ്പെടുന്നത്.

* * * * *

മി: പാലാട്ടിനെക്കുറിച്ച് 'സഞ്ജയ'ന്റെ കഴിഞ്ഞ ലക്കത്തിലുണ്ടായിരുന്ന പാട്ട് വ്യക്തിപരമായിപ്പോയെന്നുള്ള ആക്ഷേപത്തെ അനുസ്മരിച്ചുകൊണ്ട് ഞങ്ങൾ ഒരു ചോദ്യം ചോദിക്കുവാൻ ആഗ്രഹിക്കുന്നു:—

ആരുടെ വ്യക്തിപരമായ ഉദ്ദേശ്യത്തിന്റെ ഫലമായിട്ടാണ് ഡി. ബോ. പ്രസിഡണ്ടിന്റെ പേരിൽത്തന്നെ അപൂർണ്ണമായ ഒരു 'പാലം' കെട്ടിപ്പിണഞ്ഞു കിടക്കുന്നത്?

* * * * *

"ശാന്തവും സംതൃപ്തവുമായ ഒരു ഇന്ത്യയെയാണ് ഞാൻ വിട്ടുപോന്നിരിക്കുന്നത്" എന്നു് ഇന്ത്യാവൈസ്രോയിയായിരുന്ന വില്ലിംഗ്ഡൺപ്രഭു ലണ്ടനിൽവെച്ചു് അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു.

ഇതു വളരെ അത്ഭുതമായിരിക്കുന്നു. അദ്ദേഹം വിട്ടുപോകുമ്പോൾ ഇന്ത്യ കഠിനവ്യസനംകൊണ്ട് ക്ഷുബ്ധയും അസംതൃപ്തയുമായിരുന്നുവെന്നല്ലേ ഞങ്ങൾ ഇതുവരെ വിചാരിച്ചത്!

അഭിനവനിഘണ്ടുവിലെ ഒരു പേജ്.

വെള്ളം—ഒരു കാലത്തു മനുഷ്യർ ധാരാളമായി കുടിക്കാൻ ഉപയോഗിച്ചിരുന്ന പരിശുദ്ധ വസ്തുവ്യം.

മയ്യാദ—ഒരു നേരംപോക്ക്.

ദന്തവൈദ്യൻ—സ്വന്തം പല്ലുകൾക്കു പണി നൽകാൻ അന്യരുടെ പല്ലുകളം പറിച്ചുകളയുന്ന ആൾ.

ചങ്ങാതി—കലഹത്തിന്റെ ആരംഭത്തിൽ മനുഷ്യർ അന്യോന്യം സംബോധന ചെയ്യുന്ന ഒരു വാക്ക്.

കൊള്ളക്കൊടുക്ക—വാങ്ങിയവനും വിറ്റവനും അന്യോന്യം ചതിച്ചതായി കരുതി തൃപ്തിയടയുവാൻ ഇടവരുത്തുന്ന ഒരു വ്യവസായം.

വൈദ്യൻ—രണ്ടു ദിവസം കഴിഞ്ഞുണ്ടാകാവുന്ന മരണത്തിൽ നിന്നു നിങ്ങളെ രക്ഷിക്കാൻ നിങ്ങളെ ഇന്നുതന്നെ കൊല്ലുന്ന ആൾ.

ഗ്രന്ഥകർത്താവ്—വാക്കുകളും വാക്യങ്ങളുംകൊണ്ടു കച്ചവടം ചെയ്തു ഒടുവിൽ ദീവാളി എടുക്കുന്ന വിദ്വാൻ.

ധനം—ഇരുപതാം നൂറ്റാണ്ടിലെ നിരീശ്വരവാദികംകൂടി ആരാധിക്കുന്ന ഈശ്വരൻ; (അഥവാ) മനുഷ്യനെ ഏതു കാര്യത്തിനും യോഗ്യനും അർഹനും ആക്കുന്ന ഗുണവിശേഷം.

അസസ്സർമാർ—ഒരു തടവുകാരനെ വിചാരണ ചെയ്യാൻ കൂട്ടിലാക്കപ്പെട്ട അഞ്ചു തടവുകാർ.

മാപ്പുസാക്ഷി—തന്റെ കൂട്ടാളികളെക്കാളം അധികം നിന്ദ്യമായ കുറ്റം ചെയ്തതിനാൽ മാപ്പിന് അർഹനായിത്തീർന്നവൻ.

വിനയം—രഹസ്യസ്ഥലങ്ങളിൽ ആരും കാണാതെ വികസിക്കുന്ന മനോഹരപുഷ്പം.

വക്കീൽ—നിങ്ങളുടെ സ്വത്തുക്കളം നിങ്ങളുടെ വൈരികളുടെ കൈയ്യിൽനിന്നു രക്ഷിച്ചു സ്വന്തം കൈവശത്തിൽ വെക്കുന്ന പണ്ഡിതാഗ്രേസരൻ.

ന്യായം—കൊടതികളിൽ സാധാരണ ചെറിയ ഉദ്യോഗസ്ഥന്മാർ കീശയിലാക്കുന്ന ഒരു സാധനം.

പുതിയ പഴഞ്ചൊല്ലുകൾ.

(1) കടപ്പെട്ടം മെമ്പറായാൽ കടപ്പാടം മെമ്പർ തീർക്കം.

(2) പണമെറിഞ്ഞാൽ ആയിരം വോട്ട്.

(3) അച്ഛൻ സഭയിൽ കയറിയാൽ മകന്റെ തലയിൽ ഉദ്യോഗം വീഴുമോ?

(4) വോട്ടിന്നടുത്താലെ പെട്ടിയുടെ ഘനമറിയൂ.

(5) വോട്ട കിട്ടിയാൽ പോരേ? പണമെണ്ണുന്നതെന്തിന്?

(6) പണത്തെ കൊതിച്ചു വോട്ട കളഞ്ഞവനു പണവും ഇല്ല, വോട്ടും ഇല്ല.

(7) ഊട്ടുത്ത പട്ടരും വോട്ടുത്ത ഏജൻറും.

(8) ഉപ്പു പുളിക്കുലും വോട്ടർ ചതിക്കും.

(9) ഉള്ളതു പറഞ്ഞാൽ വോട്ടരും ചിരിക്കും.

(10) വോട്ടിനു മുമ്പും പൂട്ടിനു പിമ്പും.

(11) പണമില്ലാത്ത യോഗ്യനു വോട്ട കിട്ടിയാൽ മലനാട്ടിലെ കാക്ക മലയാളം പറയും.

(12) എന്നെ കണ്ടാൽ വോട്ട കുട്ടനു തോന്നുമോ?

(13) എംപ്രാന്റെ വോട്ടിനു വാരിയത്ത് അത്താഴം.

(14) വോട്ട പിടിക്കും ഏജൻറ് പെട്ടിയും പൊളിക്കും.

(15) വോട്ട കിട്ടാൻ ഇല്ലം പണയം വെച്ചാൽ വോട്ട കിട്ടാതെയും പോം, ഇല്ലം വിറ്റം പോം.

(16) എല്ലാ ഗർവും പെറവ; ഇനി വോട്ട ഗർഭമേ പെറേണ്ട.

വിദ്യാശാല—പരീക്ഷയിൽ തോല്പിക്കുണ്ടതു് എങ്ങിനെയാണെന്നു പണം കൊടുത്തു പരിശീലിക്കാനുള്ള ഒരു സ്ഥലം.

പണ്ഡിതർ—തനിക്ക് അറിഞ്ഞുകൂടാത്തതു മറ്റുള്ളവരെ പഠിപ്പിക്കാൻ ശമ്പളം കൊടുത്തു നിർബ്ബന്ധിക്കപ്പെടുന്ന ഒരു പാവം.

വജ്രസൂചി.

"നമഃ ശിവായ."

[ഏകദേശം ഒരു കാൽ നൂറ്റാണ്ടു മുമ്പു്, ഒരു ദിവസം,, ഒട്ടവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, ഒട്ടവിൽ ശങ്കരൻകുട്ടിമേനോൻ, കടത്തനാട്ടു കെ. ശങ്കരവാരിയർ, പരിയാടത്തു ഗോപാലമേനോൻ, കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് എന്നിവർ ഒരിടത്തു സമ്മേളിച്ചു. അവരുടെ സംഭാഷണവിഷയം അന്നത്തെ കവിതാലോകത്തിലെ ഏതാനും 'ഗോഷ്ടി'കളായിരുന്നു. ശീവൊള്ളി മുതലായ ഹാസ്യകവിതാവിദഗ്ധന്മാർ പാർവതിയെ 'പാറക്കുട്ടി'യെന്നും, പരമേശ്വരനെ 'ശങ്കു'വെന്നും മറ്റും അഭിസംബോധനംചെയ്തുകൊണ്ടെഴുതിയ കവിതകളെ അനുകരിച്ചു പലരും, മേശയ്ക്കിടിക്കുന്നതാണ് പ്രസംഗത്തിന്റെ യോഗ്യതയെന്നു തെറ്റിദ്ധരിച്ചു് എഴുന്നേറ്റു നിന്നു ഉടനെ മേശപ്പുറത്തു് ഒരിരുപത്തഞ്ചിടി ഇടിച്ചുകൊണ്ടു പ്രസംഗമാരംഭിച്ച വിദ്വാനെപ്പോലെ ഇത്തരം സംബോധനകളും ഫലിതം തൊട്ടുതെറിപ്പിക്കാത്ത കവിതകളിൽ കുത്തിച്ചെലുത്തിത്തുടങ്ങിയതിനെ പരിഹസിച്ചുകൊണ്ടു് ഒരു ലഘുസ്തുതി എല്ലാവരുംകൂടി നിർമ്മിക്കുവാൻ അവർ തീർച്ചപ്പെടുത്തി. അതുപ്രകാരം കവിവകുത്തിൽനിന്നു് കവിവകുത്തിലേക്കു് പകർന്നുകൊണ്ടു് കളിയാടിയ ഹാസസരസ്വതിയെയാണു് ചോടെ അവതരിപ്പിക്കുന്നതു്.]

നല്ലാർമണീതിലകമായിടുമിച്ചിരിക്കാ
യെല്ലാസമാന്തടൽ പകുത്തുകൊടുത്തൊരാണേ!
മല്ലാരിനാണതൊഴുമീച്ചിര! നീയൊഴിഞ്ഞി–
ന്നില്ലാരുമാശ്രയമെനിക്കറികെന്റെ ചങ്കു! 1

മറ്റൊന്നുമല്ല പരമേ! തവപാദഭക്തി
ചെറ്റൊന്നു വേണമിവ "നീവിഷയം" നശിപ്പാൻ
തെറ്റൊന്നു ഞാൻ പറകിലും തവചിത്തതാരിൽ
പ്പറ്റില്ലരോഷമൊരുലേശവുമെന്റെപാച്ചാ! 2

രക്ഷിച്ചിടായ്കയി! കരുത്തകഴുത്ത! നിന്നെ
വീക്ഷിക്കുവാൻ കഴിവെനിക്കു വരുത്തിടേണം
സൂക്ഷിച്ചു വേണ്ടവഴി നീ മഴകയ്യ! നോക്കി
രക്ഷിക്കുകാനമുകനുടെ നല്ലൊരച്ചാ! 3

വായ്ക്കുന്നമോദമൊടുമെൻകൃതികേട്ടു നീ, നന്നായ്ക്കുനുവീട! കുറെയൊന്നു കുണുങ്ങിടേണം
പൈക്കുട്ടവാഹന! രസേന സദാചെകുത്താൻ
മേയ്ക്കുന്ന നഞ്ഞുകുടിയാ! മടിയാതെ കാക്കുള! 4

യതിച്ചുതീക്കുകിതിലെപ്പിഴ കിട്ടുപെങ്ങാം
പതിതപമാന്ത വിലസുന്നരമോന്തതന്തേ!
സുസ്നിശ്ധപാമ്പുവള! നീത്തല! ചമ്മുണ്ട!
മൽസ്നിശ്ധകാവ്യമുടനേകുക, പച്ചതെണ്ടി! 5

ഇസ്തോത്രത്തമനുവാസരമുച്ചരിപ്പോ–
രസ്തോകനവ്യകവിതാവിഷയജ്ഞരാകും
അസ്തോദയങ്ങളിനനെന്നുവിടുന്നവന്നും
ശസ്തോരു കീർത്തിയുമവക്കിടിവാറു നിൽക്കും! 6

ചായ പതിവായും ധാരാളമായും കഴിക്കുന്നവനെ പ്ലേഗ്, കോളറ, "സഹി" പാതജ്വരം, തുള്ളൽപ്പനി—എന്നീ രോഗങ്ങളും ബാധിക്കുകയില്ലെന്ന് പ്രഖ്യാപനം ചെയ്യുന്ന ഒരു പരസ്യപ്പലക ചില തീവണ്ടിയാപ്പീസുകളിൽ ചായ വിൽക്കുന്ന സ്ഥലത്തു് കാണപ്പെടുന്നു.

പക്ഷെ പലേ തീവണ്ടിയാപ്പീസുകളിലും വിൽക്കപ്പെടുന്ന ചായയുടെ നിർമ്മാണരീതിയും രുചിയും ഓർക്കുമ്പോൾ, മേപ്പടി രോഗങ്ങളും ബാധിക്കുന്നത് അത്ര വലിയ ഒരു ആപത്തും ക്ലേശവുമാണെന്നു് തോന്നുന്നില്ല.

* * *

പറയുന്നതിന്നിടയ്ക്കു്, സ്വാർത്ഥപ്രതിപത്തികൊണ്ടു തന്നെയായിരിക്കണം നമ്മുടെ ഡോക്ടർമാർ ഈ പുതിയ രോഗനിവാരണമാർഗ്ഗത്തെപ്പറ്റി യാതൊന്നും മിണ്ടാത്തതു്!

പെൺകുട്ടികളുടെ ക്ലാസിൽ മിസ്സ്റസ് "മയ്യാഴ"യെക്കുറിച്ചു് പ്രസംഗിക്കുകയായിരുന്നു. അവർ ചോദിച്ചു: "പത്മാവതി ഒരു തീവണ്ടിമുറിയിൽ കയറുമ്പോൾ അവിടെ തനിച്ചിരിക്കുന്ന ഒരു പുരുഷൻ ഇറങ്ങി വേറൊരു മുറിയിൽ പോയി കയറിയാൽ അയാൾ കാണിക്കുന്ന മനോഭാവത്തിനു് എന്താണു് പേരു്?

പത്മാവതി: പേടി.

സൊള്ളൻ.

iv പരദ്രോഹസൊള്ള്.

പരദ്രോഹസൊള്ളിനെപ്പറ്റി എഴുതുവാൻ തുടങ്ങുമ്പോഴും, കള്ളിനെപ്പറ്റിയുള്ള നാരായണഗുരുസ്വാമികളുടെ സുപ്രസിദ്ധവാക്യമാണ എന്റെ ഓർമ്മയിൽ വരുന്നത്. പരദ്രോഹസൊള്ള് പറയുന്നവനും, കേട്ട് രസിക്കുന്നവനും, ആവർത്തിക്കുന്നവനും, വിശ്വസിക്കുന്നവനും ഒക്കെ നീചന്മാരാണ്. വളരെ സ്നേഹത്തിലിരിക്കുന്ന രണ്ടാളുകളെ തമ്മിൽത്തല്ലിക്കാൻ ദത്താത്രേയന്റെ വിദ്വേഷണതന്ത്രമൊന്നും വേണ്ട; ഒരൊറ്റ പരദ്രോഹസൊള്ളൻ രണ്ടു ദിവസം ശ്രമിച്ചാൽ മതി. അവനൊരു കഥ പാഞ്ഞുതീരുമ്പോഴെക്ക് അരഡസൻ ആളുകളുടെ നല്ലപേര്, "പട്ടടക്കു ഴിയിലാഹുതിപോലെ" ദഹിച്ചുകഴിഞ്ഞിട്ടുണ്ടായിരിക്കും. കുഞ്ചനെപ്പോലെ പത്തു വരിയിൽ പന്ത്രണ്ടു പേരെ പരിഹസിക്കുന്ന വൈഭവം ഫലിതക്കാരൻ മാത്രമാണവനെന്നു തെറ്റിദ്ധരിക്കരുത്; അവൻ ഒരുത്തിന്ന് ഒരു നഗരത്തിലെ മുഴുവൻ ആളുകളുടേയും കഥ കഴിക്കുവാൻ മാത്രം വിഷശക്തിയുള്ള, നാട്ടിലും കാട്ടിലും കാണപ്പെടാത്ത, ഒരു സർപ്പവിശേഷമാണ്. കാട്ടുമൂർക്കന്റെ വിരുതിയ പത്തിയെക്കാൾ, വാസ്തവത്തിൽ, എനിക്ക് അധികം ഭയങ്കരമായിത്തോന്നാറുള്ളത് പരദ്രോഹസൊള്ളന്റെ പച്ചച്ചിരിയാണ്. അവൻ പറയുന്നത് അല്പമൊരുത്തേക്കു ശ്രദ്ധിക്കുക:

"അല്ലാ, പറയുന്നതിന്നിടയ്ക്ക്, നിങ്ങടെ നമ്മുടെ രാമന്മേനോനെപ്പറ്റി വല്ല വിവരവും കേട്ടുവോ?.....കേട്ടില്ലെങ്കിൻ പോട്ടെ. ഞാനായിട്ട് അതു പറഞ്ഞുവെന്നു വേണ്ട. ആ വിദ്വാനറിഞ്ഞാൽ ഞാൻ സിദ്ധാന്തംകൊണ്ട് അതു പറഞ്ഞു പരത്തിയതാണെന്ന് പറയും. അല്ലെങ്കിൽത്തന്നെ അങ്ങിനെ പറയാൻ മടിച്ച പുള്ളിയൊന്നുമല്ല. എന്നെ കണ്ടുകൂടാ. പണ്ടേ ബഹു വൈരമാണ്. എനിക്ക് അങ്ങോട്ടൊന്നുമില്ല. പക്ഷെ അയാളം ഇങ്ങിനെ കുടുംബങ്ങൾക്കു ഒന്നും കൊടുക്കാതെ വരവു മുഴുവൻ താൻ തന്നെ അനുഭവിക്കുന്നത് തെറ്റാണെന്ന് ഞാനൊരിക്കൽ പറഞ്ഞുപോയിട്ടുണ്ട്. അതു മുതൽക്കാണ് എന്നോട് ദ്വേഷ്യം. എന്നാലും അയാളുടെ മരുമക്കളുടെ കൊള്ളരുതായ്മയാണ് എനിക്ക് അത്ഭുതവും വ്യസനവുമുണ്ടാക്കുന്നത്. അവക്കൊക്കെ അയാളെ വലിയ കാര്യമാണ്. ആ കൃഷ്ണമേനോനും മറ്റും വക്കീലായിരുന്നിട്ട് എന്താണ് കാര്യം! ഈ വിദ്വാൻ തറവാട്ടുവക ആദായം എടുത്ത് ശാപ്പിട്ടുന്നത് കൂടി മനസ്സിലാക്കാൻ കഴിയാത്ത ആ വിഡ്ഢി എങ്ങിനെയാണ് മറവുള്ളവരുടെ കേസ്സു നടത്തുക? പക്ഷെ അതൊക്കെ പൂജ്യമാണെന്നാണ് കേമ്പവി. പണത്തിന്റെ കാര്യത്തിലും വിശ്വസിച്ചുകൂടാത്തെ. ഇന്നാട്ടം ഒരു കക്ഷിയുടെ പണം പറ്റിപ്പോയതിനാൽ വലിയ തകരാറിലായെന്നു കേട്ടു. മറ്റാ ഉന്നടപ്പുകാരനുമാണത്രെ. പണം മുഴുവൻ ആ വഴിക്കു പോകുന്നതാണെന്നാണ് പ്രസ്താവം.....ഓ, ശരി. ഞാൻ രാമന്മേനവനെപ്പറ്റിയാണല്ലോ പറഞ്ഞുതുടങ്ങിയത്. അയാളെ ഇന്ന് വൈകുണ്ഠപ്രാപ്തി വാറണ്ടിൽ പിടിപ്പിച്ചുവെന്നു കേട്ടു. താമസമ്പത്ത അടച്ചു ഇട വാങ്ങിയിരിക്കുകയാണത്രെ. ആ വിഡ്ഢി കൃഷ്ണമേനോൻ പണത്തിന്നു പരക്കം പായുന്നുണ്ടെന്നും ആരോ പറഞ്ഞു. സ്വന്തം സ്വത്തൊക്കെ ഭാര്യയുടെയും മക്കളുടെയും പേരിലാക്കിയ മനുഷ്യനു വേണ്ടിയാണ് ആ വങ്കച്ചാര് നാടു മുഴുവൻ ഓടുന്നത്. ഒരു സമയം ഇവിടെയും എത്തുവാൻമതി. ഇതാ സൂക്ഷിക്കണേ! നമ്മം തമ്മിലുള്ള ലോഗ്യസ്ഥിതിക്ക് ഞാൻ പറയുന്നതാണ്. രാമൻമേനോൻ നിങ്ങളുടെ അളിയനും എന്തോ കൊടുക്കുവാനില്ലേ? എനിയധികം കാത്താൽ ഇരിമ്പു കുടിച്ച വെള്ളമായിരിക്കും. അവരൊക്കെ ഒരുപോലത്തെ കൂട്ടരാണ്. ഞാൻ നല്ലവണ്ണമറിയും. കൃഷ്ണമേനോന്റെ അനുജൻ ശങ്കരമേനോൻ,—ആ ശ്രീനികേതനം ബേങ്കിൽനിന്നു ഡയരക്ടർമാരിയാതെ തട്ടിയെടുത്ത പണംകൊണ്ട് ഈയെടെ ഒരു വീടെടുത്ത മാനേജരില്ലേ?—ആ മനുഷ്യൻ മദ്രാസിൽ എന്റെ കൂടെ വായിച്ചിരുന്നു.....ഇല്ലില്ല. ബി. ഏ. പാസ്സായിട്ടില്ല. പത്തോ പന്ത്രണ്ടോ കൊല്ലം പരീക്ഷക്കു പോയി. അതുയെ ഉള്ളു. എങ്ങിനെ പാസ്സാകുവാനാണ്? യൂറോപ്യൻ പെണ്ണുങ്ങളെ കൂട്ടിക്കൊണ്ടു പോയി സിനിമ കാണിക്കലായിരുന്നു മദ്രാസിൽ പ്രധാനജോലി. പി

സ്ഥിയും ബീരും കുടിച്ച വകയിൽ ഗ്രാൻറ് ഹോട്ടൽ മാനേജക്ക് മൂന്നൂറിൽ ചിലചാനം ഉറുപ്പിക കൊടുക്കുവാനുണ്ടായിരുന്നത്, ആയാളം കേസു കൊടുക്കുമെന്ന് പറഞ്ഞപ്പോളം, ഡോക്ടർ നാരാണൻ നമ്പ്യാരുടെ കാലുപിടിച്ച് കരഞ്ഞ് അയാളുടെ കയ്യിൽ തൽക്കാലം പണമില്ലാതിരുന്നതുകൊണ്ട് എടുത്തുകൊടുത്ത മിസ്സിസ് നമ്പ്യാരുടെ ചില പണ്ടങ്ങളം വിറ്റിട്ടാണ് തീർത്തത്. അതിൽ ഒരു ഉരഞ്ഞ മുക്കാൽ ഡോക്ടർ നമ്പ്യാർ എനിയും കണ്ടിട്ടില്ല. പക്ഷെ ആയാളംക്കതു പറണം. കുടി നിമിത്തമുണ്ടായ ലോഗ്യമാലോചിച്ച് പണമെടുത്തുകൊടുത്തതാണ്. എൻെറ ഈശ്വരാ! അതെന്തൊരു കേസായിത്തീർന്നു! പണ്ടം തിരിച്ചുകിട്ടാതിരുന്നപ്പോളം ഡോക്ടക്ക് വീട്ടിൽ ഇരിക്കപ്പൊറുതിയില്ലാതായി. ഒരു ദിവസം ഭാര്യ അയാളെ വാക്കോറം മൂത്ത് ഒരു വാച്ചെടുത്ത് എറിഞ്ഞതുകൊണ്ട് നെറ്റി മുറിഞ്ഞ് രക്തപ്രളയമായിപ്പോയി. ഹ, ആ സ്ത്രീ ബ്രഹ്മരാക്ഷസിയാണ്.....”

ഇതാണ് പരദ്രോഹസൊള്ളൻെറ മട്ട്. അവൻ ഇങ്ങിനെ, നിൽക്കാതെ, നിങ്ങളം കേളം ക്കുവാൻ ഒരുക്കമുണ്ടെങ്കിൽ, നാലഹോരാത്രം പറയും. ആരുടെ പേരു പറഞ്ഞാലും അയാളുടെ എതിരായി ഒരു കഥയെങ്കിലും ആ വിഷജീവിയുടെ സ്റ്റോക്കിലുണ്ടായിരിക്കും. ആയിരമാളകളം പറഞ്ഞു പെരുപ്പിച്ച അപവാദങ്ങൾക്ക് ഒന്നുകൂടി മൂച്ചുകൂട്ടി താൻ നേരിട്ട് കണ്ടറിഞ്ഞപോലെയാണ് അവൻ അവതരിപ്പിക്കുക. നിങ്ങളം ലോകത്തിലേക്ക്വെച്ച് അറം തെമ്മാടിയെ വീട്ടിൽ കടത്തിയാലും പരദ്രോഹസൊള്ളനെ കടത്തരുത്. അവൻെറ ശ്വാസം തട്ടിയെടം കരിയും; അവൻ കാലെടുത്തുവെച്ചെടം മുടിയും.

V ആത്മപ്രശംസാ സൊള്ള്.

സൂക്ഷ്മമായി ആലോചിക്കുകയാണെങ്കിൽ, ലോകം വെറുക്കുകയും അകറ്റുകയും ചെയ്യേണ്ടത് പരദ്രോഹസൊള്ളന്മാരെയാണെങ്കിലും, സാർവത്രികമായ വെറുപ്പും, പുച്ഛവും സമ്പാദിക്കുന്നത് ആത്മപ്രശംസാസൊള്ളന്മാരാണ്. പരദ്രോഹസൊള്ളന്മാരെ മറ്റ് പരദ്രോഹസൊള്ളന്മാരെങ്കിലും സൽകരിച്ചിരുത്തി സൊള്ളപറയിക്കും; പക്ഷെ ആത്മപ്രശംസാസൊള്ളന്മാരെ ആത്മപ്രശംസാസൊള്ളന്മാർക്കുടി ഇഷ്ടപ്പെടുന്നില്ല. തങ്ങളുടെ ബുദ്ധിയും, യുക്തിയും, ശക്തിയും, പ്രതാപവും, സാമർത്ഥ്യവും, ജനസ്വാധീനതയും, ഉശിരും, പൂണയും, മഹിമയും, ഈശിതവും, വശിതവും, പ്രാപ്തിയും, പ്രാകാശ്യവും തെളിയിക്കുന്ന കഥകളം അവരുടെ ഓരോ രോമകൂപത്തിൽക്കുടിയും പുറത്തേക്കു ചാടുവാൻ ശ്രമിക്കുന്നതുപോലെ തോന്നും. ദൈവം അവക്ക് ഒരു നാവുതന്നെ കൊടുത്തതിനെപ്പററി നിങ്ങളം വ്യസനിക്കുമ്പോളം, ആയിരം നാവു കിട്ടിയില്ലല്ലോ എന്നു വിചാരിച്ചാണ് അവർ ഉഴിക്കുക. അനുസരണപല്ലവികളോടും അഭിനന്ദനാഭാവത്തോടുംകുടി മൂന്നും നാലും മണിക്കൂറനേരം അവരുടെ കഴുതക്കരച്ചൽ കേട്ടിരിക്കുവാൻ കഴിയുന്ന അപൂർവസൃഷ്ടികളാണ് അവരുടെ ഏററവും വലിയ സ്നേഹിതന്മാരെന്ന് പരിശോധിച്ചാലറിയാം. തങ്ങളുടെ കഥകളിൽ അവിശ്വാസമോ, നീരസമോ പ്രദർശിപ്പിക്കുന്നവരെക്കുറിച്ച് ഈ വിദ്വാന്മാക്ക് കഠിനവിദ്വേഷവുമായിരിക്കും. എന്തെല്ലാം ദ്രോഹം നിങ്ങളവക്കു ചെയ്താലും, അവരുടെ“ഞാൻ—ഞാൻ—കഥകം” കേട്ട് വിശ്വാസവും അഭിനന്ദനവും അഭിനയിക്കുവാൻ നിങ്ങളം ഒരുക്കമാണെങ്കിൽ അവർ സസന്തോഷം നിങ്ങളെ മാപ്പാക്കും. ആത്മപ്രശംസാലഹരി തലയ്ക്കു കയറിയ സൊള്ളന്ന് അങ്ങിനെ മിണ്ടാതെ തല കുലുക്കുവാൻ സാധിക്കുന്ന ഒരാളെ കിട്ടിയാലുള്ള ആനന്ദവും, കൃതാർത്ഥതയും ഒന്നു വേറെ തന്നെയാണ്.

ആത്മനിന്ദം നോക്കിയാണ് ഈ സൊള്ളന്മാർ തങ്ങളുടെ സൊള്ളിൻെറ അളവുപാത്രം തിരഞ്ഞെടുക്കുക. വിദ്യാഭ്യാസവും ലോകപരിചയവും വളരെയൊന്നും സിദ്ധിച്ചിട്ടില്ലാത്ത സ്ത്രീകളം, നാട്ടുപുറക്കാർ, കുട്ടികളം മുതലായവക്ക് പറ കൊണ്ടുതന്നെയാണ് അളവ്; അവരെ ‘ഓഡിയ’നായി കിട്ടിയാലാണ് എ. പി. സൊള്ളൻെറ വിശ്വരൂപം വെളിപ്പെടുക. അവരുടെ നടുവിൽ രണ്ടും മൂന്നും മണിക്കൂറ കഴിച്ചതിനുശേഷം മനസ്സില്ലാ മനസ്സോടെ വിട്ടുപിരിയുന്ന ആത്മപ്രശംസാസൊള്ളൻെറ മുഖത്ത്, വാരസ്സ്യ കഴിഞ്ഞ് കൈയും മടക്കി വരുന്ന സാപ്പാ

ട്ടിരാമൻ നമ്പൂതിരിയുടെയും, ബ്രഹ്മനിർവാണം സിദ്ധിച്ച യോഗിയുടെയും മുഖത്തുമാത്രം കാണപ്പെടാവുന്ന ഒരു ആത്മസംതൃപ്തി പരിലസിക്കുന്നതു കാണാം.

പക്ഷെ സ്ത്രീകളെ സംബന്ധിച്ച മാത്രമാണ് ഇവക്ക് വലിയ തെറ്റു പറ്റിപ്പോകുന്നത്. ബുദ്ധിയുള്ള ഏതു പെണ്ണിനും, അവരം എത്ര ലോകപരിചയമില്ലാത്തവളാണെങ്കിലും, പുരുഷന്മാരുടെ സൊള്ളിലുള്ള നേരിനെ കളവിൽനിന്ന്, വെളുപ്പിനെ കറുപ്പിൽ നിന്നെന്നപോലെ, വേർതിരിച്ചെടുക്കുവാനുള്ള ഒരു ശക്തി പ്രകൃതി കൊടുത്തിട്ടുണ്ടെന്നു കഥ ഈ പാവങ്ങൾ അറിയുന്നേയില്ല. നിങ്ങളോ ഞാനോ (നമ്മുടെ ശുദ്ധതകൊണ്ട്) വിശ്വസിച്ചേക്കാവുന്ന ഒരു ആത്മപ്രശംസക്കാരന്റെ സൊള്ള്, നമ്മുടെ ലോകപരിചയത്തിന്റെ ശതാംശം പോലുമില്ലാത്ത സമർത്ഥകം കേട്ട ഉടനെ, അവിശ്വാസത്തിന്റെ നേരിയ ഒരു ലാഞ്ഛനപോലും മുഖത്തു കാണിക്കാതെ, പ്രത്യക്ഷ വ്യാജങ്ങൾ സൂക്ഷിക്കുന്ന മനസ്സിലെ ചവറു കൊട്ടയിൽ, "അതെയോ?" എന്ന ഒരു കിളിക്കൊഞ്ചലോടുകൂടി നിക്ഷേപിക്കുന്നതു കാണാം. താൻ കേൾക്കുന്നതു മുഴുവൻ ഉള്ളു പൊള്ളയായ വെറും ഭള്ളും സൊള്ളുമാണെന്ന് പൂർണ്ണമായി അറിഞ്ഞുകൊണ്ടും, അത് പുറത്തേക്കു കാണിക്കുവാനോ, അവിടെ നിന്നോടിപ്പോകുവാനോ നിവൃത്തിയില്ലാതെയും, ആത്മപ്രശംസാസൊള്ളന്മാരുടെ കൂടെ കുറച്ചു സമയമെങ്കിലും ചെലവാക്കേണ്ടി വരുന്നവന്റെ കഷ്ടപ്പാടിന്റെ ആഴവും ,പരപ്പും അനുഭവിച്ചവനേ അറിയൂ. ആജീവനാന്തം നിൽക്കാതെ ശബ്ദം പുറപ്പെടുവിക്കുന്ന അത്തരം അലാറം ടൈംപീസ്സുകളുടെ ഭാഗ്യമാരായിരിക്കുവാൻ മാത്രം നിർഭാഗ്യം സിദ്ധിച്ച മഹിളകളെപ്പറ്റി ആലോചിക്കുമ്പോളൊക്കെ എനിക്ക്, വെറും സഹാനുഭൂതികൊണ്ട്, നെഞ്ഞിടിപ്പു വന്നുപോകാറുണ്ട്.

സുപ്രസിദ്ധമായ ശീലവതിക്കേസ്സിനെപ്പറ്റി രണ്ടുവാക്കു പറയാനുള്ള ഘട്ടം ഇതാണ്. ഉഗ്രതപസ്സു കുഷ്ഠരോഗിയായിരുന്നു; മഹാ കുശീലനായിരുന്നു; ഓർഡിനൻസുരേണത്തിലും ലാത്തിപ്രയോഗത്തിലും പൂർണ്ണമായി വിശ്വസിച്ച ഒരു മഹാമനുഷ്യനായിരുന്നു; ഇതൊന്നും പോരാഞ്ഞിട്ട് ഒരു വേശ്യപ്പെണ്ണിൽ അനുരക്തനുമായിരുന്നു. ഇതെല്ലാമായിട്ടും ശീലവതി അചഞ്ചലമായ പാതിവ്രത്യം കാണിച്ചതിനെപ്പറ്റി, "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ എത്ര സ്ത്രീകളും പുരുഷന്മാരുമാണ് അത്ഭുതപ്പെട്ടത്! അതിൽ അത്ഭുതപ്പെടുവാനൊന്നുമില്ലെന്നാണ് ഞാൻ പറയുന്നത്. ഉഗ്രതപസ്സ് ഒരാത്മപ്രശംസാസൊള്ളനായിരുന്നുവെന്ന് ശീലവതിയുടെ ചരിത്രങ്ങളിൽ ഒരേടത്തും—ഉഗ്രതപസ്സിന്റെ പേരിൽ ഏറ്റവും വലിയ ചാർജ്ഷീറ്റ് തയാറാക്കിയ കുഞ്ചന്റെ കൃതിയിൽക്കൂടി—പറഞ്ഞുകാണുന്നില്ല. ആ ഒരൊറ്റ മഹാഗുണം ഇല്ലാത്തേടത്ത്, ഉഗ്രതപസ്സിന്റെ ദോഷങ്ങൾ മാത്രമല്ല വേറെയും ഒരു നൂറെണ്ണമുണ്ടായിരുന്നാലും, പാതിവ്രത്യം സൂക്ഷിക്കുന്നത് ഇമ്പീരിയൽ ബേങ്കിൽ പണം സൂക്ഷിക്കുന്നതിനെക്കാൾ എളുപ്പമാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടാണ് ആരെന്തുതന്നെ പറഞ്ഞാലും ശീലവതിയുടെ പാതിവ്രത്യത്തിന്ന് പാസ്മാക്കില്ലാതെ, ഡിസ്റ്റിങ്ഷൻമാക്ക് ഞാൻ കൊടുക്കാത്തത്. ശീലവതി ഒരു എ. പി. സൊള്ളന്റെ ഭാര്യയായിരിക്കേണ്ടിയിരുന്നു!.....

അവന്റെ സൊള്ളിന്റെ സാമ്പിളോ? അതു അപ്പടി ചേർക്കുവാൻ ഉദ്ദ്യമിക്കുവും, ചേർത്തിട്ട് പ്രയോജനമില്ലാത്തതുമാണ്. പക്ഷെ ഒരു കാര്യം പറയാം. നിങ്ങൾ ബ്രഹ്മാണ്ഡത്തിലുള്ള ഏതു വിഷയത്തെപ്പറ്റി സംസാരിച്ചുതുടങ്ങിയാലും രണ്ടേ രണ്ടു മിനുട്ടുകൊണ്ട് അവൻ സംഭാഷണത്തെ പിടിച്ച് തിരിച്ച് ആത്മപ്രശംസയിൽ കടത്തി അതിലൂടെ നിർത്താതെ ഓടിക്കും. അക്കാര്യത്തിൽ അവന്റെ പാടവം നോക്കി അത്ഭുതപ്പെടുകയും അഭിനന്ദിക്കുകയും ചെയ്യേണ്ടതുതന്നെയാണ്. ഇത് അവന്ന് ജന്മനാ ഉള്ളതോ, അതല്ല, പരിശീലനം കൊണ്ട് അവൻ സമ്പാദിച്ചതോ എന്നൊന്നിക്ക് പറയുവാൻ സാധിക്കുകയില്ല.

ഞാൻ ഈ വിഷയത്തിൽ കുറെ ഗവേഷണം നടത്തിയിട്ടുണ്ട്. ഒരു ദിവസം ഞാൻ ഈ ക്ലാസിൽപ്പെട്ട ഒരു ജന്തുവിന്റെ കൂടെ ആറുമണിക്കൂറുനേരം നീണ്ടുനിന്ന ഒരു തീവണ്ടിയാത്ര ചെയ്യേണ്ടിവന്നു. പ്ലാറ്റ്ഫോറത്തിൽനിന്ന് ആളെ കണ്ട ഉടനെ ഞാൻ ഒഴിഞ്ഞുമാറുവാൻ വളരെ ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. എനി

ആറു മണിക്കൂറനേരം പളപളായമാനമായി ഒഴുകുന്ന വൃത്തികെട്ട, ഒരു ആത്മപ്രശംസാധാരയിൽ ഞാൻ കിടന്നു കഷ്ടപ്പെടേണ്ടിവരുമെന്നറിഞ്ഞുകൊണ്ട്, അതിൽ നിന്ന് രക്ഷപ്പെടുവാൻ ഞാൻ ഒരുപായം ആലോചിച്ചു. ഞാൻ "ഒറോറാ ബോറിയാലിസ്" എന്ന ഉത്തരധ്രുവദീപ്തിയെപ്പറ്റി സംഭാഷണം ആരംഭിച്ചു. ആ പിച്ചിലന്റെ പരാക്രമങ്ങളും (അവ എത്രതന്നെയായിരുന്നാലും) ധ്രുവദീപ്തിയും തമ്മിൽ യാതൊരു ബന്ധവും അത്ര പെട്ടെന്ന് അവന്ന് കണ്ടുപിടിക്കുവാൻ കഴിയുകയില്ലെന്നാണ് ഞാൻ വിചാരിച്ചുപോയത്.

പ്രസ്തദീപ്തിയെപ്പറ്റി ഞാൻ മൂന്നു മിനുട്ടേ സംസാരിച്ചുള്ളൂ. അതിലിടക്കുതന്നെ പലവട്ടവും നമ്മുടെ എ. പി. എസ്. എന്നെത്തടയുവാൻ ശ്രമിച്ചു. ഒടുക്കം, പ്രകൃതിശാസ്ത്രത്തിന്റെ ഗന്ധംപോലുമില്ലാത്ത ഈ ജീവിക്ക് എന്താണ് ഇതിനെപ്പറ്റി പറയുവാനുണ്ടായിരിക്കുക എന്നറിയുവാനുള്ള ജിജ്ഞാസകൊണ്ടു മാത്രം, ഞാൻ സംസാരത്തെ ആ മഹാപാപിയുടെ കയ്യിൽ ഏല്പിച്ചു.

സുന്ദരയ്യൻ പറഞ്ഞപോലെ, "പറഞ്ഞു! വേലു പാറിഞ്ഞു!"

എ. പി. എസ്സ്. പറഞ്ഞു: "ഒറോറ..... എന്തായിരുന്നു?...അതിനെപ്പറ്റി പറയുമ്പോൾ എനിക്ക് പണ്ട് മദ്രാസിൽ വെച്ചുണ്ടായ ഒരു സംഭവം ഓർമ്മവരുന്നു. ഞാൻ ഒരു സയൻസ് ഗ്രാഡുവേറാണെന്നു വിചാരിച്ച് പ്രസിഡൻസി കോളേജിലെ സയൻസ് അസോസിയേഷൻകാർ എന്നെ അവരുടെ ഒരുയോഗത്തിൽ അധ്യക്ഷനായി ക്ഷണിച്ചു. എനിക്കിങ്ങു വല്ല സയൻസും അറിയാമോ? പണ്ട് ഹൈസ്കൂളിൽ വെച്ച് സയൻസ് വിട്ടതാണ്. പക്ഷെ എലിമെന്ററി സയൻസിൽ ഞാൻ എപ്പോഴും ക്ലാസിൽ ഒന്നാമൻ തന്നെയായിരുന്നു. വെങ്കിടേശ്വരയ്യരായിരുന്നു അന്നു ഞങ്ങളുടെ ഹൈസ്കൂളിൽ ടീച്ചർ. അയാൾ പല ദിവസവും "കഷ്ടം, ഇത്ര ബുദ്ധിയും സയൻസിൽ വാസനയുമുള്ള കുട്ടിയെക്കൊണ്ട് നിങ്ങൾ വെറുതെ ഹിസ്റ്ററി എടുപ്പിച്ചുവല്ലോ!" എന്നു് അമ്മാമനോടു വന്നു ആവലാതി പറയാറുണ്ട്. ഹിസ്റ്ററിയിൽ മാർക്കു മോശമായിപ്പോയാൽ കാരണവർ ശുണ്ഠിയെടുക്കുമെന്നു് എനിക്ക് കലശലായ ഭയമുണ്ടായിരുന്നു. പക്ഷെ ആരുടെയോ ഭാഗ്യത്തിന്നു് സ്കൂൾഫൈനൽപരീക്ഷയിൽ ഹിസ്റ്ററിയിൽ എഴുപത്തേഴു മാർക്കു് കിട്ടി. അക്കൊല്ലം പ്രസിഡൻസി ഏവറേജ് ഇരുപത്താറായിരുന്നു! അല്ലെങ്കിൽ ഞാനെന്തെങ്കിലും വായിച്ചിട്ടാണോ? പരീക്ഷക്കു തലേദിവസം ക്ലാസ്സ്നോട്സ് ഒന്നെടുത്ത് തിരിച്ചും മറിച്ചും നോക്കി. അത്ര തന്നെ. തോല്ക്കുമെന്നു തീച്ചപ്പെടുത്തീട്ടാണ് ഞാൻ ഹാളിലേക്ക് പോയത്....."

"ഈ ധ്രുവദീപ്തിയുടെ മറ്റൊരു വിശേഷം ....."ഞാൻ ഒരു ധീരശ്രമംകൂടി ചെയ്തു നോക്കി. എവിടെ? എ. പി. ലഹരിപിടിച്ചു കരഞ്ഞുതുടങ്ങിയ കഴുതയെ നിർത്തുവാൻ ശ്രമിക്കുന്നതിലും ഭേദം നയാഗറ നിർഝരത്തിന്റെ ഒത്തമുകളിൽ അണകെട്ടുകയാണ്! ആ വിദ്വാൻ എന്നെ തുടരുവാൻ സമ്മതിച്ചില്ല.

"ഇശ്—ശ്—എന്നിട്ടു, കേൾക്കു. ഞാൻ ആ മദ്രാസിലെ കഥ പറയട്ടെ. എന്നെ ക്ഷണിച്ചു. ഞാൻ പോയി. ഞാൻ കള്ളിയൊന്നും മിണ്ടിയില്ല. വലിയ ഘനത്തിലിരുന്നു, അല്ലെങ്കിൽ, പ്രാസംഗികൻ ആരാണെന്നറിയാമോ? സർ.....ൻ! അദ്ദേഹം ഒരു മണിക്കൂറനേരം പ്രസംഗിച്ചു. ഞാൻ ഉപസംഹാരപ്രസംഗത്തിന്നെഴുനേറ്റനിന്നു. ഒരു മണിക്കൂറും പതിനഞ്ചുമിനുട്ടുമാണ് ഞാൻ അന്നു സംസാരിച്ചത്. എന്റെ ഇഷ്ടാ, എന്തൊക്കെയാണ് പറഞ്ഞതെന്ന് എനിക്ക് തന്നെ ഇപ്പോഴും ഓർമ്മയില്ല. ആളുകൾക്കു അനവധി പ്രാവശ്യം കൈകൊട്ടി. സർ.....ൻ പ്രസംഗം കഴിയുന്നതുവരെ മരത്തിന്മേൽ നിന്നു വീണു തിരിച്ചുവന്നപ്പോലെ എന്നെത്തന്നെ നോക്കിക്കൊണ്ടിരുന്നു. സർ.....ന്റെ അനേകം വാദങ്ങളെ ഞാൻ ഖണ്ഡിച്ചു. എന്റെ അന്നത്തെ ധൈര്യത്തെപ്പറ്റി വിചാരിക്കുമ്പോൾ എനിക്ക് ഇന്ന് അത്ഭുതം തോന്നുന്നു. യോഗം കഴിഞ്ഞ ഉടനെ, "നിങ്ങളുടെ സയൻസ് പ്രൊഫസർ ആരായിരുന്നു?" എന്ന് സർ.....ൻ ചോദിച്ചു. "ഞാൻ ഫിലോസഫി ബി. എ. യാണ്!" എന്ന് ഞാൻ മറുപടി പറഞ്ഞു. "അത്ഭുതം!" എന്നാ ഒരൊറ്റ വാക്കാണ് സർ.....ൻ പറഞ്ഞത്. അതിന്നു ശേഷം അധ്യക്ഷനാരാണെന്ന് മുൻകൂട്ടി അറിയാതെ ഒരു ദിക്കിലും സർ.....ൻ പ്രസംഗിക്കാൻ പോകാറില്ലത്രെ. മൂപ്പുക്ക് ശങ്കയായിപ്പോയി....."

നിങ്ങടെ എന്റെ കഥ ആലോചിച്ചു നോക്കിൻ. ഞാൻ എന്തു ചെയ്യാനാണ്? ഇരുപത്തഞ്ചു മൈൽ സ്പീഡിലാണ് വണ്ടി ഓടുന്നത്. വാതിൽ തുറന്ന് പുറത്തേക്കു ചാടിയാൽ മരണം തീച്ച. അര സെക്കൻറ നേരത്തെ പഴുതു കിട്ടുമ്പോഴും ഞാൻ അതിൽക്കൂടി ചാടിക്കയറി വിഷയം മാറുവാൻ ശ്രമിക്കും. അങ്ങിനെ സംഭാഷണത്തെ അഖിലരാഷ്ട്രസഖ്യത്തിലേക്കും, കോൺഗ്രസ്സിന്റെ ഭാവിപരിപാടിയിലേക്കും, ചൈനയിലെ സോവിയറ് അതിർത്തിക്കഴപ്പത്തിലേക്കും, ഈഴവരുടെ മതപരിവർത്തനാധിരംഭത്തിലേക്കും, സാഹിത്യവിപ്ലവത്തിലേക്കും, ശാങ്കരഭാഷ്യത്തിലേക്കും, പരിണാമവാദത്തിലേക്കും തിരിക്കുവാൻ ഞാൻ ശ്രമിച്ചുനോക്കി.

ഫലമുണ്ടായില്ല. ഏതു വഴിക്ക് എങ്ങിനെ തിരിഞ്ഞാലും പത്തടി നടക്കുന്നതിനു മുമ്പ് ആ വഷളൻ "ഞാൻ—" എന്നും പറഞ്ഞ് ചാടി വീഴും. ഞാൻ അങ്ങിനെ പറഞ്ഞു; ഞാൻ ഇങ്ങിനെ ചെയ്തു; ഞാൻ മദ്രാസിൽ ചെല്ലുമ്പോൾ—; ഞാൻ ബോമ്പായിക്കു പോകുമ്പോൾ—; ഞാൻ മൈസൂരിൽ താമസിക്കുമ്പോൾ—; ഞാൻ വിട്ടില്ല; ഉടനെ എനിക്ക് ഒരുപായം തോന്നി; മറെറയാൾ അങ്ങിനെ പറഞ്ഞപ്പോൾ ഞാൻ അതു തെറ്റാണെന്നു പറഞ്ഞു; ഞാൻ പറഞ്ഞതു ശരിയായി; ഞാൻ വിചാരിച്ചതു പോലെയാണ് സംഭവമുണ്ടായത്.....ഞാൻ, ഞാൻ, ഞാൻ, ഞാൻ! എന്റെ കൊട്ടങ്ങല്ലൂർ ഭഗവതി! ഈയുള്ളവൻ ക്ഷീണിച്ചു വിശന്നു ശ്വാസംമുട്ടിക്കഴഞ്ഞിപ്പോയി.

അയ്യോ, അവരോട് നിവൃത്തിയില്ല. അവരിൽച്ചിലരെ ഒഴിച്ചു മാറുവാൻവേണ്ടി ഞാൻ ചിലപ്പോൾ രണ്ടും മൂന്നും നാഴിക വഴി വളച്ചുപോകാറുണ്ട്. കണ്ടു മുട്ടിപ്പോയാൽ എത്ര തിരക്കുണ്ടെന്നു പറഞ്ഞാലും അവർ വിടുകയില്ല. നിങ്ങളുടെ തിരക്കൊക്കെ അവക്ക് പുല്ലാണ്. "ജഗദീശ്വര! അവിടുന്ന് എന്നെ കരിമ്പുലിയുടേയോ, കാട്ടാനയുടേയോ വഴിക്കു നിർത്തിയാൽ ഞാൻ, അവിടുത്തെ കൃപയുണ്ടെങ്കിൽ, എങ്ങിനെയെങ്കിലും രക്ഷപ്പെട്ടുകൊള്ളാം. ഇല്ലെങ്കിൽ, മരിക്കുവാനൊരുങ്ങിക്കൊള്ളാം. പക്ഷെ എന്നെ, മരണത്തിൽക്കൂടി മോചനം തേടുവാൻ നിവൃത്തിയില്ലാത്ത വിധത്തിൽ, ആത്മപ്രശംസാസൊള്ളന്റെ വഴിക്കു നിർത്തല്ലേ!" എന്ന് ഞാൻ ഇടയ്ക്കൊക്കെ പ്രാർത്ഥിക്കാറുണ്ട്. അത്ര ഭയങ്കരബോറനാണ് ആ ജീവി.

വക്കീൽ: (കക്ഷിയോട്) നമ്മുടെ കേസ്സ് പൊളിഞ്ഞുപോകുമെന്നാണ് തോന്നുന്നത്. സാക്ഷികളുടെ കാര്യം മഹാ അപകടം.

കക്ഷി: മജിസ്ട്രേട്ടിനു വല്ലതും കൈമടക്കിയാലൊ?

വക്കീൽ: എടോ, തനിക്കു ഭ്രാന്താണ്. ഒന്നാമത് ഇപ്പോഴത്തെ മജിസ്ട്രേട്ടുമാർ തന്നെ ചുരുങ്ങും. നമ്മുടെ മൂപ്പക്കാണെങ്കിൽ കൈക്കൂലി കൊണ്ടുവരാൻ ശ്രമിക്കാൻ ആലോചിക്കാൻ ആരെങ്കിലും ഭാവിക്കുന്നുണ്ടെന്നു വിവരം കിട്ടിപ്പോയാൽ അവന്റെ കാര്യം, നോർട്ടൻ സായ്പ്തന്നെ അവതരിച്ചു വാദിച്ചാലും തുലഞ്ഞു.....

.....ദിവസം കുറച്ചു കഴിഞ്ഞു. കേസ്സു വസാനിച്ചു. വക്കീലിന്റെ കക്ഷി ജയിച്ചു.

വക്കീൽ: കണ്ടോ? നമ്മൾ ജയിച്ചില്ലേ? ഭാഗ്യംകൊണ്ടു ജയിച്ചതാണ്. കേസ്സിന്ന് ശക്തിയൊന്നും ഉണ്ടായിരുന്നില്ല. പക്ഷെ അന്ന് താൻ വല്ല വിസ്തിത്തവും ചെയ്തിരുന്നെങ്കിലോ?

കക്ഷി: അവിടുന്ന് എന്തറിഞ്ഞു? കൈക്കൂലി കൊണ്ടുതന്നെയാണ് കേസ്സ് ജയിച്ചത്. ഞാൻ കുറെ സാമാനങ്ങൾ വാങ്ങി മജിസ്ട്രേട്ടിന്റെ വീട്ടിലേക്കയച്ചു. എതിർകക്ഷി അയച്ചതാണെന്നു പറയാൻ കൂലിക്കാരനെ ശട്ടം ചെയ്കയും ചെയ്തു. അവന്ന് കുറെ ശകാരം കിട്ടി. എനിക്കു സാമാനവും തിരിച്ചു കിട്ടി. നമ്മൾ കേസ്സും ജയിച്ചു.

* * *

മാസ്റ്റർ:—ചൂട് അധികമാകുമ്പോൾ വലുതാവുകയും, ചൂട് കുറയുമ്പോൾ ചുരുങ്ങുകയും ചെയ്യുന്ന ഒരു സാധനത്തിന്റെ പേരു പറയൂ!

ഒരു കുട്ടി:—ഞാൻ പറയാം, സർ! ശീലക്കുട.

ബോറന്റെ കത്ത്,

അഥവാ,

സായ്പിന്റെ കഥ.

പ്രിയപ്പെട്ട പി. എസ്.,

ഞാൻ തനിക്ക് നീണ്ട, നീണ്ട ഒരെഴുത്ത് എഴുതുവാൻ ഭാവിക്കുകയാണ്. ഇത് 'എഴുത്തുപെട്ടി'യിൽ കൊള്ളുകയില്ലെങ്കിൽ, പുറത്തെവിടെയെങ്കിലും ഇട്ടാൽ മതി. അവിടെയും എവിടെയും പറകയില്ലെങ്കിൽ, വായിച്ചുതിന്നശേഷം (അതു പ്രധാനമാണേ!) ചീന്തിച്ചുരുട്ടി ചവറുകൊട്ടയുടെ വായിലേക്കെറിഞ്ഞേക്കണം. എങ്ങായാലും ചില കാര്യങ്ങൾ തങ്ങളവൻ അറിഞ്ഞിരിക്കണം; എനിക്ക് അതിയായ ആഗ്രഹമുള്ളതു.

പി. എസ്സേ., തനിക്ക് നല്ല സ്നേഹം, വെള്ളം കൂട്ടാത്ത ലോകോപകാരികളെ കാണണമെന്നുണ്ടോ? [ഇല്ല; സലാം!—പി. എസ്സ്.] ഉണ്ടെങ്കിൽ താൻ കോഴിക്കോട് മുതലായ നഗരങ്ങളിൽ ചുറ്റിത്തിരിയുകയല്ല വേണ്ടതു. നാട്ടിൻപുറങ്ങളിലേക്കും ഇടയ്ക്കൊരു സക്കീട്ടുവെക്കണം. യഥാർത്ഥചിന്തകന്മാർ, ഏ—വൺ ത്യാഗികൾ, കാണാത്തതു വിശ്വസിക്കരുതെന്നും, മനസ്സിലാകാത്തതു നിഷേധിക്കണമെന്നും ഉപദേശിച്ചു നടക്കുന്ന യുക്തിവാദികൾ, സാമുദായിക വിപ്ലവക്കാർ, രാഷ്ട്രീയവിപ്ലവക്കാർ, സാഹിത്യവിപ്ലവക്കാർ, ശ്രുതിവിപ്ലവക്കാർ, ഗ്രാമോദ്ധാരകന്മാർ, ഹരിജനോദ്ധാരകന്മാർ, കണ്ണിൽകണ്ടതിന്റെയൊക്കെ ഉദ്ധാരകന്മാർ, സ്ഥിതിസമതാവാദികൾ, ഗതിസമതാവാദികൾ, സർവസമതാവാദികൾ, ഇവരുടെയൊക്കെ പ്രതിവാദികൾ, തൊഴിലില്ലാത്തവരുടെ തല്ലാളികൾ, പട്ടിണിക്കാരെ പിടിച്ചുവലിക്കുന്നവർ, ഇങ്ങിനെ എണ്ണിയാലൊടുങ്ങാത്ത പൊതുപ്രവർത്തകന്മാരും, പൊതുചിന്തകന്മാരും, പൊതുഭാഷകന്മാരും, ഇടവപ്പാതിക്കുശേഷം വളമണ്ണിൽ അപ്പുയും, ഉന്നയും, മുക്കുറ്റിയും, മുത്തങ്ങയും, പൂവാങ്കുന്തലയും, വിപ്പുടവും, തൊട്ടാവാടിയും, ഞെട്ടാഞെടുങ്ങയും, ലൊട്ടും, ലൊടുക്കുംപോലെ പൊടിച്ചുവളരുന്ന തിങ്ങിപ്പുടന്ന കാടുകെട്ടിക്കിടക്കുന്നതു ഇതാ, ഞാൻ താമസിക്കുന്ന ഓണംകേറാമൂല പോലെയുള്ള ഉഡുനാടുകളിലാണ്.

എന്റെ പി. എസ്സേ., അവരെത്ര സഭകളാണ് കൂടുന്നതു! എന്തിനെയൊക്കെയാണ് പ്രതിഷേധിക്കുന്നതു! എത്ര ഫണ്ടുകളാണ് സ്ഥാപിക്കുന്നതു! എത്ര പണമാണ് ശാപ്പിടുന്നതു! ഒരൊറ്റ ബോയ്സ് സ്കൂളിന്നോ, ഗേൾസ് സ്കൂളിന്നോ എങ്കിലും ഒരൊറ്റദിവസം അവർ സൈ്വരം കൊടുക്കുന്നുണ്ടോ? ഇന്നൊരു സാധാരണയോഗം, നാളെയൊരു വിശേഷാൽയോഗം, മറന്നാളൊരു കമ്മിറ്റിയോഗം, നാലാന്നാളൊരു വാഷികയോഗം, അഞ്ചാന്നാളൊരു പരിഷത്ത്, ആറാംനാളൊരു കോൺഫറൻസ്, ഏഴാംനാളൊരു പ്രതിഷേധയോഗം—തീർന്നില്ലേ, ആഴ്ചയിൽ ഏഴല്ലേ ദിവസമുള്ളൂ. പത്താളുകളും രണ്ടു കൊടിയുമായി രാവിലെ ഒരു ജാഥ; പതിനഞ്ചാളുകളും ഒരു 'ഗ്യാസ്'—അങ്ങിനെയാണുപോലും പറയേണ്ടതു!—ലൈറ്റുമായി വൈകുന്നേരമൊരു ഘോഷയാത്ര. ഉഷശ്ശീവേലിയുമായി, അന്തിശ്ശീവേലിയുമായി!

ഉത്തര കാംസ് ചാട്കയിൽ ഒരു ഭ്രകമ്പമുണ്ടായ വിവരം ഇന്നെത്തെ 'മാതൃഭൂമി'യിൽ കണ്ടാൽ സ്ഥലം ഗേൾസ് സ്കൂളിൽ ഒരു അനുശോചനയോഗംകൂടി ഒരു അനുകമ്പവലി നടക്കും; ദക്ഷിണാഫ്രിക്കയിൽ ഒരു വെള്ളക്കാരൻ ഒരു കാപ്പിരിയെ അടിച്ചുവെന്ന് കേട്ടാൽ സ്ഥലം ബോയ്സ് സ്കൂളിൽ ഒരു പൊതുയോഗംകൂടി പ്രതിഷേധപ്രമേയം പാസ്സാക്കി അതിന്റെ കോപ്പി സ്ഥലം സബ്മജിസ്ട്രേട്ടിന്നയക്കും. ഇതൊക്കെ കണ്ട് നമ്മളാരെങ്കിലും ഒന്നു ചിരിച്ചുപോയാൽ കഴിഞ്ഞു കഥ. നമ്മെ തികഞ്ഞ യാഥാസ്ഥിതികന്മാരും, മട്ടനായത്തോട് അനുഭാവമുള്ളവരും, മുതലാളിത്തത്തിന്ന് മൂട്ട പിടിക്കുന്നവരും, സാമ്രാജ്യാധികാരിത്വത്തിന്ന് തലകുനിക്കുന്നവരും ഒക്കെ ആയിപ്പോകും. സഖാവേ, സഖാവേ, ഈ ലോകമല്ലേ ലോകം? ഇവിടെയല്ലേ ജീവിക്കേണ്ടതു?

ഇതൊക്കെ സഹിക്കാം. ഇവർ കുരക്കുകയേ ഉള്ളൂ; കടിക്കുകയില്ല. കടിക്കുന്ന ഒരു ജാതി വേറെയുണ്ട്. അതിൽപ്പെട്ട ജീവികൾക്ക് പ്രസംഗിച്ചു പേരെടുത്താലും, പത്രങ്ങളിൽ പേര

ച്ചടിച്ചുകണ്ടാലും മാത്രം പോര. പണം വേണം. അത് അവരുണ്ടാക്കുകയും ചെയ്യും. ഇവരാണ് ഫണ്ട് സ്ഥാപിക്കുകയും, ലീസ്റ്റ കൊണ്ടുനടക്കുകയും, പരസ്പരസഹായ സ്വേങ്കം സ്ഥാപിക്കുകയും ചെയ്യുന്ന വിരുതന്മാർ. അവരുടെ ത്യാഗമാണ് സഹിച്ചുകൂടാത്ത ത്യാഗം.

ഇച്ചട്ടത്തിൽപ്പെട്ട ഒരു ''സായ്പി''നെ ഞാനറിയും. സാധാരണ ഇത്തരം ത്യാഗികൾ കഴുത്തോളം നീട്ടിയ മുടിയും, മുട്ടോളമിറങ്ങിയ ഷർട്ടുമായിട്ടല്ലേ വെളിപ്പെടുക? പക്ഷെ ഈ വിദ്വാൻ അങ്ങിനെയല്ല. സൂട്ടും ഹാറ്റുമായിട്ടാണ്, പുറപ്പാട്. അതാണ് ഈ ജീവിയെ ''സായ്പ്പ്'' ന്നു വിളിക്കുന്നത്. 1922-ലെ മാപ്പിളലഹളക്കാലത്ത്, എവിടെ നിന്നോ തെണ്ടിത്തിരിഞ്ഞ്, കുഴിഞ്ഞ കണ്ണിൽ ഭരയും ഒട്ടിയ കവിളിൽ പട്ടിണിയും വെളിപ്പെടുത്തിക്കൊണ്ട്, ഇവിടെ എത്തി വീണ ഈ ക്ഷാമപ്പിശാച്, ലഹളകഴിയുമ്പോഴെക്ക് ഒരു ഭയംകരത്യാഗിയും വില്ലുറപ്പുണക്കാരനുമായിത്തീർന്നുവെന്നു പറഞ്ഞാൽ, ശേഷം കാര്യങ്ങം ''ബഹളബുദ്ധിമന്ത''യായ പി. എസ്സ്. ഊഹിക്കുകയില്ലേ?

ലഹളയിൽനിന്ന് പ്രാണനുംകൊണ്ട് ഓടിവരുന്നവക്ക് അരി വിതരണം ചെയ്യാൻ, വീടു ശട്ടംചെയ്യാൻ, ജോലി സമ്പാദിച്ചുകൊടുപ്പാൻ സായ്പ് അശ്രാന്തപരിശ്രമം ചെയ്തു. അഞ്ചു വർഷമായി ദേഹത്തോട് തോലുപോലെ ലഗ്നമായിക്കിടന്നിരുന്ന സൂട്ട് മാറി പുത്തനായി. ഉറയുരിച്ച പാമ്പിനെപ്പോലെ സായ്പിന്ന ഒരു വീര്യവും, വൃത്തിയും, ജോറും കൂടി.

അല്പകാലംകൊണ്ട്, സായ്പിന്റെ നിർഭാഗ്യത്താൽ, ലഹളയൊതുങ്ങി. അഭയാർത്ഥികൾക്ക് സഹായം വേണ്ടെന്നായി. പക്ഷെ പൊതുജനക്ഷേമത്തിനുവേണ്ടിയുള്ള ത്യാഗചരിതത്തിന്റെ കള്ളിയും, ആദായവും നേരിട്ടനുഭവിച്ചറിഞ്ഞ സായ്പ് വിട്ടില്ല. ഗ്രാമോദ്ധാരണത്തിൽ അദ്ദേഹം തന്റെ സപ്തദ്വീപി പതിപ്പിച്ചു. പല ഗ്രാമങ്ങളേയും അദ്ദേഹം ഉദ്ധരിച്ചു. എവിടെ നിന്നാണ് ഉദ്ധരിച്ചത്, എങ്ങിനെയാണ് ഉദ്ധരിച്ചത്, എവിടേക്കാണ് ഉദ്ധരിച്ചത്, എന്നൊന്നും ചോദിക്കരുത്. പല പല യൂനിയനും, അസോസിയേഷനും, ഫണ്ടും, ബോങ്കും, സൊസൈറ്റിയും, സംഘവും സായ്പ് സ്ഥാപിച്ചു. പണമുണ്ടാക്കേണ്ടതെങ്ങിനെ, ദാരിദ്ര്യത്തിൽനിന്ന് കയറേണ്ടതെങ്ങിനെ, പരസ്പരസഹായമെന്നാലെന്ത്, മുതലായ വിഷയങ്ങളെ പ്രസംഗങ്ങംകൊണ്ട് ഭംഗിയായും പ്രവൃത്തി കൊണ്ട് അതിലും ഭംഗിയായും സായ്പ് പഠിപ്പിച്ചു: പല ശിഷ്യന്മാരും പഠിപ്പു കഴിയുമ്പോഴെക്ക് ദീവാളി കളിച്ചുവെങ്കിലും, ചില ശിഷ്യന്മാർ ഗുരുവരന്റെ കാലടികളെത്തുടർന്നു പണക്കാരാവുകയും ചെയ്തിരുന്നു. പണ്ടു ചെയ്ത ഉപകാരങ്ങളാലോചിച്ച്, പഠിച്ച പൊളിഞ്ഞവർ ഒന്നും പറഞ്ഞതുമില്ല.

ഇപ്പോഴും സായ്പിന്റെ ത്യാഗത്തിന്റെ ഉശക്കുട്ടി കുറേശ്ശ ആളുകൾക്ക് മനസ്സിലായി വരുന്നുണ്ട്. പക്ഷെ എന്തു പറഞ്ഞാലെന്താണ്? സായ്പിന്ന് വീടായി; ചെലവിന്നു മുതലായി; കേരളചരിത്രത്തിന്റെ ഏടുകളിൽ നിന്ന് മാഞ്ഞുപോകാത്ത ഒരു പേരായി. അതു പോരെ? എനി ആളുകളെന്തറിഞ്ഞാലെന്താണ്?

പി. എസ്സേ, ഇത്തരം സ്വരാജ്യസ്നേഹികളെ നഗരം വിട്ടിങ്ങോട്ട കടന്നാൽ ''ഒന്നല്ല രണ്ടല്ല, കുമാരഷഷ്ഠംക്കം'' എന്നു പറഞ്ഞപോലെ കാണാം. പറയുന്നതിന്നിടയ്ക്ക് ഇവരുടെ ഇടയിൽ നാട്ടം നാട്ടുകാരും നന്നാകേണമെന്ന ആഗ്രഹത്തോടുകൂടി സ്വന്തം സുഖസൌകര്യങ്ങളപേക്ഷിച്ച് പ്രവർത്തിക്കുന്ന ചെറുപ്പക്കാരില്ലെന്നല്ല ഞാൻ പറയുന്നത്. അനേകമുണ്ട്. പക്ഷെ അവരെയും സായ്പിനെപ്പോലെയുള്ളവർ വഷളാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ വഞ്ചിക്കുകയെങ്കിലും ചെയ്യും. ആ ശുദ്ധന്മാക്ക് ഈ അറുമറിയന്മാരുടെ തഞ്ചവും തക്കിടിയും മനസ്സിലാവുകയുമില്ല. അതാണ് കഷ്ടാൽ കഷ്ടതരം.

ഈ കള്ളനാണ്യങ്ങളെ നല്ലതിൽ നിന്ന് വേർപെടുത്തുവാൻ എന്താണ് വിദ്യ എന്നാണ് ഞാനാലോചിക്കുന്നത്. നോക്കൂ, പി. എസ്സേ, ഓരോ മഹാന്മാരുടെയും മഹാപ്രസ്ഥാനങ്ങളുടെയും പേരും പെരുമയും കളയുവാനും കുറയ്ക്കുവാനും വേണ്ടി മാത്രം അവതരിച്ചിരിക്കുന്ന ഈ ശകുനികളെ, പൂഞ്ചോലക്കര എടത്തിൽ അച്ചൻ പറഞ്ഞ പോലെ, തല്ലി എല്ലൊടിച്ചു വിടണ്ടേ? രാത്രി ആരും കാണാതെ പാരയുമെടുത്തു

പോയി ആരാന്റെ വീട്ട് ഉരന്ന് കണ്ടതും കൈക്കലാക്കി ഓട്ടന്ന കള്ളൻ, പച്ചപ്പുകൽ പരക്കെ നടന്ന ചതിച്ച് പണം പിട്ടങ്ങി മയ്യാടക്കാരുടെ കൂട്ടത്തിൽ മാത്രമല്ല, മഹാന്മാരുടെ കൂട്ടത്തിലും കസാല വലിച്ചിട്ടിരുന്ന് ഞെളിയുവാൻ ധൈര്യപ്പെടുന്ന ഈ മഹാപാപികളെക്കാളും എത്ര മേലെക്കിടയിലുള്ളവനാണ്! എന്നിട്ടോ? കള്ളന്ന് കയ്യാമവും, പോലീസ്സ് സൽകാരവും, ജയിലും, പൂറത്ത വന്നാൽ വീണ്ടും പട്ടിണിയും; ഇവർക്ക് മെഡലും, സ്ഥാനവും, സർട്ടിഫിക്കറും, മംഗളപത്രവും, പൂമാലയും, കസാലയും;—അല്ലേ? എന്റെ പി. എസ്സേ., ഇതെന്തൊരു ഒനിയാവാണ്? ഇതെന്തൊരു പടപ്പാണ്? ഇതിൽ, ഇവരുടെ ഇടയിൽ, എങ്ങിനെ കഴിഞ്ഞുകൂടും? താൻ നാട്ടപൂറങ്ങളിലേക്കിറങ്ങുകയില്ലെങ്കിൽ, ഞാൻ നഗരത്തിലേക്ക് വരാൻ തീർച്ചപ്പെടുത്തി.

എന്ന്, സ്വന്തം,

(ഒപ്പ്) ബോറൻ.

പുരോഹിതൻ:—പാപം ചെയ്യുന്നവൻ ദൈവത്തോട് മാപ്പിന്ന് ഇരക്കേണ്ടിവരും. അതുകൊണ്ട്, മാപ്പിന്നപേക്ഷിക്കുന്നതിന്ന മുമ്പ് നമ്മം എന്ത ചെയ്യണം?

മാനസാന്തരക്കാരൻ:—പാപം ചെയ്യണം!

* * *

കൃഷ്ണകിണി കച്ചവടത്തിന്നായി മലയാളത്തിൽ കടന്നിട്ട് മാസം മൂന്നേ ആയിട്ടുള്ളു. ഭാഷ കഷ്ടിയാണ്. ഒരുദിവസം കിണിയുടെ ഷാപ്പിൽ സാമാനം വാങ്ങുവാൻ ചെന്ന ഒരാൾ വളരെ നേരം കാത്തുനില്ക്കേണ്ടിവന്നു. എന്തോ സാമാനങ്ങൾ എണ്ണിക്കണക്കാക്കുന്നതിൽ എപ്പോട്ടിരുന്ന ചെട്ടി എണ്ണം തൊറിപ്പോകുന്തെന്ന കരുതി വന്ന ആളുടെ മുഖത്തു നോക്കിയതേയില്ല. ഒടുക്കം ആയാൾ ശുണ്ഠിയോടുകൂടി "ഏയ്, ഇവിടെ മയ്യാഴ ഒട്ടം തന്നെയില്ലെ?" എന്നു ചോദിച്ചു.

ഉടനെ എണ്ണിക്കഴിഞ്ഞ കിണി: "കൊർച്ചുള്ളത് നമ്മം ഇന്ന് റാബിലെത്തണ്ണെ ബിറവ. അടുത്ത് മുന്തിയ ജാതി അധികബറം" എന്ന് ഉറപ്പു കൊടുത്തു.

'ഗ്രൂമാലിൽ' പ്പെട്ട വെള്ളരിക്കയോട്.

കനത്ത തങ്കപ്പുതുമോടി ചേർന്ന
മിനുത്ത മിന്നൊരു വെള്ളരിക്കേ,
നിനക്കിതിന്മട്ടൊരു മുക്കശിക്ഷ—
നിനക്കുവാൻ വയ്യ!—വിധിച്ചതാരോ?

ഈ മട്ട ശിക്ഷയ്ക്കൊരു കുറമേതാൻ
നീ ചെയ്തവെന്നൊത്തിനെ വിശ്വസിക്കാം?
അല്ലെങ്കിൽ, മറവുള്ളവരെത്തുലപ്പാൻ
ക്രൂരക്ക ഞായത്തിനു പഞ്ചുണ്ടോ?

ഓ, ഹോ! തിരിഞ്ഞു! ശരി! കുറമൊന്നും
നോക്കേണ്ട: വന്വിച്ച 'ജ്ജാശയൻ' നീ;
ആപത്തിനുള്ളന്നികളെങ്ങു 'മന്ത—
സ്സാരം' കുറഞ്ഞോക്കു ഭവിക്കുമല്ലോ!

ബ്ലൗസായ പെട്ടിയ്ക്കുകമിട്ട പൂട്ടി
സ്സൂക്ഷിച്ച നരീകുച 'ലക്ഷ്മി'യേത്താൻ
വെളിപ്പെടും വേളയിൽ നീ കടന്നു
കവന്നതോ നിന്റെ മഹാപരാധം?

ആണെങ്കി, ലീശിക്ഷയതിന്നു 'പീനൽ
കോഡിൽ'ത്തിരഞ്ഞാകിലൊരേടമുണ്ടോ;
ഇതേതു ലക്കറ സെഷൻസു ജഡ്ജി
വിധിച്ചു, ഹാ, ഹാ! കുണിവെള്ളരിക്കേ?

തെക്കും വടക്കും തിരിയാത്ത ശുദ്ധ
കമ്പങ്ങളെ ബ്ലൈഞ്ചിലുയത്തിവെച്ചാൽ,
ഇതൊക്കെയുണ്ടാം ഫലമെന്ന സാക്ഷാ—
ലിന്യാ ഗവമെന്റു ധരിച്ചിടട്ടെ!

കോഡിൽപ്പെടാതുള്ള വിധിക്കുശേഷം
ഹൈക്കോർട്ടിലപ്പീൽ പതിവുള്ളതല്ലേ?
അതെന്തു നോക്കാഞ്ഞു? മനം മടുത്തു",
സഖേ, ഭവാൻ തുങ്കിമരിക്കയാണോ?

അന്യായശിക്ഷയ്ക്കു ശിരസ്സു താഴ്ത്തി
ച്ചാവുന്നതിൻ മുമ്പിഹ വല്ലുപായം
നിവൃത്തി കണ്ടീടുകിലാത്മഹത്യ
നന്നെന്നുറയ്ക്കുന്നതു വീരകൃത്യം.

വേദാന്തമീമട്ടെനിയും കഥിപ്പാൻ
തോന്നായ്കയല്ലെൻ പ്രിയവെള്ളരിക്കേ!
പത്രാധിപർ സാറിതുകൊണ്ടുതന്നെ
മടുത്തിടാ, മായതുകൊണ്ടു 'ഗുഡ്ബൈ!'



സഹായി.

എത്യോപ്യ:—അയ്യോ, രക്ഷിയ്യണേ!

അ: രാ: സ:—ശ്രീമതി, ക്ഷമിക്കുക! ഇവന്റെ പേരിൽ ഇപ്പോഴും സാങ്ഷൻ നിലവിലുണ്ട്.

ഞങ്ങൾക്കു



തോന്നുന്നത്.

വിപ്ലവത്തിന്റെ വിളിക്ക് സഞ്ജയന്റെ മറുപടി.

കേരളസാഹിത്യനഭോമണ്ഡലത്തിലെ പ്രത്യൂഷസ്സിൽ പ്രഭാതതാരംപോലെ മിന്നിത്തിളങ്ങുന്ന അനശ്വരജ്യോതിഷ്പ്രകാണ്ഡമായ മി: ചങ്ങംപുഴ കൃഷ്ണപിള്ള അവർകളേ, ഭവാൻ സർവോത്കർഷേണ വർത്തിപ്പൂതാക! അങ്ങയുടെ "പ്രണയമയചിന്തകംക്കേകാവലംബിക" യുടെ—അവം ആരുതന്നെ ആയിരുന്നാലും— "ചരണകഞ്ജാതസഞ്ജാതശിഞ്ജിത"ങ്ങളെയും, മു

[ഉലളിതകളസരളമഞ്ജുളമഞ്ജീരശിഞ്ജിതങ്ങളെയും, അതിലും പളപളങ്ങളായ 'ലളലള'കളെയും, കൈരളിയുടെ മെവികളിൽ, വീണ്ടും വീണ്ടും, തിരിച്ചും മറിച്ചും, കേംപ്പിച്ച്, അങ്ങുന്ന് ചാരിതാർത്ഥ്യമടവൂതാക! ഈ വേലക്ക് അങ്ങുന്ന് "മുതിരുമ്പോം," "അസൂയയാൽ" "അരുതരുതെന്ന് തടയുന്ന" ആ "അന്യ"രുടെ പട്ടികയിൽ സഞ്ജയനെ പെടുത്തരുതേ! എന്ന് ആദ്യമായി ഞാനഭ്യർത്ഥിച്ചുകൊള്ളുന്നു. എന്നു മാത്രമല്ല, മേപ്പടി "കഞ്ജാതസഞ്ജാതശിഞ്ജിത"ത്തിന്റെ "ശ്രവണനിമിഷങ്ങളിൽ കോംമയിർക്കൊണ്ടുനിൽക്കുന്ന" അങ്ങയെ അങ്ങിനെ സിദ്ധാന്തംകൊണ്ട് തടയുന്നത് ഒരു മഹാപാപമാണെന്നുകൂടി സഞ്ജയൻ അഭിപ്രായപ്പെടുന്നു. [എന്തൊരു വൈഷമ്യമാണ്! നിങ്ങളെന്തിനാണ് കുട്ടരേ, അദ്ദേഹത്തിന്റെ വഴിക്കു ചെന്നു നിന്ന്, വള ചെട്ടിയെക്കാളധികം 'വളവള'കളും പുറത്തേററിക്കൊണ്ട് പോകുന്ന ആ യുവകവിയെത്തടയുന്നത്? നിങ്ങൾക്ക് വേറെ ജോലിയൊന്നുമില്ലേ?]

പക്ഷെ, യുവകവേ, അങ്ങുന്ന് അവരുടെ നേരെ പരിഭവിക്കരുത്. ഈ കഞ്ജാതസഞ്ജാത മഞ്ജുളമഞ്ജീരശിഞ്ജിതങ്ങളും കുറെയധികം പ്രാവശ്യം കേട്ട് അവക്ക് ഒരു പിരാന്തു പിടിച്ചിട്ടുണ്ടായിരിക്കണം. അങ്ങിനെ ചിലക്കെല്ലാം വരാറുണ്ട്. ഇത് എന്റെ അഭിപ്രായം മാത്രമല്ല. "ലീലാലോലകല്ലോലവല്ലീകോലാഹലം" എന്ന വാക്കു "ശാരദ"യിലെ വക്കീലന്മാർ വായിക്കുന്ന "കൊളമ്പി"ൽവെച്ച് ഒരു വക്കീൽ പറഞ്ഞപ്പോളും, മറെറാരു വക്കീലിന്ന് തലപ്പാച്ചിലുണ്ടായ കഥ സുപ്രസിദ്ധമാണല്ലോ. ഒരു വിദ്വാൻ ഉദയം മുതൽ അസ്തമാനം വരെ, പ്രത്യേകിച്ച് അർത്ഥമൊന്നുമില്ലാതെ,

കളലളിതകോമളം കാകളീകാഹളം
കളകളകളായിതം കോകിലാലാപനം,

എന്നിങ്ങിനെ പിന്നേയും, പിന്നേയും, പിന്നേയും, നിൽക്കാതെ, മെവിയുടെ അടുത്തു വന്നു പറഞ്ഞുകൊണ്ടിരുന്നാൽ, ഈ മഹാശാന്തനായ എനിക്കുകൂടി അല്പമൊരു ശുണ്ഠി വന്നുപോകുമോ എന്നെനിക്ക് ബലമായ ശങ്കയുണ്ട്. അങ്ങയുടെ "കളകളകംക്കളം" "കഞ്ജാതസഞ്ജാത മഞ്ജുളശിഞ്ജിത"ങ്ങംക്കും അർത്ഥമില്ലെന്നല്ല

ഞാൻ പറയുന്നത്. അത്ഥമുണ്ട്. അഗാധമായ അത്ഥമുണ്ട്, എന്നെ കൂടി ഞാൻ പറഞ്ഞേക്കാം. പക്ഷെ അത് ആയിരാമത്തെ പ്രാവശ്യം കേൾക്കുമ്പോഴോ?.....എന്തോ!.....

അതു പോട്ടെ. ഞാനേതായാലും മേപ്പടി 'അസൂയ'ക്കാരുടെ ഇടയിലില്ല. ഒന്നാമത് എന്തു കണ്ടിട്ടാണ് അവർ അങ്ങിനെ അസൂയപ്പെടുന്നതെന്നു തന്നെ എനിക്ക് നല്ല വെളിവായിട്ടില്ല.

എനിക്കു പറയുവാനുള്ളത് അതല്ല. തൃശ്ശൂരിൽവെച്ചു കൂടിയ ദേശമംഗളസാഹിത്യപരിഷത്സമ്മേളനാവസരത്തിൽ അങ്ങുന്ന് സഭൈയ്ക്കും പാസ്സാക്കിയ "വിപ്ലവത്തിന്റെ വിളി" ഞാനും കേട്ടു. ആ വിളി കേട്ട്, സാഹിത്യമഹാഗിരിയുടെ ഉത്തുംഗശൃംഗത്തിൽ വിപ്ലവപതാകയുമേന്തി നിൽക്കുന്ന അങ്ങയുടെ അരികിലേക്ക് ആയിരക്കണക്കായി കുതിച്ചു ചാടുന്ന യുവജനങ്ങളുടെ കൂട്ടത്തിൽ വരേണമെന്ന് അങ്ങയുടെ അക്രീതദാസനായ പി. എസ്സിനും ഒരാഗ്രഹമുണ്ടായിരുന്നു. പക്ഷെ എനിക്ക് ധൈര്യം പോര. ഞാൻ ഒരു കിഴവനാണ്. ആ വഴി പോകുന്ന വൃദ്ധന്മാരെയും, വൃദ്ധകളെയും—പ്രത്യേകിച്ചു വൃദ്ധകളെ—പരിഹസിച്ചു കൈകൊട്ടിയാർത്തുവിളിക്കുക എന്നൊരു ഒശ്ശീലം—മറന്നേകം സൽഗുണങ്ങളുടെ ഇടയിൽ—ചുരുന്ന കളങ്കമെന്നപോലെ—അവിടുത്തേക്കുണ്ടെന്ന് ആരോ പറഞ്ഞുകേട്ടു. ചങ്ങമ്പുഴ കൃഷ്ണപിള്ള അവർകളേ, ഈ കേൾക്കുന്നത് നേരാണോ?

ഞാൻ ഈ കഥ പെരുവഴിപോക്കർ പറഞ്ഞുകേട്ടതാണ്. അത് അസത്യമാണെങ്കിൽ—അവരും അങ്ങയുടെ ത്രിസംസ്ഥാനവ്യാപ്തമായ കീർത്തിയെക്കുറിച്ചുള്ള 'അസൂയ'കൊണ്ട് ഇങ്ങിനെ ഒരു മിഥ്യാപവാദം കെട്ടിച്ചമച്ചതാണെങ്കിൽ—അങ്ങിനെയൊരു ചോദ്യം ചോദിച്ചുപോയതിനും, എനിമേലിൽ പറയാൻ പോകുന്നതിനും സഞ്ജയൻ നിലംപറ്റി തൊഴുതുകൊണ്ട് മാപ്പിന്ന് യാചിക്കുന്നു.

അങ്ങുന്നും അങ്ങയുടെ ചങ്ങാതിമാരും, വയസ്സു കൂടിപ്പോയെന്നും, വേഷത്തിലും നടപ്പിലും പരിഷ്കാരം കുറവാണെന്നുമുള്ള കാരണങ്ങളാൽ, വളരെ, വളരെക്കാലം സാഹിത്യത്തറവാട്ടിൽ തറവാട്ടിലമ്മയായി ജീവിച്ച ഒരു പാവപ്പെട്ട മുത്തശ്ശിയെ കണ്ണിവെള്ളം പോലും കൊടുക്കാതെ പടിയിറക്കി അയച്ചുവെന്നും, അതു കൊണ്ടും തൃപ്തിപ്പെടാതെ, അങ്ങുന്ന്, ആയിരം ചെവി കേൾക്കെ, ആ കിഴവിയെ

"ജരനരകം ബാധിച്ചു പല്ലു പോയുള്ളൊര—
പ്പുരമവികൃതാംഗി"

യെന്നു വിളിച്ച് അവമാനിക്കുകയും, അവരുടെ പരുക്കൻ കച്ചയേയും, പഴയ ആഭരണങ്ങളേയും ചൂണ്ടി, കുലീനരായ ചെറുപ്പക്കാക്ക് പറ്റാത്ത ഭാഷയിൽ, പരിഹസിക്കുകയും ചെയ്തുവെന്നും, കേട്ടു നിന്നവർ, കണ്ടു നിന്നവർ, പറയുന്നു. ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ള അവർകളേ, ഞാൻ ഈ കേൾക്കുന്നതു വാസ്തവമാണോ? എന്തു കാരണം കൊണ്ടെങ്കിലും, അങ്ങിനെയൊരു മഹാദ്രോഹം അങ്ങുന്ന് കാണിച്ചതു നേരാണോ? ആണെങ്കിൽ, പാരപ്പുറത്തു സഞ്ജയൻ അന്ന് ആ സദസ്സിലില്ലാതിരുന്നതിനെപ്പറ്റി ഞാൻ ദൈവത്തോട് നന്ദി പറയുന്നു. നേരല്ലെങ്കിൽ, ഈ മൊഴികുറവിനെ അങ്ങയുടെ പ്രശസ്തമായ പേരുമായി ഘടിപ്പിച്ചതിന്ന് ഞാൻ വീണ്ടും മാപ്പു ചോദിക്കുന്നു.

ശ്ലോകമുത്തശ്ശിയെ അപഹസിച്ച്, കോണിയിറക്കി ആട്ടിപ്പായിച്ചതിന്നു ശേഷം,

"പരിമൃദുളമാമിളം മാന്തളിർ സാരിയാൽ
തിരകളിളകീടുമാറാച്ചാദിതാംഗിയായ്,
ചുരുളിയലുമകുളിരല്വെതിർകുന്തലി—
ലൊരുസുരഭിലാർദ്രമാംചെമ്പനീർപ്പൂവുമായ്,"

പിന്നെയും പലതു "മായ്," അങ്ങയുടെ അടുത്തു വന്നണഞ്ഞതായ്, പറയപ്പെടുന്ന ഒരു "ഗാനകാവ്യാത്മിക"യായ യുവതിയുമായ് അങ്ങുന്ന് (പ്രേമാധിക്യം കൊണ്ടായിരിക്കണം) അല്പം കൊഞ്ചിച്ചുപോയ ഒരു ഭാഷയിൽ കുറെ നേരം സല്ലപിച്ചുവെന്നും ഞങ്ങളിവിടെ കേൾക്കുന്നു.

ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ള അവർകളേ, ഇതിനെക്കുറിച്ചു ഞങ്ങൾക്കും യാതൊരാവലാതിയുമില്ല. പക്ഷെ ഒരു മൂലയിലിരുന്ന് "ശിവ ശിവ" ജപിക്കുന്ന കിഴവിയെ അഭിജാതക്കുനുരുപമല്ലാത്ത വിധത്തിൽ ശകാരവർഷം കൊണ്ട് അഭിഷിക്തയാക്കിയാലെ അങ്ങയുടെ

"കുങ്കുമപ്പൊട്ട്"കാരിയുമായുള്ള നമ്മസല്ലാപത്തിനു മാധുര്യം കൂട്ടുകയുള്ളൂ എന്ന് അങ്ങു കരുതിയത് ഈ ഭാഷാതറവാട്ടിൽ പിറന്നവക്ക് പറ്റാത്ത ഒരു പണിയായിപ്പോയി. കൃഷ്ണപിള്ള അവർകളേ, ഞാൻ ഈ തറവാട്ടിന്റെ പഴയ ചരിത്രം കുറച്ചൊന്നു പറയട്ടെ? അങ്ങനെ മുഖത്തു തുപ്പി ചവിട്ടിയിറക്കിയ ആ കിഴവി, ഈ തറവാട്ടിൽ, അങ്ങയെപ്പോലുള്ളവർ ഇപ്പോഴെടുത്ത് അനാവശ്യാഡംബരങ്ങൾക്കായി ഇടവും വലവും 'പളപളായമാനമായി' വാരി വലിച്ചെറിയുന്ന പദസമ്പത്തിനെ ക്ലേശിച്ചുണ്ടാക്കിയ പൂർവ്വികരുടെ കാലത്ത്, ഉണ്ടായിരുന്നു. അന്നവൾ നവയൌവനപ്രസാദത്തോടുകൂടിയ ഒരു തരുണീമണിയായിരുന്നു. അക്കാലത്ത് കിഴവിയായി, ജരാനരകളും ബാധിച്ച്, അകത്തിരുന്ന് "നാരായണ നാരായണാ" പാടിയത് ആരായിരുന്നുവെന്ന് അങ്ങയ്ക്കറിയാമോ? ഞാൻ പറഞ്ഞുതരാം: അവർ ശ്ലോകമുത്തശ്ശിയായിരുന്നില്ല; പാട്ടമുത്തശ്ശിയായിരുന്നു. നേരെ നോക്കൂ! ഞാൻ പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നുണ്ടോ? പാ—ട്ട—മു—ത്ത—ശ്ശി. പക്ഷെ അന്നു പടി കയറിവന്ന പതിനാറു തികഞ്ഞ ശ്ലോകപ്പെണ്ണിനെ കണ്ടപ്പോൾ, പടിഞ്ഞാറ്റയിൽ

"ശ്രീരാമ രാമ രാമ! ശ്രീരാമചന്ദ്ര, ജയ!"

എന്ന് ജപിച്ചുകൊണ്ട് ഒരു മൂലയിലിരുന്ന ആ പട്ടുകിഴവിയെ പിടിച്ചു വലിച്ചു ഇടവഴിയിലിറക്കി, "ആ ചേട്ടയുടെ നരച്ച തലയും, പൂളിഞ്ഞ തൊലിയും നോക്കിൻ!" എന്ന് അവരെ വഴിപോക്കർക്ക് ചൂണ്ടിക്കാണിച്ച് പരിഹസിക്കുവാൻ മാത്രമുള്ള—എന്തൊന്ന്, അല്ലെങ്കിൽ എന്തൊന്നില്ലായ്മ, എന്നാണ് കൃഷ്ണപിള്ള അവർകളേ, ഞാൻ പറയേണ്ടത്?—എന്തെങ്കിലുമാകട്ടെ—അത് അന്നെത്തെ ചെറുപ്പക്കാർക്കുണ്ടായിരുന്നില്ല. നവവധൂടിയെ അവർ ഓമനിച്ചു; പക്ഷെ കിഴവിയെ അവർ ബഹുമാനിക്കുകയും ചെയ്തു. അവർ കാണിച്ച സ്വഭാവഗുണത്തിന്ന് പഴമക്കാരുടെ ഇടയിൽ "തറവാടിത്തം" എന്നോ മറ്റോ ആണ് പേരെന്നു തോന്നുന്നു. (പഴയ ഒരു വാക്കാണ്. അർത്ഥമറിയുന്നവർതന്നെ ഇക്കാലത്തു ചുരുങ്ങും.)

അങ്ങിനെ ശ്ലോകമുത്തശ്ശിയെ നോക്കി കൊഞ്ഞനം കാട്ടുകയും, ആ മുതുക്കിയുടെ പുറത്ത് കല്ലുവാരി എറിഞ്ഞു കൂക്കിവിളിക്കുകയും, ചെയ്തതിനുശേഷം പുതിയ ഓമനയെ മടിയിലിരുത്തി ലാളിച്ചു അങ്ങുന്ന്, അതുകൊണ്ടും കൃതാർത്ഥനാകാതെ, ഭാഷാതറവാട്ടിലെ വൃദ്ധന്മാരെയും കുറെ അധിക്ഷേപിച്ചുവെന്നു കേട്ടു. അതും അങ്ങയ്ക്കു ചേർന്നതു തന്നെ! ഈ ഘട്ടത്തിൽ പ്രക്ഷുബ്ധനായ അങ്ങുന്ന് മറുപടിയായി ചോദിക്കുവാനിടയുള്ള ഒരു ചോദ്യം: "അവരെന്തിന്ന് എന്റെ ഓമനയെ അധിക്ഷേപിച്ചു?" എന്നായിരിക്കും.

ഇതിന്ന് സമാധാനം പറയണമെങ്കിൽ ഞാൻ രൂപകലോകത്തിൽനിന്നിറങ്ങിവരണം. വരാം. പുതിയ കവിതാപ്രസ്ഥാനത്തിന്റെ ചില വ്യഭിചാരങ്ങളെ അവർ അധിക്ഷേപിച്ചിട്ടുണ്ട്. (ഞാനും അധിക്ഷേപിച്ചിട്ടുണ്ട്.)പക്ഷെ അങ്ങുന്നും കൂട്ടാളികളും ഇന്ന് പുത്തനായി കണ്ടുപിടിച്ചതാണെന്നു തെറ്റിദ്ധരിച്ചിരിക്കുന്നതും, കേരളീയസാഹിത്യത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ ജാതമായതെന്ന് ഞങ്ങൾ അറിയുന്നതുമായ ഗാനപ്രസ്ഥാനത്തേയോ, ആത്മാവെ ക്ഷണനേരത്തേക്കെങ്കിലും നിർവൃതിക്കൊള്ളിക്കുവാൻ പര്യാപ്തമായതും, ഒരു യുഗത്തിൽ ഒരിക്കൽ അവതാരപുരുഷനെപ്പോലെ ദുർലഭനായ ഒരു കവിയ്ക്ക് മാത്രം സ്വാധീനമായി കണ്ടിട്ടുള്ളതുമായ മിസ്റ്റിക പ്രസ്ഥാനത്തേയോ അല്ലാ ഞങ്ങൾ അധിക്ഷേപിച്ചത്; ഇവ രണ്ടിനേയും, പാടുവാൻ കഴിയാത്ത പാട്ടുകൾ കൊണ്ടും, കണ്ണശ്ശ്യവും നിരർത്ഥകവുമായ 'ഓമന'യെ വിളികൊണ്ടും, വ്യഭിചരിപ്പിച്ച പിഴപ്പും വാസനയുമില്ലാത്ത ഒരു കൂട്ടം കവിശയപ്രാർത്ഥികളും സഹൃദയസമക്ഷം തള്ളിയയച്ച വികൃതപ്രസ്ഥാനാഭാസത്തെയാണ്. ഇക്കഥ അങ്ങേയ്ക്ക് മനസ്സിലാകായ്കയോ, അതോ, മനസ്സിലായില്ലെന്ന് നടിക്കുകയോ? കൃഷ്ണപിള്ള അവർകളേ, ഞങ്ങൾ ഗാനങ്ങളേയും മിസ്റ്റിസിസത്തെയും വെറുക്കുന്നവരാണെന്നുള്ള പച്ചക്കള്ളം ദൈവത്തെ വിചാരിച്ച്, എനിമേലിൽ അവിടുന്നും കൂട്ടുകാരും പറയരുത്! പാൽപായസമെന്ന പേരിൽ ഞങ്ങൾക്ക് വിളമ്പിക്കിട്ടിയ ചളിപ്പായസത്തെ ഞങ്ങൾ കാലുകൊണ്ട് തട്ടി ദൂരെയാക്കിയാൽ, പാൽ

പായസത്തെ വെറുക്കുന്ന അരസികനാരാണ് ഞങ്ങളെന്ന് ഘോഷിച്ചു നടക്കുന്നത് എന്തു മാതിരിയാണ്? അതു വിളമ്പിയതോ ഇരിക്കട്ടെ; ഞങ്ങളുടെ രുചിയേയും അവമാനിയ്ക്കണമെന്നുണ്ടോ?

പിന്നീട് അങ്ങുന്ന് ഇതുവരെ അങ്ങുന്നും കൂട്ടരും "അതി മധുരമായി പാടിയതൊക്കെയും" "ഉറക്കുപാട്ടുകഥ" മാത്രമാണെന്നും, എനിമേലിൽ "സിരകളിലെ രക്തം തിളപ്പിയ്ക്കുന്ന വിപ്ലവപ്പാട്ടുകഥ" പാടുവാൻ ഒരുങ്ങിയിരിക്കുന്നുവെന്നും കേട്ടു. അങ്ങുന്നേ, അരുതേ! ഭാവിയിൽ നല്ല നല്ല കൃതികളെഴുതി കൈരളിയെ കൃതാർത്ഥയാക്കുവാനുള്ള വാസനാവിശേഷത്തോടുകൂടിയ അങ്ങയുടെ നേരെയുള്ള ഒരു ബഹുമാനം കൊണ്ടു മാത്രം ഈയുള്ളവൻ പറയുകയാണ്: എന്തു ചെയ്താലും സിരകളിലെ രക്തം തിളപ്പിക്കരുതേ! വിപ്ലവത്തിന്ന് തിളച്ച രക്തം ആവശ്യമാണോ അല്ലയോ എന്ന് ഞാൻ അറിയുകയില്ല. ഒരു സമയം ആവശ്യമായിരിക്കാം. പക്ഷെ ആ "മൃദുലലിതശിഞ്ജിതരഞ്ജിതപാദയോയ" "കുങ്കുമപ്പൊട്ടുകാരി" മേപ്പടി തിളച്ച രക്തത്തിന്റെ ചൂടിൽ വാടിക്കരിഞ്ഞു പാളീസ്സായിപ്പോകും. അതിന്ന് ഈ ഓമനയെ വിട്ട് "കടമുലവണാത്മണ്ണതീക്ഷ്ണനഖക്ഷ"യായ വേറെ വല്ല ഓമനയേയും കടന്നു പിടിക്കേണ്ടിവരും.

പാടത്തിലെ ചേക്കുഴിയിൽ പഴയ കവിത ഇറങ്ങാതിരുന്നതുകൊണ്ട് അങ്ങുന്നും, രാജശ്രീ: കേശവദേവ് ചെയ്തതുപോലെ, കുറച്ചൊന്നു പരിഭവിച്ചുവെന്നു കേട്ടു. അയ്യോ, അങ്ങുന്നേ, അവിടെയും അങ്ങേയ്ക്ക് അല്പമൊരു പിഴ പറ്റിപ്പോയി. പാടത്തിലെ ചേറിലാണ് പണ്ട് കൈരളി വളരെക്കാലം കിടന്നുരുണ്ടത്. അവിടെയും "പഴമയോട് മല്ലിടാൻ" വിപ്ലവപ്പടയേയും കൂട്ടിപ്പറഞ്ഞയച്ചതു പഴമയേക്കാൾ പഴകിയ പഴമയിലേക്കാണ് നേരെ ചെന്നിറങ്ങുന്നത്! ശ്ലോകമുത്തശ്ശി വളരെയൊന്നും പാടത്തിലേക്കിറങ്ങീട്ടില്ലെങ്കിൽ, അതിന്ന കാരണം, അങ്ങയുടെ ഓമനക്ക് മൃദുലലിതമഞ്ജുളശിഞ്ജിതം പുറപ്പെടുവിക്കുന്ന ആ മഞ്ജീരങ്ങളും, അവനും, ഇന്ന്, അങ്ങയുടെ വാക്കുകളിൽത്തന്നെ, അണിഞ്ഞു ഞെളിയുന്ന

"ചില കനകരേഖപോൽ കൈത്താമരത്തണ്ടിലിളകിയൊളിവീശും തരിവളച്ചാർത്തും,"
"സ്ഥടരുചിരഹേരംബരംഭോല്ലസൽസ്തന
ത്തടിതമൃദുനീരാളകഞ്ചുകത്തിന്റെ മേൽ
അരവരെയിഴഞ്ഞു കിടന്ന മിന്നിത്തെളിഞ്ഞുലയലയുമാറുള്ള പൊന്മാലകളും"

പണിയുവാനുള്ള മുത്തശ്ശിയുടെ ആഗ്രഹമായിരുന്നു. "നിലവിളികൊം തിങ്ങുന്ന പുല്ലുമാടങ്ങളി"ലേക്കും പാടത്തിലെച്ചേറിലേക്കും ഇറങ്ങിപ്പോകുന്ന ആ ഓമനക്ക് ഇത്രയും അലങ്കാരങ്ങൾ എന്തിനാണെന്ന് അങ്ങയോട് സഞ്ജയൻ സവിനയം ബോധിച്ചുകൊള്ളട്ടെ! ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ള അവർകളേ, ഈ തരിവളയിട്ട കിലുക്കലും, പൊന്മാല ചാർത്തലും, ചളിയിലിറങ്ങലും, നിലവിളികൊം തിങ്ങുന്ന പുൽമാടത്തിലേക്ക് പായലും, ചോര തിളപ്പിക്കലും, ഒക്കെ പൂർവ്വാപരവിരുദ്ധങ്ങളായിരിക്കുന്നുവല്ലോ! അങ്ങയുടെ ഈ ഓമനയുടെ മാന്തളിർസ്സദൃശിയും, നീരാളകഞ്ചുകവും, മൃദുലലിതശിഞ്ജിതരഞ്ജിതപാദവും മറവും കാണുമ്പോഠം അവനം—അങ്ങുന്ന് ആജ്ഞാപിച്ചാൽപ്പുള്ളടിയും—പാടത്തിലിറങ്ങുവാൻ ഒരുങ്ങുന്നവളാണെന്ന് തോന്നുന്നില്ലല്ലോ! ഒരു സമയം, വേണ്ടിവന്നാൽ, അതിന്നു തയാറായിരിക്കുക, അങ്ങയുടെ ഭർത്സനമേറ്റ്, തല കുനിച്ച്, വടി കുത്തിപ്പോകുന്ന ആ "പഴകിയ പരുക്കൻ 'തിരുമുറിക്കച്ച'ക്കാരി"യായ മുത്തശ്ശിയായിരിക്കുമെന്ന് എനിക്കൊരു ശങ്ക!

എന്റെ അങ്ങുന്നേ! ഈ കേട്ടതാണ് പുതിയ വിപ്ലവത്തിന്റെ, കണ്ഠീരവഗർജ്ജനോപമമായ ആ ഭയംകരവിളിയെങ്കിൽ, അതിന്നു പാരപ്പുറത്തുനിന്നുള്ള മറുപടി "കൂ!" എന്ന ഒരു കൂക്കൽ മാത്രമായിരിക്കും—ഭഗവാനാണെ, ശ്ലോകമുത്തശ്ശിയാണെ, മിസ്റ്റിക്കോമനയാണെ, സത്യം!

ഭരതവാക്യം.

എത്യോപ്യ തുലഞ്ഞു. എങ്ങിനെ തുലയാതിരിക്കും? മെഷീൻ തോക്കും, ടാങ്കുകളും മാത്രമാണ് ഇറ്റലി ഉപയോഗിച്ചിരുന്നതെങ്കിൽ, യുദ്ധം ഇന്നും കലാശിച്ചിട്ടുണ്ടായിരിക്കുകയില്ല. അതിന്റെ വ്യക്തമായ തെളിവ് എത്യോപ്യ തന്നിട്ടുമുണ്ട്. ഇവ മാത്രം ഇറ്റലി,ഉപയോഗിച്ചിരുന്ന കാലത്ത് അവക്ക്, ലീഗിന്റെ സഹായ

ത്തോട്ടുകൂടി, ആദ്യം അവർ പാഞ്ഞുകയറിയ ദിക്കിൽ കിടന്ന് എത്യോപ്യക്കാരുടെ വാളിന്നിരയായിത്തീരുകയല്ലാതെ, ഒരിഞ്ചുപോലും മുന്നോട്ട കയറുവാൻ കഴിയുമായിരുന്നില്ല. പക്ഷെ അവർ മെഷീൻ തോക്കും ടാങ്കുകളും മാത്രമല്ല ഉപയോഗിച്ചത്. ഒടുക്കമായപ്പോഴും, ഇരിക്കപ്പൊറുതിയില്ലെന്ന് കണ്ടപ്പോഴും, എല്ലാ പരിഷ്കൃതയുദ്ധമുറകളേയും അവഗണിച്ച് ഇറലി വിഷവായുപ്രയോഗവും, രക്ഷയില്ലാതെ കിടക്കുന്ന നഗരങ്ങളിൽ ബോമ്പുവർഷവും തുടങ്ങി. ആകാശത്തിൽ നിന്ന് മരണം ഇറങ്ങി വരുന്നതിനെ യൂറോപ്യൻ പരിഷ്കാരത്തിന്റെ മൂല്യനിർണ്ണയത്തിലെത്തിക്കഴിഞ്ഞിട്ടില്ലാത്ത ആ കറുത്ത വർഗ്ഗക്കാർ എങ്ങിനെ തടുക്കും?

'ലീഗിന്റെ സഹായത്തോട്ടുകൂടി' എന്നു ഞങ്ങൾ പറഞ്ഞു. അതെ. ലീഗിന്റെ സഹായത്തോട്ടുകൂടിത്തന്നെ. നിങ്ങളെ ഒരാൾ അടിക്കാൻ പാഞ്ഞുവരുമ്പോൾ നിങ്ങളെ സ്നേഹസമേതം കെട്ടിപ്പിടിച്ച്, മറേറ വിദ്വാന്റെ വകയായി നിങ്ങളുടെ പിരടിക്ക് നാലു പൊട്ടുന്നതുവരെ ചിലച്ചതിനുശേഷം, "എനി താനും അടിച്ചോളൂ!" എന്നും പറഞ്ഞ് മാറി നിൽക്കുന്ന സഹായിക്ക് എന്താണ് പേര്? പണ്ടലംപരണ്ടയിൽ അവന്ന് പലേ പേരുകളും നടപ്പുണ്ട്. പക്ഷെ അതിലൊന്നെങ്കിലും അച്ചടിപ്പാൻ കൊള്ളുന്നതല്ല.

എത്യോപ്യ തുലഞ്ഞു. നീഗസ് നാടുവിട്ടുപോയി. ഇറലി എത്യോപ്യയിൽ വിജയക്കൊടി നാട്ടി. ലീഗ് എത്യോപ്യയെ ഇറലിക്കെതിരായി സഹായിച്ചു എന്നാണ് പറയുന്നതു്. എങ്ങിനെ സഹായിച്ചു? ഇറലിയിലേക്ക് ആരും തോലും, തോക്കും, ബാർലിയും, മെഴുകുതിരിയും, ഔഷധങ്ങളും, എംപ്പിണ്ണാക്കും, നിലക്കടലക്കയും (പിന്നെയെന്തൊക്കെയാണെന്ന് ദൈവം കണ്ടു! അയച്ചുപോകരുതെന്നു ശട്ടം കെട്ടി സഹായിച്ചു. "ആരും" എന്നു പറഞ്ഞാൽ ലോകത്തിലെ വന്ദിച്ച മുന്നു രാഷ്ട്രങ്ങളൊഴിച്ച്, ആരും എന്നാണർത്ഥം. അവ അഖിലരാഷ്ട്രസഖ്യം പറഞ്ഞതുപോലെ കേൾക്കാത്ത അമേരിക്കയും, ജർമ്മനിയും, ജാപ്പാനുമാണ്.

ഒരു വസ്തു മാത്രം ഇറലിയിലുണ്ടായിരുന്നില്ല: പെറ്റ്റോൾ. പെറ്റ്റോളില്ലെങ്കിൽ യുദ്ധം നടത്തുവാൻ ഇറലി കുറെ ബുദ്ധിമുട്ടും. ഏറോപ്ലെയിൻ പറക്കണ്ടേ? യന്ത്രത്തോക്കുകളും വഹിക്കുന്ന കാറുകളും ഓടണ്ടേ? അത് എത്യോപ്യയുടെ പ്രാണസ്നേഹിതനും സഹായിയുമായ സഖ്യം വിലക്കിയതുമില്ല. എന്തൊരു സഹായിയാണ് ആ സഹായി! ഇങ്ങിനെയൊരു നാലഞ്ചു സഹായികളെ കിട്ടിയാൽ പിന്നെ നമ്മൾക്ക് വല്ല കാര്യത്തിന്നും ബുദ്ധിമുട്ടുണ്ടോ?

എന്തിന്നധികം? എത്യോപ്യ തുലഞ്ഞു. ഇറലിയും അഖിലരാഷ്ട്രസഖ്യവുംകൂടി അവളെ തുലച്ചു—കള്ളനും പൂട്ടുപിടിയനും! അതു പറഞ്ഞാൽ കഴിഞ്ഞുവല്ലോ!

മറുള്ളവരെയൊക്കെ വളരെ പുച്ഛമായിരുന്ന ഒരു ഭാഗവതർ ഒരു ദിവസം ഒരാളോട്, "നിങ്ങൾ ആരാണ്?" എന്നു ചോദിച്ചു.

"ഞാൻ ഒരു ക്രിസ്ത്യാനിയാണ്" എന്നു അയാൾ മറുപടി പറഞ്ഞു.

ഭാഗവതർ:—നിങ്ങളുടെ വിശ്വാസത്തെപ്പറ്റിയല്ല, ഉദ്യോഗമെന്തെന്നാണ് ഞാൻ ചോദിച്ചത്. ഞാൻ ഒരു ഭാഗവതരാണ്.

ഉടനെ ക്രിസ്ത്യാനി: അതു നിങ്ങളുടെ ഉദ്യോഗമാണോ? വിശ്വാസം മാത്രമല്ലേ?

* * * * *


ഒരു ഇന്ദ്രജാലക്കാരൻ പല വിദ്യകളും കാണിച്ചു; ജനങ്ങൾ രസിക്കുന്നില്ലെന്നു കണ്ടപ്പോൾ അവൻ ഒടുവിൽ ഇങ്ങിനെ പറഞ്ഞു: "വല്ലവർക്കും ഒരു പുഴത്തൊലി തരാൻ കഴിയുമോ? പുഴത്തൊലി കിട്ടിയെങ്കിൽ ഞാൻ നല്ലൊരു വിദ്യ കാണിച്ചുതരാം."

കാണികളിൽ ഒരാൾ:—ഇവിടെയെങ്ങാൻ പുഴത്തൊലി ഉണ്ടായിരുന്നുവെങ്കിൽ, ഇതിന്ന് എത്രയോ മുമ്പേ തനിക്കതു കിട്ടിയേനേ.

* * * * *

"എന്റെ മകളുടെ ശീലം അവൾക്ക് എന്നിൽനിന്നു കിട്ടിയതല്ല, നിശ്ചയം" എന്ന് അമ്മ.

"എന്താണു സംശയം! അങ്ങിനെയാണെങ്കിൽ അതിന്നു നിന്നിൽ വല്ല കുറവും ഉണ്ടാകുമായിരുന്നില്ലെ?" എന്ന് അച്ഛൻ.



കൃ ഴ ങ്ങി !

തിരുവിതാംകൂറിലെ ഈഴവമതപരിവർത്തനസംരംഭം.

സന്ധി.

(കേക)

തുലികാജോലിയില്ല നമുക്കു: സാഹിത്യത്തിൻ
മാളികാമുകർത്തട്ടിൽ പുത്തനാം
'മിസ്റ്റിക് ചേരിൽ'
അസ്ഥശോകരായ്വാണ കവിതാവ്യാപാരത്താൽ
മസ്തിഷ്കം പൂണ്ണാക്കുന്ന നിഷ്ണാതരവരെങ്ങോട്?
തക്കത്തിലാസ്സൈധത്തിൽക്കടന്നുകൂടുവാനായ്
തിക്കലും തിരക്കലും കൂട്ടുന്ന കൂട്ടക്കാരെ
മൂക്കിന്മേൽ വിരൽ വെച്ചു നിശ്ശബ്ദം,
നിന്നിമേഷം,
നോക്കിക്കൊണ്ടൊരു കോണിലെങ്ങാനു
മൊളിച്ചോറം
'പോക്കറ' പണ്ട് പറായിപ്പോക്കറീട്ടുക മൂലം
'നൊക്കൌട്ട്'ചെയ്യപ്പെടാനർഹനീ
പ്പാവമെങ്ങോ?

എങ്കിലും രണ്ടു വരി'ക്കേക'യീ വിപ്ലവത്തിൻ
പങ്കിലസ്വഭാവത്തെപ്പറിഞ്ഞാൻ പാടിക്കോട്ടെ?

'മിസ്റ്റിക്ക്''സാഹിത്യത്തെ 'മിസ്റ്റേക്കാ'യ്
വ്യാഖ്യാനിക്കും
സിസ്റ്റത്തോടാനുകൂല്യം ബ്രഹ്മനാണെനിക്കില്ലേ!
സഞ്ജയൻപാട്ടിക്കാരൻ ഞാ;നെനിക്കില്ലാകവി-
കുഞ്ജരന്മാരെപ്പറ്റിയാന്തരനിന്ദാലേശം.

കവിക്കും തിരിയാത്തൊരാശയം നിബന്ധിച്ചു
ചെവിക്കു ശല്യങ്ങളാം നിരർത്ഥപദജാലം
വലിച്ചുകെട്ടിത്തുമ്പും വാലുമെന്നിയേ, കേട്ടാൽ
വമിപ്പാനിടയാക്കും കാവ്യങ്ങളം
വന്നെത്തുമ്പോൾ
എങ്ങിനെ പൊറുക്കുന്നു വായനക്കാരാം ഞങ്ങളു-
ടെങ്ങിനെ ക്ഷമിക്കുന്നു സാഹിത്യപ്രണയികളും?
ഈരടിമട്ടിൽ കാവ്യം തീക്കുന്ന യുവപദ്യ-
കാരക്കു, കഷ്ടം, 'ഗ്രുലഘുത'മില്ലാതായീ!
കാവ്യ'ഗ്രോ'ജാലം കലികാലവൈഭവാൽ രണ്ടു-
കാലിന്മേൽ നടക്കുമി'പ്പുരിവത്തനാം' ചിത്രം!
'മിസ്റ്റിക്ക കുട്ടൻ' മുട്ടിക്കുടിപ്പൂ കാവ്യഭൂമി
മുട്ടാതെയേവം പുതൻ സാഹിത്യഗ്രോവിൽ
നിന്നും.

പൌരാണികതപംകൊണ്ടു സാധുവായ്ത്തീരാ
സർവം;
പോരായ്മ നവീനതപംകൊണ്ടെങ്കിലും
ചേരുന്നീലാ;
സദസദ്വിവേചനപാടവം കൂട്ടുന്നവ-
ക്കിതിലില്ലേതും വാദമെന്നു ഞാനുറിക്കുന്നേൻ.
നല്ലതെന്നെന്നും നല്ലു,തില്ലതിലിങ്ങാക്ഷേപം,
തെല്ലുമേ കാലോപാധിയതിനെബ്ബാധിപ്പീല.
അതിനാലനാഗതശ്മശ്രുക്കളം യുവാക്കളെ-
മതിയായ് 'നരബാധ' കേറിയ വൃദ്ധന്മാരും,
ഒക്കവേ തിങ്ങിച്ചുടിക്കൽക്കത്താ പുരിയിലെ-
"ബ്ളാക്കുഹോളാ"യിത്തീർന്ന സാഹിത്യ-
ത്തറവാട്ടിൽ
കാരണോന്മാരുമനന്തിരവന്മാരുമോരോ
കാരണം പറഞ്ഞിതാ കേസ്സും കൂട്ടവുമായി.
രാജിയാകേണമെന്നു ചൊല്ലുന്നു ചിലർ; തമ്മിൽ
യോജിപ്പാൻ പണിപെയ്യുന്നു ചിലരും വാദിക്കുന്നു.
അങ്ങിനെ വന്നീടാമോ?പറഞ്ഞാൽതീരാത്തതാ-
യെങ്ങാനുമുണ്ടോ കായ്യ?-മതിനാലത്ഥി
ക്കുന്നേൻ:
സഞ്ജയൻ (ശീലാവതിക്കേസ്സിലെന്നുപോലെ)
സന്ധിസംസാരിച്ചൊന്നു തീർക്കേണമീമാത്സര്യം.

കെ. ജി. ജി. എൻ.

വിദ്യാർത്ഥികം സ്കൂളിൽവെച്ച് ഒരു നാടകം അഭിനയിക്കാൻ തീച്ചയാക്കി. ഒരു ഹാർമോണിയം വേണം. രാമൻ നായരുടെ വീട്ടിൽ ഒരു ഹാർമോണിയം ഉണ്ടെന്നു കേട്ട് അവിടെ ചെന്നു ചോദിച്ചു.

"ഒന്നുണ്ടായിരുന്നു. അതു് അടുത്തുണ്ടു്; ഞാൻ എടുപ്പിച്ചുതരാം.....അമ്മാളു, ആ ഹാർമോണിയം അടുത്തില്ലേ?"എന്നു രാമൻ നായർ ഭാര്യയെ വിളിച്ചു ചോദിച്ചു.

ഭാര്യ—"അടുത്തൊ? അതല്ലേ അപ്പുറത്തെ തോട്ടത്തിലുള്ളതു്?"

ഭർതൃസ്ഥാനാർത്ഥികൾ.

അകത്തിരിക്കും വനിതക്ക് ഒരു വിളി തോന്നി. അവൾ പുറത്തേക്കിറങ്ങി. ജനനിയന്ത്രണത്തിന്റെ അത്യാവശ്യകതയെപ്പറ്റി അവൾ പ്രസംഗിച്ചു: സ്ത്രീകൾക്ക് എല്ലാ കാലത്തും, എല്ലായിടത്തും, എല്ലാ സംഗതികളിലും പുരുഷന്മാരെപ്പോലെ പോരാ, അവർക്കുള്ളതിനെക്കാൾ കുറച്ചധികം തന്നെ സ്വാതന്ത്ര്യം വേണമെന്ന് അവൾ പ്രഖ്യാപനം ചെയ്തു. ജനനനിയന്ത്രണത്തെ പ്രായോഗികമാക്കുവാൻ, സ്ത്രീസ്വാതന്ത്ര്യേച്ഛയെ സഫലീകരിപ്പാൻ അവൾ പല പല നൂതനമാർഗ്ഗങ്ങളെപ്പറ്റിയും ഗവേഷണങ്ങൾ നടത്തി. അവയെ അതാതു സമയത്ത് ജനങ്ങൾക്ക് സമ്മാനിച്ചു. കാലമങ്ങിനെ കഴിഞ്ഞു.

അവളുടെ പേരിവിടെ പറയുന്നതു പന്തിയല്ല. കാരണം ആ പേരുള്ള വേറെ സ്ത്രീകൾ അതേ അഭിപ്രായക്കാരികളാണെങ്കിൽ, അവരെ ഉദ്ദേശിച്ചാണ് ഞാനെഴുതുന്നതെന്നു കരുതി എന്റെ നേരെ അവർ കലശലായി മുഷിയും; ഭിന്നാഭിപ്രായക്കാരികളാണെങ്കിൽ, തങ്ങളുടെ പേരിനോട്, ആ അഭിപ്രായത്തെ തുന്നിപ്പിടിപ്പിച്ചതിനു് അതിലും കലശലായി മുഷിയും. അതുകൊണ്ട് ഞാൻ അവളെ 'സൌഭാഗ്യവതി'യെന്നുമാത്രം വിളിക്കാം. ആ പേർ സാർത്ഥകവുമാണ്: അവളൊരു സൌഭാഗ്യവതി തന്നെയാണ്.

അവളുടെ പ്രസംഗങ്ങൾ കേൾപ്പാൻ ആളുകൾ നാനാ ഭാഗത്തുനിന്നും ആയിരക്കണക്കായി എത്തിച്ചേർന്നു എന്നു പറയുന്നത് സ്വന്തം റിപ്പോർട്ടരുടെ അതിശയോക്തിയല്ല. വെറും പച്ചപ്പരമാർത്ഥമാണ്.

"കാവ്യം സുശ്ലേഷം; കഥ രാഘവീയം;
കർത്താവു തുഞ്ചത്തുള്ളുവായ ദിവ്യൻ;
ചൊല്ലുന്നതോ ഭക്തിമയസ്വരത്തിൽ;—
ലാനന്ദലബ്ധിയ്ക്കിനിയെന്തു വേണം?"

എന്നു മഹാകവി വള്ളത്തോൾ ചോദിച്ചതുപോലെ,

സബ്ജക്ടോ 'കൺട്രോൾ'; പറയുന്നതോ സ്ത്രീ;
ശബ്ദം സുവീണാകർണ്ണനോപമം താൻ;
വയസ്സു പത്തൊമ്പതിനിപ്പുറത്താ—
ണാശ്ചര്യത്തിനു കൂടാനിനിയെന്തുവേണം?

എന്ന് ഞാനും ചോദിക്കാം.

സൌഭാഗ്യവതിയുടെ പ്രസംഗം കേൾപ്പാൻ തിക്കിത്തിരക്കിക്കൂടിയ ജനാവലിയുടെ ഒരു വലിയ ശതമാനം ആനന്ദപാരവശ്യം കൊണ്ട് മതിമറന്ന പുരുഷന്മാരും, ബാക്കി അസൂയകൊണ്ട് കണ്ണുകടി തുടങ്ങിയ മഹിളകളുമായിരുന്നുവെന്ന് ഞാനിനി എടുത്തു പറയേണ്ടതില്ലല്ലോ.

അങ്ങിനെയിരിക്കെ, ഒരു ദിവസം, ഒരു പ്രസംഗവേളയിൽ, സൌഭാഗ്യവതി ഇങ്ങിനെ പറഞ്ഞു:—"സ്ത്രീകളോട് സമ്മതം ചോദിക്കാതെ, അവരുടെ രുചിയും, അഭിലാഷവും, അനുരാഗസ്ഥിതിയും അറിയാതെ, കണ്ണുകെട്ടുകല്യാണം കഴിപ്പിക്കുന്ന സമ്പ്രദായം നിർത്തേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. [ഹിയർ! ഹിയർ!— പി. എസ്സ്.] എന്റെ അഭിപ്രായത്തിൽ മേലിൽ വിവാഹബന്ധത്തിലേർപ്പെടുവാൻ ഉദ്ദേശിക്കുന്ന വനിതകൾ ഭർത്തൃസ്ഥാനാർത്ഥികളിൽ നിന്ന് ഹരജികൾ ആവശ്യപ്പെടേണ്ടതും, പ്രാഥമികസെലക്ഷൻ കിട്ടിയവരുടെ ഇടയിൽ നിന്ന്, 'ഇൻടർവ്യൂ' കഴിഞ്ഞതിനുശേഷം, തങ്ങൾക്കു പറ്റുന്ന വരന്മാരെ സ്വീകരിക്കേണ്ടതുമാണ്" [ഹസ്തഘോഷവും ചിയേഴ്സും.]

* * *

ഈ പ്രസംഗത്തിനു ശേഷം ദിവസം പതിനഞ്ചു കഴിഞ്ഞപ്പോഴെക്കും, നമ്മുടെ സൌഭാഗ്യവതിയുടെ മേശപ്പുറത്ത്, നാനാ സ്ഥലങ്ങളിൽ നിന്നും വന്ന എഴുന്നൂറുകത്തുകൾ, മഹാമേരുപോലെ, കുന്നിച്ചുകൂടി. എല്ലാം അവിവാഹിതയായ സൌഭാഗ്യവതിയുടെ സ്വയംവരത്തിനു കാംക്ഷിച്ചുകൊണ്ടുള്ള ഭർത്തൃസ്ഥാനാർത്ഥികളുടെ അപേക്ഷാഹരജികളായിരുന്നു എന്ന് പറയേണ്ടതില്ലല്ലോ.

ഏതാനും ഹരജികളുടെ പകർപ്പുകൾ താഴെ ചേർക്കുന്നു.

ഒരു ഡോക്ടർ ഇങ്ങിനെ എഴുതി:

"ആരോഗ്യവതി,

ഭവതിയുടെ ദേഹത്തിൽ നിന്ന് പുറപ്പെട്ട രശ്മികൾ കൺവഴിയായി എന്റെ തലച്ചോറി

ൽ എത്തിയ ഉടനെ അവിടെ പലേ മാറ്റങ്ങളും വന്നിരിക്കുന്നു.

ഞാൻ നല്ല പ്രാക്ടീസ്സുള്ള ഒരു ഡോക്ടറാണ്; അരോഗദൃഢഗാത്രനായ ഒരു ചെറുപ്പക്കാരനുമാണ്. പക്ഷെ ഭവതിയെ കണ്ടതുമുതൽ ഓപ്പറേഷൻ കഴിക്കുമ്പോൾ എന്റെ കൈ വിറച്ചുതുടങ്ങിയിരിക്കുന്നു. രണ്ടു മൂന്നു രോഗികൾ ഈ ഏകകാരണത്താൽ 'കൊളാപ്സാ'യിപ്പോയി. ഭവതി എന്നെ ഭർത്താവായി സ്വീകരിച്ചില്ലെങ്കിൽ എനിയും അനവധിപേർ 'കൊളാപ്സാ'യിപ്പോകുവാൻ ഇടയുണ്ട്. അതുമാത്രമല്ല, മറവുള്ള വരുടെ നെഞ്ഞത്തു കൂടൽ വെച്ച് ഹാർട്ട് പരിശോധിക്കുന്ന സമയങ്ങളിൽ എന്റെ സ്വന്തം നെഞ്ഞിടിപ്പിന്റെ ശബ്ദം എന്റെ ചെവികളിൽ "ഘും—ഘും"—എന്നു മുഴങ്ങിക്കേൾക്കുന്നതിനാൽ, അവക്കൊക്കെ ഹൃദയത്തിന്നു് എന്തോ തരക്കേടുണ്ടെന്നു് ഞാൻ ശങ്കിച്ചുപോകുന്നു. ഇതിനും പുറമെ, ഭവതിയെക്കുറിച്ചുള്ള ചിന്ത ഹേതുവായി എന്റെ ആമാശയം, പക്വാശയം, യകൃത്ത്, പിത്താശയം, പ്ലീഹ മുതലായി അനേകം ആന്തരാവയവങ്ങളും വലിയ തകരാറിലായിരിക്കുന്നു. ഒന്നുകിൽ ഭവതിയുടെ ഭർതൃപദം; അല്ലെങ്കിൽ ദീർഘകാലത്തേക്കു നീണ്ടുനിന്നു് ഒട്ടുക്കം മരണത്തിൽ പരിണമിച്ചേക്കാവുന്ന ക്രോണിക് ഡിസ്പെപ്സിയയും—എക്യൂട്ട് ഇൻസോമ്നിയയും—ഇവയിലൊന്നാണ് ഞാൻ ഭാവിയിലേക്ക് തിരഞ്ഞെടുക്കേണ്ടിവരിക.

എന്നു്,

ആജീവനാന്തം ഭവതിയുടെ,

.....(എം. ബി., ബി. എസ്സ്.)

ഒരു വക്കീൽ താഴെ ചേർക്കുംപ്രകാരം എഴുതി:

1936 മെയ്മാസം 15-ാംനു- വെള്ളിയാഴ്ച പകൽ അഞ്ചു മണിക്കോ, അതിന്നടുത്തോ, ശ്രീമതി.....യായ നിങ്ങളം.....ഗറൗസ് സ്ട്രീറ്റിലോ, പരിസരത്തിലോ, വെച്ച് ചെയ്ത പ്രസംഗത്തിൽ, ഭാവിയിൽ സ്ത്രീകളെ ഭർത്താക്കന്മാരെ സ്വീകരിക്കുന്നത് ഭർതൃസ്ഥാനാർത്ഥികളുടെ ഹരജികളെ പ്രകാരമായിരിക്കേണമെന്നോ, ആ അർത്ഥം വരുന്ന മറവു വാക്കുകളോ, പറഞ്ഞിരിക്കുകയാലും, നിങ്ങളെ അവിവാഹിതയാണെന്നു് എനിക്ക് ഉത്തമവിശ്വാസമുള്ളതുകൊണ്ടും, മേപ്പടി സമ്പ്രദായത്തിലുള്ള ഭർതൃസ്വീകരണത്തിന്നു് നിങ്ങളെ ഒരുക്കമാണെന്നു് മേപ്പടി വാക്കുകളിലൂടെ ധ്വനിക്കുന്നതിനാലും, ഈ ഹരജി എഴുതുന്ന ഞാൻ അവിവാഹിതനായതിനാലും, ഈ ഹരജിക്കു കാരണമായിത്തീർന്നിരിക്കുന്നു.

ഹരജിക്കാരനായ ഞാൻ ഇക്കഴിഞ്ഞ 1936 ഏപ്രിൽ മാസം 1-ാംനു-. മുപ്പത്തഞ്ചു വയസ്സു തികച്ചിരിക്കുന്ന ഒരു പുരുഷനാണെന്നും (ഹിന്ദു, അബ്രാഹ്മണൻ) ഇതെഴുതുന്ന സമയത്ത് ഞാൻ ഉഴലൂർ ഡിസ്ട്രിക്ട് കോർട്ടിൽ ഒരു വക്കീലാണെന്നും, പ്രതിമാസം സിവിലായും ക്രിമിനലായും ഉള്ള പ്രാക്ടറീസുകൊണ്ട് എനിക്ക് ശരാശരി വരവ് 300-ക. യാണെന്നുള്ള ഇൻകംടാക്സ് ഓഫീസരുടെ മതിപ്പിനെ ഞാൻ നിഷേധിക്കാതെ, ആ സംഖ്യയ്ക്കുള്ള തോതുപ്രകാരം ആദായനികുതി കൊടുത്തുവരുന്നുണ്ടെന്നും, തറവാട്ടുഭാഗം കഴിച്ചതിൽ, എനിക്കു കടവും കോടതിച്ചെലവും മുഴവൻ കൊടുത്തു തീർത്തതിന്നു ശേഷം കിട്ടിയ ഓഹരിവില, കമ്മീഷൻ കണക്കുപ്രകാരം 13ക. 8ണ. 9പൈ. മാത്രമാണെങ്കിലും, എന്റെ പ്രാക്ടീസുകൊണ്ടുള്ള വരവ് ഏതു സ്ത്രീയുടെയും ഭർതൃപദവിക്ക് എന്നെ അർഹനാക്കിത്തീർക്കുന്നുണ്ടെന്നും, ഞാൻ ഇതിനാൽ നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

നിങ്ങൾ എന്നെ ഭർത്താവായി സ്വീകരിക്കുന്നപക്ഷം കോടതിയുള്ള ഓരോ ദിവസവും കക്ഷികളിൽ നിന്നു ഫീസായി കിട്ടുന്ന പണത്തിൽ പകൽ സമയത്ത് കോടതിയിൽ വെച്ചുണ്ടായേക്കാവുന്ന ന്യായ്യമായ ചെലവുകൾ കഴിച്ച് ബാക്കി സംഖ്യ, വീട്ടിൽത്താമസമുള്ള ദിവസം രാത്രി പത്തു മണിക്കകത്തും, കേസ്സിന്നു പുറമെ പോയി താമസിക്കേണ്ടിവന്നാൽ തിരിച്ചു് വീട്ടിലെത്തി ഒരു മണിക്കൂർ കഴിയുന്നതിലിടക്കും, നിങ്ങളുടെ കൈവശം തന്നുകൊള്ളാമെന്നും, മുൻപറഞ്ഞ ചെലവുകളുടെ ശരിയായ ഒരു കണക്കും അതോടുകൂടി ഏല്പിച്ചുകൊള്ളാമെന്നും, കമീഷൻഫീസ്സംപ്പുടെ മറവു വഴിക്ക് കിട്ടാവുന്ന എല്ലാ വരവുകൾക്കും ഈ നിബന്ധന ബാധകമാകുന്നതാണെന്നും, നമ്മളി

ൽ ഒരാൾ മരിക്കുകയോ, വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നതുവരെ, ഞാൻ, കടാക്ഷം, പ്രേമലേഖനം മുതലായവ വഴിയായി മറ്റു യാതൊരു സ്ത്രീയുടെയും നേരെ എനിക്കുള്ളതോ, ഉണ്ടാകുവാനിടയുള്ളതോ ആയ അനുരാഗത്തെ വെളിപ്പെടുത്തുന്നതല്ലെന്നും, അങ്ങിനെയൊരു വാശാനം നിങ്ങൾ ഇങ്ങോട്ടും തരേണ്ടതായിരിക്കുമെന്നുംകൂടി ഞാൻ നിങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

1. ആരോഗ്യം.
2. സൌശീല്യം.
3. സൌന്ദര്യം.
4. യൌവനം.
5. ബുദ്ധി.
6. തറവാടിത്തം.

എന്നാൽ മാർജനിൽ വിവരിച്ചിരിക്കുന്ന നിങ്ങളുടെ ആരോഗ്യാദി ഗുണങ്ങളെപ്പറ്റി വിശ്വസ്തരായ പലേ സാക്ഷികളും പറഞ്ഞു ഞാൻ കേൾക്കുകയും, ഒന്നാം ഖണ്ഡികയിൽ പറയപ്പെട്ട ഭേദ്യസ്ഥീകരണത്തെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം അറിയുകയും ചെയ്തതുമുതൽ എനിക്കു നിങ്ങളെക്കുറിച്ചുള്ള അനുരാഗം ഹേതുവായി കേസ്സുകളിലൊന്നും ശ്രദ്ധ വേണ്ടുംപോലെ പതിയാതെയായിരിക്കുന്നുവെന്നും, അതുനിമിത്തം എന്റെ വളരെ വിലപ്പിടിച്ച ഏതാനും കക്ഷികൾക്ക് ഗണ്യമായ നഷ്ടം ഇപ്പോൾത്തന്നെ വന്നു കഴിഞ്ഞിരിക്കുന്നുവെന്നും, കാലാന്തരത്തിൽ ഈ നഷ്ടം എന്നെയും ബാധിക്കുവാനിടയുണ്ടെന്നും, ഇക്കാര്യത്തിൽ നിങ്ങൾക്ക് വല്ല ബാധ്യതയുമുണ്ടെന്ന് സിവിൽ നിയമത്തിൽ ഒരേടത്തും കാണാത്തതിൽ ഞാൻ വ്യസനിക്കുന്നുവെന്നും, പക്ഷെ, നിയമസംബന്ധമായ ഉത്തരവാദിത്വമില്ലെങ്കിലും, ഇത് നിങ്ങളുടെ കീർത്തിക്ക് ഒരു ഉടവായിരിക്കുമെന്നും നിങ്ങളെ അറിയിക്കേണ്ടുന്ന ചുമതലയും എനിക്കുണ്ട്.

നിങ്ങൾ എന്നെ സ്വീകരിക്കാത്തപക്ഷം ഈ കത്തയക്കുവാൻ എഴുത്തുകൂലി ഉൾപ്പെടേയുള്ള ചെലവ് 1രൂ. 1ണ. 2പ. എനിക്ക് അനാവശ്യമായ നഷ്ടമായിരിക്കുമെന്നും നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

എന്ന്, വിവാഹം കഴിക്കുന്നതുവരെയോ, മറ്റൊരു സ്ത്രീയിൽ അനുരക്തനാകുന്നതുവരെയോ,

നിങ്ങളുടെ സ്വന്തം,

.....(ബി. എ., ബി. എൽ.)

ഒരാഫീസുമാനേജരുടെ എഴുത്ത് ഇങ്ങിനെയായിരുന്നു:—

നമ്പർ 537/36. തിയ്യതി, 29-5-36.

റഫറൻസ്: 1936 മെയ് 15-ാംനു-ത്തെ നിങ്ങളുടെ പ്രസംഗം.

മേലെഴുതിയ സംഗതിയിൽ, നിങ്ങൾ സൂചിപ്പിച്ച അഭിപ്രായപ്രകാരം, നിങ്ങളുടെ പാണിഗ്രഹണത്തിന്ന് ഞാൻ ഒരു അപേക്ഷകനാണ്. എന്നെപ്പറ്റി അധികവിവരങ്ങളടങ്ങിയ ഒരു ഫോറവും (എ), നിങ്ങൾ എന്റെ അപേക്ഷ സ്വീകരിക്കുന്നപക്ഷം, ഒപ്പിട്ട് എനിക്ക് തിരിച്ചയക്കുവാൻ ഒരു ഫോറവും (ബി), ഇതോന്നിച്ചടക്കം ചെയ്തിരിക്കുന്നു.

മേലാലുള്ള എഴുത്തുകുത്തുകളിൽ മേൽക്കുറിച്ചിരിക്കുന്ന നമ്പർ കാണിപ്പാനപേക്ഷ.

എന്ന്, വിശ്വസ്തൻ,

.....

ഫോറം (എ.)

അപേക്ഷിക്കാരന്റെ പേരും മറ്റു വിവരങ്ങളും.

1. പേർ.....
2. സ്ത്രീയോ പുരുഷനോ എന്ന്:—പുരുഷൻ.
3. മതവും, വകുപ്പും:—ഹിന്ദു, നായർ.
4. വയസ്സ്:—27വ. 8മാ. 10ദി.
5. ഉദ്യോഗം:—ബിംഗ്ലി എൻറ് ഡിംഗ്ലി ആഫീസ് മാനേജർ.
6. ഉയരം:—5അ. 8അം.
7. തൊഞ്ഞിന്റെ ചുറ്റളവ്:—34അം.
8. മാസപ്പടിയും, ഗ്രേഡും, ഏറ്റവും അധികം കിട്ടാവുന്ന ശമ്പളവും— 95; 80–5–150; 150.
9. സ്വന്തം പേരിൽ ഒട്ടാകെ സമ്പാദ്യം 6,500രൂ.
10. ഇൻഷ്വർ ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയ്ക്കെന്നും. ഉണ്ട്; 5,000രൂക്ക്.
11. കടമുണ്ടോ എന്ന്:—ഇല്ല.

ഫോറം. (ബി.)

... ..താലൂക്ക്.....അംശം.....ദേശത്ത് .....വീട്ടിൽ ശ്രീമതി.....യായ ഞാൻ, ബിംഗ്ലി എൻറ് ഡിംഗ്ലി കമ്പനി മാനേജരായ മി.....രെ ഇന്നു മുതൽ മൂന്നു മാസത്തിന്നകത്ത് വിവാഹം ചെയ്യാമെന്നു സമ്മതിച്ചിരിക്കുന്നു.

എന്ന്, 1936.....മാസം.....തിയ്യതി.

.....(ഒപ്പ്.)

ഒരു പത്രലേഖകൻ അയച്ച ഹരജി താഴെ ചേർക്കുംപ്രകാരമായിരുന്നു:—

അഭിവന്ദ്യശ്രീമതി,

ഇക്കഴിഞ്ഞ മെയ് 15—ാംനു- വെള്ളിയാഴ്ച കൃത്യം അഞ്ചു മണിക്ക് സ്ഥലം ഗരംസ് സ്ക്വയറിൽ, ശ്രീ: കെ. കെ. മദ്രാസീയൻ അവർകളുടെ സമാരാധ്യമായ ആധ്യക്ഷ്യത്തിൽ സമ്മേളിച്ച മഹിളകളും സ്ഥലത്തെ പൌരപ്രമാണികളും ഉൾപ്പെടേയുള്ള പന്തീരായിരത്തിൽ പരം ജനങ്ങളുടെ മുമ്പാകെ ഭവതി ചെയ്ത സരസവും, പ്രസന്നവും, ഗംഭീരവും, ഊർജസ്വലവും, ഉജ്വലവും, ശ്രുദ്ധേയവും, വിജ്ഞേയവും, പ്രൌഢവും, ലളിതവും, സാരതരവും, സഭ്യരെ കോരിത്തരിപ്പിക്കുന്നതും, ആവേശജനകവും, ആദർശദീപ്തവും, പ്രത്യുൽപന്നമതിത്വവും, ശ്രവണപീയൂഷവും, ഹൃദയാവർജകവുമായ പ്രസംഗത്തെ, ഉള്ളതിലും കുറച്ചുകൂടി അധികം ഭംഗിയാക്കി ഞാൻ മലബാറിലെ എല്ലാ പത്രങ്ങളിലേക്കും അയച്ചു കൊടുത്ത് പ്രസിദ്ധം ചെയ്തിച്ചിട്ടുണ്ട്. വിവാഹവിഷയത്തിൽ ഭവതി നിർദ്ദേശിച്ച പദ്ധതി ഏറ്റവും അനുകരണീയമാണെന്നാണ് ഈ ലേഖകന്റെ എളിയ അഭിപ്രായം. അതിനെ കഴിയുന്നെടത്തോളം പ്രായോഗികമാക്കുവാനുള്ള ഒരു കായ്പരിപാടിയിൽ ഭവതിയുടെ നടപടിതന്നെ ആദ്യത്തെ ഇനമാക്കിത്തീർക്കുന്നതിൽ എന്താണ് വൈഷമ്യം? ഇക്കാര്യത്തിൽ നാട്ടുകാർക്ക് അനുഭാവമുണ്ടാക്കിത്തീർക്കേണ്ടതിന്ന് ഒരു പ്രചരണവേല നടത്തുവനാവശ്യമായ ഒരു പരിപാടിയെ രൂപവത്കരിക്കുന്നതിനു വേണ്ടി ഒരു പദ്ധതിയെ ശരിപ്പെടുത്തുവാൻ സ്ഥലത്തെ യുവജനങ്ങളും എതാനും മഹിളകളുടെ സഹായത്തോടുകൂടി അശ്രാന്തപരിശ്രമം ചെയ്യുവരുന്നുണ്ടെന്നുള്ള സന്തോഷവാർത്തയെ ഭവതിയെ അറിയിക്കുവാൻ കഴിയുന്നതിനെക്കുറിച്ച് ഈ ലേഖകനു പ്രത്യേകവും അകൈതവവും സവിശേഷവുമായ കൃതാർത്ഥതയുണ്ടെന്ന് സാഭിമാനം രേഖപ്പെടുത്തിക്കൊള്ളുന്നു. ഭവതിയുടെ ഭാഗ്യപരിപൂർണ്ണമായ ഭർതൃപദവിയിലേക്ക് ഈ ലേഖകനെയും ഒരു അപേക്ഷകനായി കരുതുവാനപേക്ഷ. ഞാൻ കേരളത്തിലെ എല്ലാ പത്രങ്ങളുടെയും സ്വ. ലേ. ആണ്.

എന്ന്, വിധേയൻ,

.....

ഇതുപോലെ ഇന്നോവരെ കിട്ടിയ എഴുത്തുകളാണെന്ന് സൌഭാഗ്യവതി അറിയിച്ചിരിക്കുന്നു. എനിയും ആരൊക്കെ എഴുതുമെന്ന് അറിയുന്നില്ല. എനി കിട്ടുന്നവ അടുത്ത ലക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

മജിസ്ട്രേട്ട്: പ്രതി തന്നെ ആഭാസനെന്നും, വങ്കനെന്നും, വിഡ്ഢിയെന്നും, പെരുക്കിയെന്നും, എരുപ്പാളിയെന്നും, തെമ്മാടിയെന്നും, ചതിയനെന്നും, കള്ളനെന്നും, ചവിട്ട് ഇരന്നുവാങ്ങുന്ന മരക്കഴുതയുടെ മകനെന്നും വിളിച്ചു. ഇല്ലേ?

അന്യായക്കാരൻ: അതെ, യജമാനനെ.

മജിസ്ട്രേട്ട്: പ്രതി പിന്നെ എന്തെങ്കിലും പറഞ്ഞുവോ?

അന്യായക്കാരൻ: പിന്നെ അവൻ എന്നെ ചീത്തപറഞ്ഞു.

* * *

ആപ്പീസിൽ എത്തിച്ചേർന്ന വൃദ്ധൻ മാനേജരോട്: "സർ, ഇവിടെ ഗോപാലൻ എന്നു പേരായ ഒരു ചെറുക്കൻ പ്രവൃത്തിയെടുക്കുന്നില്ലേ? എനിക്ക് അവനെ ഒന്നു കാണേണ്ടിയിരുന്നു. ഞാൻ അവന്റെ വലിയച്ഛനാണ്."

മാനേജർ: നിങ്ങൾ അല്പം വൈകിപ്പോയല്ലോ—നിങ്ങളുടെ പുലകുളിക്ക് നാട്ടിലെത്തണമെന്ന് പറഞ്ഞു രണ്ടു ദിവസത്തെ കല്പന വാങ്ങി അവൻ കഴിഞ്ഞ ബസ്സിലാണ് നാട്ടിലേക്ക് പുറപ്പെട്ടത്.

ഗ്രാൻറ്.

(ഒരു താരാട്ട്.)

ഗ്രാൻറ് നീ വേഗമുറങ്ങാ—നൊരു
ബ്രാൻറ് സംഗീതം തുടങ്ങാം:
കണ്മണി, നീയുറങ്ങെന്റെ—പൊന്നു—
പെണ്മണിത്തയ്യലേ, ഗ്രാന്റേ!

ദീനവാധ്യാന്മാക്കു സ്വാന്തേ—ഹന്ത,
ദ്ദുനത ചേക്കും പിരാന്തേ!
ദാസൻ ഞാനോതാം സലാം തേ—യന്ത്യ—
പ്രാസാർത്ഥം മാറുമെൻ ഗ്രാന്തേ! *
പൈതലിൻ പൂമേനി പൂണ്മാൻ—പ്രേമ—
ക്കാതലിൻ പുഞ്ചിരി കാണ്മാൻ
അമ്മ കൊതിപ്പതുപോലെ—യോഗി
ബ്രഹ്മത്തെ ധ്യാനിക്കും പോലെ,
ഏകാഗ്രഭാവനയാലേ—നിന്നെ
പ്പൂകുന്ന മാനേജർ ഹാലേ.
മറ്റു വാധ്യാന്മാക്കു സർവ—മിതി—
ലേറ്റം നിൻ കാഴ്ചയപൂർവം.

ആക്ടറിയാവു, ഹാ, നിന്റേ—ഗ്രൂഢ
മാഗ്രസഞ്ചാരങ്ങളും, ഗ്രാന്റേ?
ഒട്ട ഗവർമ്മേണ്ടിൽനിന്നു— മൊട്ട
ശിഷ്ടമാം കൌൺസിലിൽനിന്നും
വെട്ടിക്കുറച്ചു മെലിഞ്ഞ—നിന്നെ
പ്പിട്ടും പിരട്ടും നിറഞ്ഞ
ഏതാനും കൂട്ടർ മുടക്കു—മതി-
ലേതാനവക്കു കിടയ്ക്കും.
മാരി ചൊരിഞ്ഞു കഴിഞ്ഞു—ള്ളോരു
കാറു പോൽ കട്ടി കുറഞ്ഞു,
തിണ്ണന്ന മാനേജർ കൈയിൽ,—പ്പുതു-
വെണ്ണപോൽ കാളിട്ടും തീയിൽ,
ചേരുന്നരുകി നീ; പിന്നേ—സ്സ്റ്റേളി—
ലാരുണ്ടു കാണുന്ന നിന്നോ?

ഗ്രാൻറ നീ വേഗമുറങ്ങാ—നൊരു
ബ്രാൻറസംഗീതം തുടങ്ങാം:
പെണ്മണി, നീയുറങ്ങെന്റെ—പൊന്നു—
കണ്മണിത്തയ്യലേ, ഗ്രാന്റേ!

---

* ഗ്രാൻറിനെ "ഗ്രാന്റേ!" എന്നു വിളിക്കാതെ "ഗ്രാന്തേ!" എന്നു വിളിക്കേണ്ടിവന്നത് അന്ത്യപ്രാസത്തിനു വേണ്ടിയാണെന്നു് സ്പഷ്ടം.

ഭാരതത്തിലെ സഞ്ജയൻ.

'ഭാരത'ത്തിലതി സുപ്രസിദ്ധിയും
സാരതത്വനിഗമാർത്ഥസിദ്ധിയും
പാരമൊത്തു മരുവുന്ന സഞ്ജയൻ
വീരമത്സ്യനമലൻ ജയിക്കുക. 2

ഹന്ത, ഹന്ത! ധൃത'രാഷ്ട്രജാ'ഖിലോ—
ദന്തമോതി മതിചേക്കുമിപ്പുമാൻ
സന്തതം ക്ഷിതിയിലന്ധനായവ—
ന്നന്തരംഗമണിദീപമാകുമെ. 2

ഉമ്മദാശയ'ശതം' വെടുത്തു, സൽ—
ക്കർമ്മശീലരിലതീവ തൃപ്തനായ്
'ധർമ്മജോ'ന്നതഗുണപ്രസന്നനീ
നിർമ്മലൻ നിയതമുല്ലസിപ്പുതേ. 3

നവ്യവാർത്ത പലതും ഗ്രഹിച്ചതി
ശ്രാവ്യരീതിയിലതൊക്കെയോതിടാൻ
ദിവ്യചാക്ഷുഷികശക്തി നൽകുമീ—
ബ്ഭവ്യമാനസനു ചേരുമേ പരം 4

അത്രയല്ലഖിലദിക്കിലും പുകഴ്—
ന്നത്ര സർവ്വവിജയം ലഭിക്കയാൽ
എത്ര സാർത്ഥമിഹ 'സഞ്ജയ'ത്വമി—
മ്മിത്രസത്തമനു ചിത്രമെത്രയും. 5

നല്ല നല്ല സരസോക്തി സൽസുധ—
യുല്ലലേകുമതി മാധുരീയുതം
തെല്ലുമാന്തമണയാതെ ചൊൽവതി
ന്നില്ല മറ്റൊരു വദാന്യനിത്തരം 6

യുക്തിയും വിവിധനർമ്മഭാരതീ—
വ്യക്തിയും കലരുമിമ്മഹാശയൻ
ഭക്തി പൂണ്ടതി വിശുദ്ധിയും മന—
ശ്ശക്തിയും പെരിയ യോഗശാലിയാം. 7

സത്സാഹിത്യവിലാസനാടകമഹാ
രംഗത്തിലത്യന്തത—
പ്രൌഢോത്സാഹേന സുനീതിയായ നടിയെ
സ്സമ്മോദമേമോക്തിയാൽ
സത്സാമർത്ഥ്യപഥം നയിച്ചഭിനയി—
ച്ചീടും ശുഭം ചേർക്കുമി—
സ്സത്സാരാഗ്രണി സൂത്രധാരനഖിലാ—
നന്ദപ്രദൻ വാഴുക! 8

മാ. റാം.

മുടിവെട്ടുവാനുദ്ദേശിക്കുന്ന മുകിൽവേണിമാരോട്.

(ഒരു പ്രസംഗം)

II.

"മാഡ്ധവ്യ! ഈ കടിച്ചാൽ പൊട്ടാത്ത, പൊട്ടിയെങ്കിൽത്തന്നെ, പല്ലുകൂടി പൊടിഞ്ഞുപോകുന്ന ഗീർവാണശ്ലോകങ്ങളൊന്നും ഞങ്ങൾക്കു കേൾക്കണ്ട. കേരളത്തിലെ സ്ത്രീകളുടെ തലമുടിയെപ്പറ്റി പ്രസംഗിക്കുമ്പോൾ അങ്ങെയ്ക്ക് കേരളീയകവികളുടെ കവിതകളൊന്നും തോന്നുകയില്ലേ?" എന്നാണ് നിങ്ങൾ പറയുകയും ചോദിക്കുകയും ചെയ്യുന്നതെങ്കിൽ, അതിനും വിരോധമില്ല. മാഡ്ധവ്യന്റെ ഭാഷാശ്ലോകപ്പെട്ടിയിൽ ഏറ്റവും പഴക്കമുള്ള ചില റിക്കാട്ടകളെത്തന്നെ ആദ്യമായി എടുത്ത് പൊടി തട്ടാം. ഇതാ നോക്കുവിൻ—പാണ്ടമ്പറമ്പത്തു കോടൻ ഭരണിയിലെ ഉപ്പുമാങ്ങയുടെ പഴക്കവും രുചിയുമുള്ള ഒരു യമകപദ്യം:

"എല്ലാരും സകലങ്കാ
ധത്തേ ഗുണമേവ കേവലം സകലം കാ?
നാരണി കാളിമകംകരും
കുറവുണ്ടു കചേന മേഘകാളിമകംകരും."

ഇത് മലയാളമാണെന്നു പറഞ്ഞിട്ടു കാര്യമൊന്നുമില്ല. ഇതിന്ന് സംസ്കൃതശ്ലോകത്തിന്നു വേണ്ടുന്നതിനെക്കാൾ പരപ്പോടുകൂടിയ ഒരു വ്യാഖ്യാനം തന്നെ വേണം. കേൾക്കിൻ: എല്ലാരും സകലങ്കാ—ഈ ലോകത്തിൽ കളങ്കത്തോടുകൂടിയ സ്ത്രീകളെ മാത്രമെ കാണുകയുള്ളു. നിറം നല്ല പെണ്ണിന്റെ അവയവങ്ങൾക്ക് തരക്കേട്ട കണ്ടേക്കും; അവയവങ്ങളൊക്കെ എട്ടു കണ്ണൻ അളവൊത്തു തീർത്തവയാണെങ്കിൽ, നിറത്തിൽ തരക്കേട്ട കാണാം. അരയന്നത്തെപ്പോലെ നടക്കുവാൻ കഴിയുന്ന സ്കൂളനിതംബിനികൾ കിളിയെപ്പോലെ കൊഞ്ചുന്ന വീണാലാപിനികളായിരിക്കുകയില്ല. കചഭാരത്തിന്ന് ഒന്നാം സമ്മാനം വീതിക്കാതെ കിട്ടുന്നവർക്ക്, ഒരു വേള, കുചഭാരത്തിന്ന് "ഇലസ്റ്റററഡ് വീക്കിലി"യുടെ ഫൌണ്ടൻപെൻകൂടി കിട്ടിയില്ലെന്നു വന്നേക്കും. കടാക്ഷത്തിൽ കപ്പു നേടിയ കേഴമാൻകണ്ണാൾ, മന്ദഹാസത്തിൽ മെഡൽ സമ്പാദിച്ച സുഹാസിനിയായിക്കൊള്ളണമെന്നില്ല.

ഇതൊക്കെ ആലോചിച്ച്, രണ്ടാം പാദത്തിൽ കവി ചോദിക്കുകയാണ്: "ധത്തേ ഗുണമേവ കേവലം സകലം കാ?"—ആരാണ് എല്ലാ ഗുണങ്ങളേയും മാത്രമായി അണിയുന്നത്? എന്ന്.

ഈ തത്വചിന്ത പണ്ടെപ്പോഴോ മരിച്ചു മൺമറഞ്ഞുപോയ ആ കാർണോപ്പാടിന്ന് തോന്നുവാൻ കാരണമുണ്ട്. ആ കള്ളി ഉത്തരാർദ്ധത്തിൽ വെളിച്ചത്താകുന്നു. മൂപ്പിക്ക് ഏതോ ഒരു കാളിയമ്മയുടെ മകളായി നാരായണി എന്നു പേരായി ഒരു പ്രേമഭാജനമുണ്ടായിരുന്നു. അവളാണ് മൂന്നാം പാദത്തിലെ "നാരണി, കാളിമകം" (മിസ് നാരണി, ഡോട്ടർ ഓഫ് കാളി—എന്നർത്ഥം.) നാരായണിയുടെ ചുരുക്കമാണ് 'നാരണി'യെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ. 'നാരണി' കാലാന്തരത്തിൽ ചുരുങ്ങിട്ടാണ് 'നാണി'യായത്. ഭാഷാസംബന്ധമായ ഈ തെളിവുകൊണ്ട് പ്രസ്തുത ശ്ലോകം ക്രി. പി. പതിനെട്ടാം ശതകം ഉൗർദ്ധ്വൻ വലിക്കുന്ന അന്ത്യഘട്ടത്തിലാണ് രചിക്കപ്പെട്ടതെന്ന് ചില പണ്ഡിതന്മാർ പറയുന്നു. അതിരിക്കട്ടെ.

മേപ്പടി മിസ് നാരണിയുടെ കോലവും ശീലവും അടിതൊട്ടു മുടിവരെ, 'അ' തൊട്ടു 'ക്ഷ' വരെ, അവളുടെ കാമുകനായ കവി അനേകവട്ടം പരിശോധിച്ചിട്ടും ഏതെങ്കിലും ഒരു കുററമോ കുറവോ എവിടെയെങ്കിലും കണ്ടുപിടിക്കുവാൻ അങ്ങോക്ക് കഴിഞ്ഞില്ല. പൂർവ്വാർദ്ധത്തിലെ സാമാന്യനിയമപ്രകാരം അങ്ങിനെയൊരു പരിപൂർണ്ണത മനുഷ്യലോകാബലമാക്ക് വരാനും പാടില്ല. കാര്യം വിഷമമായില്ലേ?

ഈ വിഷയത്തെപ്പറ്റി എത്രയോ ദിവസം തലകാഞ്ഞു ആലോചിച്ചതിന്റെ ഫലമായി ഒടുക്കം കവിക്ക് ഒരുത്തരം കിട്ടി. നാരണിക്ക് അദ്ദേഹം ഒരു കുററം കണ്ടുപിടിച്ചു. അവളുടെ തലമുടി വീണ്ടും (ന്യൂനമത്തെ പ്രാവശ്യം) പരിശോധിച്ചപ്പോളാണ് അങ്ങോർ അതു കണ്ടുപിടിച്ചത്. അവളുടെ തലമുടിയുടെ വർണ്ണം "മേ

ഘകാളിമകഠംക്ക്"" (കരിങ്കാറിന്റെ മനോഹരമായ നിറത്തിന്ന്) കൂറവു വരുത്തിയിരിക്കുന്നു! ഒരാൾ എത്ര നല്ലവനായിരുന്നാലും, മറ്റൊരാളെ ലോകസമക്ഷം ബ്ലീച്ചടിപ്പിക്കുന്നത്, വലിയ നിലയിലുള്ളതല്ലെങ്കിൽ തീർച്ചയായും ചെറിയ നിലയിലുള്ള ഒരപരാധമാണ്. അതുകൊണ്ടു പ്രതിയായ നാരണി കുറക്കാരി തന്നെയാണ്. ഇങ്ങിനെ ഒരു വ്യാജനിദ്രകൊണ്ട് കാർമ്മേഘപ്പാട് തന്റെ നാരണിയുടെ കചഭാരത്തെയും, തടാരാ, അതിന്റെ ഉടമസ്ഥയായ പ്രേമഭാജനത്തെയും സ്തുതിച്ചു.

ശ്രീമതി നാരണിയെ താൻ ദ്വഷിക്കുകയല്ല, യഥാർത്ഥമായി സ്തുതിക്കുകയാണ് ചെയ്തതെന്ന് വളരെ ദിവസത്തെ വ്യാഖ്യാനത്തിനു ശേഷം ആ കവിക്ക് അവളെ വിശ്വസിപ്പിക്കുവാൻ കഴിഞ്ഞുവോ, അതോ, അതു സാധിക്കാതെ, "ഓതുവാൻ പോയിട്ട് ഉള്ള പുത്തിയും പോയി" എന്ന നിലയ്ക്ക് ആ വിദ്വാൻ, സ്വീകളെ 'കുവലയാനന്ദ'മെങ്കിലും പഠിപ്പിക്കാഞ്ഞതിലുള്ള കുഴപ്പമോർത്ത് ഇളിഭ്യരാശിയായി തന്റെ കവിതയുമെടുത്ത് തിരിച്ചുപോകേണ്ടിവന്നുവോ, എന്തോ, ഞാനറിയുകയില്ല.

പക്ഷെ, എന്റെ പോയിന്റ് അതല്ല. നിങ്ങളുടെ തലമുടിയൊക്കെ വെട്ടിച്ചുരുക്കിയാൽ, പരന്നുനിൽക്കുന്ന കാർമേഘപടലങ്ങളോട് അവയെ ഉപമിച്ചു എങ്ങിനെയാണ് നിങ്ങളുടെ കവികളായ കാമുകന്മാർ കൃതാർത്ഥത നേടുക? എന്നു ഞാൻ ചോദിക്കുന്നു. ആണ്ടു തോറും ആറുമാസംകാലം ആകാശം നോക്കുമ്പോൾ നിങ്ങളുടെ തലമുടിയുടെയും, അതിലൂടെ, നിങ്ങളുടെയും സ്മരണ നിങ്ങളുടെ പ്രാണനാഥന്മാരുടെ മനസ്സിൽ വരേണ്ട, എന്നാണ് നിങ്ങളുടെ സിദ്ധാന്തമെങ്കിൽ, എനിക്കിതിലൊന്നും പറയുവാനുമില്ല. പക്ഷെ, അങ്ങിനെയാണെങ്കിൽ, നിങ്ങൾ എന്തൊരു തരം പെണ്ണുങ്ങളാണ്?

അതങ്ങിനെയായിട്ടില്ലേ? എനി വേറൊരു പഴയ കവി പറയുന്നതു കേൾക്കുവിൻ:

"ചരണതളിർ തലോടും; കൂടവെ പുഷ്പമാലാം
പരിചിനൊടുവഹിക്കും; പിൻനടക്കും പ്രയാണേ
ഒരുപൊഴുതിലുമയ്യോ, വേർവിടാ വക്രഭാവം:
പരിജനമിവ,ഭദ്രേ!വേണി, കൈണോത്തരേ!
തേ."

കവി പറയുകയാണ്: അല്ലയോ കൈണോത്തരേ, കവണാറിന്റെ (മീനച്ചിൽ പുഴയുടെ) കരക്ക് അലങ്കാരമായി വിളങ്ങുന്ന ഉത്തരേ, നിന്റെ തലമുടി നിന്റെ തോഴിയെപ്പോലെയാണ്. എങ്ങിനെ? നിന്റെ തോഴി നിന്റെ കാൽത്തളിർ തലോടും; അത് സുദീർഘമായ നിന്റെ തലമുടിയും ചെയ്യുന്നുണ്ട്. നിന്റെ തോഴിയെപ്പോലെതന്നെ തലമുടിയും പൂമാലയെ വഹിച്ചുകൊണ്ടു നിന്റെകൂടെയുണ്ട്. എവിടെക്കു പോകുമ്പോഴും തോഴി നിന്റെ പിന്നാലെ നടക്കുന്നു; തലമുടിയും. അതുമാത്രമല്ല, വക്രഭാവം (കുടിലത) അവർ രണ്ടുപേരും കൈവിട്ടകയുമില്ല.

ഈ കവിയുടെ യാഥാർത്ഥമായ ഉദ്ദേശ്യം ഉത്തരയുടെ തലമുടിയെ സ്തുതിക്കുകയോ, അതല്ല, തന്നെ എന്തോ വമ്പിച്ച ഒരു പറ്റിയ്ക്കൽ പറ്റിച്ചതായി അനുമാനിക്കേണ്ടിയിരിക്കുന്ന അവളുടെ തോഴിയെ ദ്വഷിക്കുകയോ എന്ന് എനിക്ക് പറയുവാൻ കഴിയുകയില്ല. ഏതായാലു, ഒരു കാര്യം തീച്ച. ഒരു സ്ത്രീയുടെ ഏറ്റവും ഗുണവതിയായ തോഴി അവളുടെ തലമുടിതന്നെയാണെന്ന് പ്രസ്തുതകവി ഈ ശ്ലോകം മുഖേന അതി ഭംഗിയായി കാണിച്ചിരിക്കുന്നു. കാരണം സാധാരണ തോഴികളിൽ അതി ഭയംകരമായ ഒരു ദോഷമായിത്തീരുന്ന കൌടില്യം തലമുടിയിൽ, ഏറ്റവും ആകർഷകമായ ഒരു ഗുണമായിട്ടാണല്ലോ തീരുന്നത്.

അതുകൊണ്ട് അല്ലയോ കേരളത്തിലെ ഉത്തരകളേ, ഭക്ഷിണകളേ, ലക്ഷ്മിക്കുട്ടികളേ, പാറുക്കുട്ടികളേ, അമ്മുക്കുട്ടികളേ, ലീലക്കുട്ടികളേ, രാധക്കുട്ടികളേ, മറ്റനേകമനേകം — കുട്ടികളേ ഞാൻ നിങ്ങളോട് ചോദിക്കുന്നു: നിങ്ങളെ! ഒരിക്കലും വിട്ടുപിരിയാതെ, നിങ്ങളുടെ മുഖകാന്തിയെയും, ഗളകാന്തിയെയും, അല്പം ശ്രദ്ധവെച്ചാൽ, തനുകാന്തിയെത്തന്നെയും, വർദ്ധിപ്പിക്കുന്നവളും, കുറച്ചെണ്ണയും ദിവസത്തിൽ ഒരു തവണ ചീകിയൊതുക്കലുമല്ലാതെ മറ്റൊരു പ്രതിഫലവും ആവശ്യപ്പെടാത്തവളുമായ ഈ ഓമനത്തോഴിയെ നിങ്ങൾ നിർദ്ദയം വെട്ടിമുറിച്ച് നിങ്ങളിൽനിന്നു പേർപെടുത്തുകയാണെങ്കിൽ, അതൊരു വിഡ്ഢിത്തവും, കൃതഘ്നതയും, ക്രൌര്യവുമായിരിക്കും?

അലങ്കാരത്തിന്റെ കഥ അവിടെ നിൽക്കട്ടെ. തലമുടിയ്ക്ക് ഒരു പ്രയോഗികവശവുമുണ്ട്. അതിനെപ്പറ്റി ഞാൻ എന്റെ അടുത്ത പ്രസംഗത്തിൽ പറയുന്നതാണ്. [തുടരും.]

മാധവൻ.

സഞ്ജയന്റെ എഴുത്തുപെട്ടി.

മാപ്പ്!

കുട്ടമത്തമ്മാൻ പറഞ്ഞു! പണ്ടൊരിക്കൽ അമ്മാൻ പി. എസ്സിനെ സ്തുതിച്ചുകൊണ്ടെഴുതിയ ഒരെഴുത്ത് പ്രസിദ്ധപ്പെടുത്താതെ, പി. എസ്സ്. അതുമിതും പറഞ്ഞു തെറ്റിക്കളഞ്ഞതിന്നു ഒരു ശിക്ഷയായിട്ടെന്നപോലെ അദ്ദേഹം ഇപ്പോൾ ഒരു വഞ്ചിപ്പാട്ടെഴുതി അതു പ്രസിദ്ധീകരിയ്ക്കണമെന്നുള്ള സസ്നേഹനിർബന്ധത്തോടുകൂടി അയച്ചിരിക്കുകയാണ്. പി. എസ്സ്. അത് പ്രിൻടറുടെ കയ്യിൽ കൊടുക്കുന്നതോടുകൂടി, ഗ്രന്ഥകാരന്മാരുടെ സ്തുതിവചനങ്ങളെ എല്ലായ്പോഴും യാഥാർത്ഥ്യകഥനമായിട്ടല്ലാ, ഭാവിയിലേക്കുള്ള ആശിസ്സായിട്ടാണ് കരുതേണ്ടതെന്നുമാത്രം വായനക്കാരെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അമ്മാന്റെ അനുഗ്രഹം ഇതാ:—

സഞ്ജയലീല.

(നതോന്നത)

എത്തിനോക്കിച്ചിരിക്കുന്ന സഞ്ജയൻ
സഞ്ജാതഹർഷം
ഭിത്തി തോറും, ചുമൽ തോറുമറിയാതാരും!
പൊട്ടിച്ചിരി കേട്ടു ഞെട്ടി മറിഞ്ഞുനോക്കവേ,
കാണി-
ല്ലി,—ഫ്ലനുള്ളു പറിയപ്പോലും ചിരിക്കുന്നുണ്ടാം.
ഉള്ളിൽ തപ്പിനോക്കുകിലു,മവിടേയും "പരി
ഹാസ-
പ്പുള്ളി"വെച്ച ചിലതത്വമുത്തുകം കാണാം.
സഞ്ജയൻ സഞ്ചരിക്കാത്ത ദേശമില്ല,
ഗേഹമില്ല,
തൻജയക്കൊടിനാട്ടാത്ത ഹൃദയമില്ല.
ഉഗ്രവ്രമാംഉഗ്രത്തെപ്പോയ്ച്ചവിട്ടി നിരപ്പാക്കുന്ന
ദിക്കരിയായലറുന്നു ചിലഘട്ടത്തിൽ.
വാലുപോയകുറുക്കന്റെ ധീരപ്രസംഗങ്ങൾകേട്ട
നാലുപാടും നോക്കിപ്പൊട്ടിച്ചിരിപ്പു വീരൻ.
വമ്പരുടെ വിഡ്ഢിത്തമാം ഹൂട്ബോം
കാലുകൊണ്ടുതട്ടി-
പ്പമ്പരം പറപ്പിക്കുന്നു സഞ്ജയൻ വാനിൽ.
അപ്പക്കേസ്സിൽ പൂച്ചകൾക്കു വിധി ചൊന്ന
വാനരന്റെ
നൽപടുതപം കാൺമൂ തലകുലുക്കിധീരൻ.
സിംഹവേഷം കെട്ടിനിന്ന പട്ടിയുടെ
മുഖംനോക്കി
രംഹസാ ചിരിച്ച'ക്കള്ളി' പുറത്താക്കുന്നു.
തപിട്ടാൽകണ്ണുമയക്കുന്ന പട്ടുമാൽക്കെട്ടഴിച്ചു
കെട്ടുനാറും വസ്തുകണ്ടു മുഖംചുളിപ്പൂ.
പൊൻപൂശലാൽ വിലകൂട്ടും കവിതകം
സഞ്ജയന്റെ
മുമ്പിൽപ്പെട്ടാൽപ്പുറത്താകും ചെമ്പുകളെല്ലാം
വ്യക്തികളിൽദ്വേഷമില്ല,ഭക്തിക്കേതുംകുറവില്ല,
ശക്തിവെള്ളിയെന്നു ചൊന്നാൽസമ്മതിക്കില്ല.
സ്തുതികേട്ടുമയങ്ങില്ലാ, ശകാരിച്ചാൽകുലുങ്ങില്ലാ,
സ്ഥിതിതനിക്കൊന്നിൽമാത്രം: വിവേക
ത്തിങ്കൽ.
വസ്തുതത്വമതാതിന്റെ സ്വാഭാവികം
ചേന്നകണ്ടേ
നിസ്തുലശാന്തൻ സഞ്ജയൻ നിത്തുകയുള്ളു.
നേരമ്പോക്കിലേവം ലോകക്ഷേമകാംക്ഷം
പറയുന്ന
വീര! കൊച്ചുസഞ്ജയ! നീ ചിരം വാഴുക!

അർഹതയില്ലാത്ത ഈ അഭിനന്ദനത്തിനും, ആശീർവാദത്തിനും സഞ്ജയൻ, സാഞ്ജലിയായി, നന്ദി പറയുന്നു.

അതു വേറെ കാര്യം.

തലമുടി വെട്ടിക്കളയുന്നതിന്നെതിരായുള്ള ശ്രീ: മാധവന്റെ പ്രസംഗത്തെ സാഭിനന്ദനം വായിച്ച ഒരു സുകേശിനി പി. എസ്സിനോടു ഇങ്ങിനെ ചോദിക്കുന്നു.

"ആരോഗ്യക്കുറവിനാൽ തലമുടി ദുർവഹമായ ഒരു ഭാരമായിത്തീർന്നിരിക്കുന്ന എന്നെപ്പോലെയുള്ളവർ അതു വെട്ടിക്കളഞ്ഞാൽ, ആ പ്രവൃത്തി നിന്ദ്യമാണെന്നു പി. എസ്സ്. കരുതുമോ?"

ഇല്ല; അതു വേറെ കാര്യം. കാര്യവേദിനി, എല്ലാത്തരം ആഡംബരങ്ങളും ദോഷരോഗൃത്തിന്നു വിധേയത്വം വഹിക്കേണ്ടതാണ്. സുദൃഢമായ ആരോഗ്യത്തോടുകൂടി മനോജ്ഞമായ വാർകുന്തളവും വളർത്തുകൊള്ളുമല്ലൊ!

ഒരു കുറിപ്പ്. *

ഈയെടെയെങ്ങാൻ ഒരുദിവസം രാവിലെ ഏതോ ഒരു വിസ്റ്റി എഴുന്നേറ്റ് ഇങ്ങിനെ പറഞ്ഞു: "പാലാട്ടിനെപ്പറ്റി സഞ്ജയൻ എഴുതിയ പാട്ട് 'പേഴ്സനൽ' (വ്യക്തിപരം) ആയിപ്പോയിരിക്കുന്നു!" എന്ന്. ആ വിസ്റ്റി ഈ വിസ്റ്റിത്തം പറഞ്ഞത് മി: പാലാട്ട് ആരാണെന്നോ, സഞ്ജയൻ ആരെന്നോ, വ്യക്തിപരമായി എഴുതുക എങ്ങിനെയാണെന്നോ യാതൊരു വിവരവുമില്ലാതെയാണെന്ന് ഞാൻ ഏതാനും നിമിഷങ്ങൾകൊണ്ട് തെളിയിക്കാം. പക്ഷെ അതിനു മുമ്പ് ഈ വിസ്റ്റിത്തത്തിന്റെ അനന്തരചരിത്രം പറഞ്ഞുകൊള്ളട്ടെ: അതു പലരും കേട്ടു. അവരൊക്കെ മുൻപറഞ്ഞ യാതൊരു വാക്കിന്റെയും പ്രയോഗത്തിന്റെയും അർത്ഥമാലോചിക്കാതെ, അതു തങ്ങൾ സ്വന്തം ഗവേഷണത്തിന്റെ ഫലമായി കണ്ടുപിടിച്ച ഒരു തത്ത്വമെന്നപോലെ, അതും പാടിനടന്നു. ക്രമേണ, വിസ്റ്റിയുടെ വായിൽനിന്നു വിസ്റ്റിയുടെ ചെവിയിലേക്ക്, ഒരു സാംക്രമികരോഗമെന്നപോലെ, ഈ അർത്ഥശൂന്യമായ വാചകം പകർന്നു. ഇങ്ങിനെ അതു പരന്നുകൊണ്ടിരിക്കെയാണ് ഒരു വകതിരിവുള്ള മനുഷ്യൻ എഴുതിയ ആളോടുതന്നെ അതിനെപ്പറ്റി ചോദിച്ചുകളയാമെന്ന് കരുതി, ഒരു ദിവസം രാവിലെ പി. എസ്സിന്റെ ഭവനത്തിൽ കയറിവന്നത്. പി. എസ്സ്. ഈ അപരാധാരോപണം ക്ഷമാപൂർവ്വം കേട്ടു. അതിനുശേഷം, മേശപ്പുറത്തുള്ള ഒരു വലിയ കെട്ടിയ പുസ്തകം ചൂണ്ടി, തന്റെ അതിഥിയോട് ഇപ്രകാരം ചോദിച്ചു:

"നിങ്ങൾ.....എന്നു പേരായി ഒരു പത്രസ്ഥനെപ്പറ്റി കേട്ടിട്ടുണ്ടോ?"

"ഉണ്ട്."

"അതൊരു ഫലിതപത്രസ്ഥനമല്ലേ?"

"അതെ."

"വ്യക്തിപരമല്ലാതെ, സദ്ദ്യോതരത്വമില്ലാതെ, ഫലിതമർമ്മവിജ്ഞാനത്തെ സംബന്ധിച്ചേടത്തോളം, മറുവാക്കിന്നിടം കൊടുക്കാതെ, സ്ഥിരമായ ചില ആദർശങ്ങളെ മുൻനിർത്തി പരിഹസിക്കുകയും, ഫലിതം പറയുകയും ചെയ്യുന്നതിൽ ലോകത്തിലെ മറ്റെല്ലാ ഫലിതപത്രസ്ഥനങ്ങൾക്കും ഏതാണ്ട് ഒരു നൂറാണ്ട് കാലമായി ഏകമാർഗ്ഗദർശിയെന്നു സർവരാലും സമ്മതിക്കപ്പെട്ട ഒരു അസാധാരണ്പ്രസ്ഥമാണതെന്ന് നിങ്ങൾ സമ്മതിക്കുകയില്ലേ?"

"സമ്മതിക്കും."

"ശരി. എന്നാൽ അതിന്റെ ഒരു വാള്യമാണ് ഈ കെട്ടിയ പുസ്തകം. ഇതിൽ ഒരിടത്ത് കുറെക്കാലം ബ്രിട്ടീഷു പ്രധാനമന്ത്രിയായിരുന്ന മി: റാംസേ മെക്ഡോണാൾഡിനെപ്പറ്റി പ്രസിദ്ധപ്പെടുത്തിക്കാണുന്ന ഒരു ഗാനത്തിന്റെ ഏകദേശതർജ്ജമ കേൾക്കണോ? ശ്രദ്ധിയ്ക്കുക!

* * * *

'ഹാ, റാംസേ! അങ്ങുന്ന് മന്ത്രിപദത്തിൽ എഴുന്നെള്ളിയിരുന്നിട്ട് കാലം കുറച്ചായല്ലോ! ബ്രിട്ടീഷ് പാർലിമെണ്ടാകുന്ന വിഗ്രഹത്തെ തട്ടിത്തകർക്കുവാൻ ഒരുങ്ങിപ്പുറപ്പെട്ട, ഹേ, ബിംബഭഞ്ജക! അങ്ങയുടെ കയ്യിലുണ്ടായിരുന്ന ഗദ അങ്ങ് എവിടെക്കളഞ്ഞു?

അയ്യോ, റാംസേ! പാർലിമെണ്ടിന്റെ വാതിൽ കടക്കുമ്പോഴെക്കും അങ്ങയുടെ കണ്ണിൽ ഇരുട്ടു കേറിയെന്നോ? അങ്ങയുടെ കൈകൾ വിറച്ചുവെന്നോ? കാൽ കുഴഞ്ഞുപോയെന്നോ? തല തിരിഞ്ഞുപോയെന്നോ? ഹൽസ്പന്ദനം നിന്നുപോയെന്നോ?

എന്റെ റാംസേ! ഓ, റാംസേ! ഈ തീർപ്പുമാറ്റത്തിന്റെ രഹസ്യം ഞങ്ങളോട് പറഞ്ഞുകൂടെ? ഞങ്ങൾ അവിടുത്തെ ആരാധകന്മാരല്ലേ? ബ്രി. പാർലിമെണ്ട് തകർന്നു വീഴുന്നതു കാണാൻ ഊണും ഉറക്കവുമൊഴിച്ച് കിടന്നവരല്ലേ? ഞങ്ങളെ ഇങ്ങിനെ പറഞ്ഞു പറ്റിച്ചതു പന്തിയായോ?

റാംസേ! ഓമന റാംസേ! പ്രിയപ്പെട്ട, പ്രിയപ്പെട്ട റാംസേ! പണ്ടത്തെ ആ ധീരവചനങ്ങൾ ആ ചുണ്ടുകൾ കടന്ന് എനി വരികയില്ലേ? ബാണം പോലെ അന്തരിക്ഷത്തിലേക്ക് പൊന്തിയ ഒരു നേതാവുകൂടി വടിപോലെ കീഴ്പോട്ട് പതിച്ചുവെന്നോ?

---

* 1936 മെയ് 17-ാംനു-ത്തെ "കേരളപത്രിക"യിൽ നിന്ന്.

ഹാ, റാംസേ! എനിയത്തെ പ്രാവശ്യം അ ത്തേയ്ക്കു വേണ്ടി വോട്ടുചെയ്യാൻ ശ്രമിക്കുമ്പോ ൾ കണ്ണുനീരുകൊണ്ട് അങ്ങയുടെ പേരെഴുതിയ സ്ഥലം ഞാൻ കാണുമോ? കൈവിറകൊണ്ട് ആ പേരിന്റെ എതിരായി അടയാളം കുറിപ്പാ ൻ എനിക്കു സാധിക്കുമോ? പോളിങ്ങ് ബൂത്തി ലേക്ക് എന്നെ ബോധമില്ലാത്ത നിലയിൽ എ ടുത്തുകൊണ്ടുപോകേണ്ടി വരികയില്ലേ?

ഹാ, റാംസേ! അയ്യോ, റാംസേ! ഓ, റാം!'

* * * *

"ചങ്ങാതി, ഈ ഗാനത്തെപ്പറ്റി എന്തു പറ യുന്നു? നിങ്ങളോട് 'ആട്ടെ, പാലാട്ടേ!' എന്ന പാട്ട് പേഴ്സനലായിപ്പോയെന്ന് പറഞ്ഞ ആ മഹാഫലിതമമ്മജ്ഞനെ ഇതൊന്നു വായി ച്ചു കേൾപ്പിക്കണം. അദ്ദേഹത്തിന്റെ വില യേറിയ അഭിപ്രായത്തെ ഈ പത്രഗ്രന്ഥത്തി ന്റെ പത്രാധിപക്ക് കഴിയുന്ന വേഗത്തിൽ എ ത്തിച്ചുകൊടുപ്പാൻ പറയുകയും വേണം. ഇങ്ങി നെയൊക്കെ വ്യക്തിപരമായി എഴുതുവാൻ പാടുണ്ടോ? അല്ലേ? തീർച്ചയായും അവരെ വി വരമറിയിക്കണം. കേരളത്തിലെ ഏതാനും ഹാസ്യരസകോവിദന്മാരുടെ ബുദ്ധിശക്തി അ വരറിയാതെ പോകരുത്. അതു നമുക്കുകൂടി അ ഭിമാനകരമായ ഒരു കാര്യമല്ലേ?"

* * * *

സഞ്ജയൻ ഇതോ, ഈ അർത്ഥം വരുന്ന വാച കങ്ങളോ, പ്രസ്തുത സുഹൃത്തോടു പറഞ്ഞു. എ ൻറെടുന്നേ, പി. എസ്സ്. നന്നെ മടുത്തു. ഇല്ലാട്ട രെ ഒരു നൂറാണ്ടിന്നകത്ത് ഇതിൻറെയൊക്കെ അർത്ഥവും തത്ത്വവും പറഞ്ഞു മനസ്സിലാക്കി ക്കൊടുക്കുവാൻ ബ്രഹ്മാവ് താൻ വിചാരിച്ചാ ലും കഴിയുകയില്ലെന്ന് എനിക്ക് കൂടെടുത്തു ബോ ധ്യമായിത്തുടങ്ങി. ഒരൌദ്യോഗികവേഷത്തി ന്റെ രാഷ്ട്രീയസംരംഭത്തെക്കുറിച്ചു പറയുന്ന സംഗതികളും വരയ്ക്കപ്പെട്ടന്ന ചിത്രങ്ങളും "പേ ഴ്സനൽ" ആണെന്നു ധരിച്ചു വശാക്കിയിരിക്കു ന്ന പുത്തിയല്ലേ പുത്തി? എന്റെ കുട്ടൻ വെയി ലത്തു നടക്കരുതേ! ഉറച്ചു കുട്ടിയായി നിൽക്കു ന്ന ആ ഫലിതവജ്രജ്ഞാനം ഉരുകി കണ്ണിലിറ ങ്ങിപ്പോകും! "വിദ്വാനാം മൌനമപണ്ഡിതാ നാം!" ഇതൊന്നും എനിയും മനസ്സിലായില്ലെ ങ്കിൽ, ദൈവത്തെ വിചാരിച്ച്, മിണ്ടാതിരിക്കു തോ? ആരെങ്കിലും അഭിപ്രായത്തിനു ക്ഷണി ച്ചുവോ? 'പേഴ്സനലാ'യിപ്പോയി പോലും!!

* * * *

സാറേ, എനി പി. എസ്സ്. പറയട്ടെ? മി: പാലാട്ട് സഞ്ജയന്റെ കണ്ണിൽ, വിശക്കുമ്പോ ൾ ഉണ്ണുകയും, ദാഹിക്കുമ്പോൾ കുടിക്കുകയും, ഉണ്ണിക്കുമ്പോൾ വീഴുകയും ചെയ്യുന്ന ഒരു വ്യ ക്തിയല്ല; മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ യും, ഡിസ്ട്രിക്ട് എഡ്യുക്കേഷനൽ കൌൺസി ലിന്റെയും പ്രസിഡണ്ടും, അടുത്ത നി. നി. സ. തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയും മാത്ര മാണ്. ഈ മൂന്നു സ്ഥാനങ്ങളിൽനിന്നും അദ്ദേ ഹം ഏതു മാത്രയിൽ ഒഴിയുന്നുവോ, ആ നിമി ഷം മുതൽ പി. എസ്സിനെ സംബന്ധിച്ചേട ത്തോളം, മി: പാലാട്ട് എന്ന ഒരു വ്യക്തിയി ല്ല. ഡിസ്ട്രിക്ട് എഡ്യുക്കേഷനൽ കൌൺസിലി ന്റെ കഴിഞ്ഞ പ്രസിഡണ്ടിനെ സഞ്ജയൻ ഒ രു കാലത്ത് അറിഞ്ഞിരുന്നു. (നിങ്ങൾക്ക് ആ പഴയ കഥ ഓർമ്മയുണ്ടോ?) ആ പ്രസിഡണ്ടു പോയി. പിന്നീട് ആ വ്യക്തിയെപ്പറ്റി സഞ്ജ യന്റെ പേനയിൽനിന്ന് ഒരു തുള്ളി മഷി കട ലാസ്സിലിറങ്ങിയോ? ബുദ്ധിമാനേ, വ്യക്തിപര മായും വ്യക്തിപരമല്ലാതെയും പറയുക എങ്ങി നെയാണെന്ന് ഇപ്പോൾ കുറേശ്ശ വെളിവായി വരുന്നുണ്ടോ? ഏതാൻ ചില ഔദ്യോഗികവേ ഷങ്ങളെ, ഔദ്യോഗികവേഷങ്ങളെന്ന നിലയിൽ സഞ്ജയൻ വേണ്ടുംപോലെ മൂണ്ടീട്ടില്ലെന്ന് ഒരാവലാതിയുണ്ട്. അതിനെ സഞ്ജയന്ന് പുല്ലു വിലയാണ്. മൂണ്ടബില്ലായ എല്ലാവരെയും മൂ ണ്ടിക്കൊള്ളാമെന്ന് സഞ്ജയൻ കരാറെടുത്തിട്ടി ല്ല; അതിന് 'പത്രിക' യുടെ എട്ടാം പെയ്ജല്ല, എട്ടു പെയ്ജും മതിയാവുകയുമില്ല; 'പത്രിക' ദിനപത്രമായിരുന്നാലും മതിയാവുകയില്ല. പ ക്ഷെ അമൂണ്ടന്മാരായവരെ മൂണ്ടിയെന്നോ, വ്യക്തികളെ, രണ്ടു പ്രാവശ്യമൊഴിച്ച്, വ്യക്തി കളെന്ന നിലയിൽ, പി. എസ്സ്. അധിക്ഷേപി ച്ചുവെന്നോ, പറയാൻ കരളുറപ്പുള്ള ധീരനെയാ ണ് പി. എസ്സ്. നേരിട്ട് കാണുവാനാഗ്രഹിക്കു ന്നത്.

* * * *

"രണ്ടു പ്രാവശ്യമൊഴിച്ച്" എന്നു പറഞ്ഞു വല്ലോ; ആ രണ്ടു പ്രാവശ്യം വ്യക്തികളെ വ്യ

കതികളെന്ന നിലയിൽ എന്തിന്ന് പിടിച്ചു? എന്ന് നിങ്ങളം ചോദിക്കും. അതോ? അതും പറയാം. ആ രണ്ടു പ്രാവശ്യവും രണ്ടു നിർഭാഗ്യവാന്മാർ, സഞ്ജയൻ ഒരു വ്യക്തിയല്ല, ഒരു വീക്ഷണം മാത്രമാണെന്ന സംഗതി വിസ്മരിച്ചു്, ഉണ്ണുകയും, ഉറങ്ങുകയും, സ്നേഹിക്കുകയും, കോപിക്കുകയും ചെയ്യുന്ന ഒരു സാധാരണ മനുഷ്യനെ ശകാരിച്ചുകളഞ്ഞു. അങ്ങിനെ മേലിലും വല്ല ബുദ്ധിശൂന്യനും ചെയ്യാൻ ഭാവിക്കുന്നുണ്ടെങ്കിൽ അവന്നൊരു പാഠമായിരിക്കട്ടെ എന്നു കരുതി, പി. എസ്സ്. അല്പം ക്രൌര്യത്തോടുകൂടി അവരെ ആഞ്ഞൊന്നാടിക്കേണ്ടിയും വന്നു. അതിലും ശക്തിയോടുകൂടി പി. എസ്സിന്ന് അടിക്കുവാൻ കഴിയുകയില്ലെന്നു ആ പാവങ്ങളം വിചാരിച്ചിട്ടുണ്ടായിരിക്കും. അതും തെറ്റാണു്; പക്ഷെ അതു തെറ്റാണെന്ന് തെളിയിക്കുവാൻ ആരും സഞ്ജയനെ നിർബന്ധിക്കാതിരിക്കട്ടെ!

* * * *

ഇതൊരധികപ്രസംഗമാണെന്ന് നിങ്ങളിൽ ചിലക്കെങ്കിലും ഉള്ളിൽ തോന്നുമെന്ന് എനിക്കറിയാം. അല്ല, സാർ! സഞ്ജയന്ന് ഒരൊറ്റ അധികപ്രസംഗമുണ്ടെങ്കിൽ, അത് താൻ അധികപ്രസംഗിയല്ലെന്നുള്ള ഒരു അധികപ്രസംഗം മാത്രമാണ്. ഇതുവരെ ഒരു സുഹൃത്തിൻറെയെങ്കിലും സ്തുതി സഞ്ജയൻറെ തല തെറിപ്പിച്ചിട്ടില്ല. ഒരു റിപ്പോർട്ടിലെങ്കിലും പേരച്ചടിച്ചു കാണാനോ, പ്രധാനമായ വല്ല ഗ്രൂപ്പ് ഫോട്ടൊവുമുണ്ടെങ്കിൽ, അതിൽ ആരുടെയെങ്കിലും വാലിന്മേൽത്തുങ്ങി കടന്നുകൂടുവാനോ, തഞ്ചംകിട്ടിയ ദിക്കിൽ ചാടിച്ചെന്നു ചിലക്കുവാനോ, പേരും പെരുമയുമുള്ളവരുടെ മേൽവിലാസം തേടിപ്പിടിച്ച് അവക്കു എഴുത്തയക്കുവാനോ, അവരുടെ മരപടികളം മറവുള്ളവരെ കാണിച്ച് തൻറെ പ്രാമാണ്യം സ്ഥാപിക്കുവാനോ, ഇതിന്നൊന്നും സഞ്ജയൻ ഇന്നല്ല, ഇന്നലെയും മിനിഞ്ഞാന്നും തുനിഞ്ഞവനല്ല. ആരും കാണാതെ, ഏതോ വഴിക്ക്, കൂട്ടത്തിൽ നിന്നൊഴിഞ്ഞു മാറിപ്പോകുവാൻ ശ്രമിച്ച സഞ്ജയൻ എങ്ങിനെയോ, ആരുടെ ദുരിതഫലം കൊണ്ടോ, ഇങ്ങിനെ ആളുകളുടെ മുമ്പിലെത്തി വീണു. ഇന്നും സഞ്ജയൻറെ ശ്രമം സാറിനെപ്പോലെയോ, സാറിനെപ്പോലെയോ, സാറിനെപ്പോലെയോ തിക്കിക്കടക്കുവാനോ, വലിഞ്ഞുകേറുവാനോ, കൂക്കിവിളിച്ചാകഷിക്കുവാനോ അല്ല; ഒഴിഞ്ഞു നില്ക്കുവാനും മാറിപ്പോകുവാനും മാത്രമാണ്. നിങ്ങളുടെ 'അപ്പാസ്' പി. എസ്സിനു വേണ്ട. വേണമെന്നു തോന്നിയിരുന്നുവെങ്കിൽ,കിട്ടിയാലും ഇല്ലെങ്കിലും,കുറെ മുമ്പെ അതിന്നു ശ്രമിക്കുമായിരുന്നു. ഇന്നു് സഞ്ജയനൊരു പ്രാർത്ഥനയേ ഉള്ളു: ധർമം, തന്നാലും, വേണ്ട; നായെ പിടിക്കുട്ടാതിരുന്നാൽ മതി. "അത് വ്യക്തിപരമാണ്; മണ്ണാങ്കട്ടപരമാണ്"; എന്നൊന്നും അർത്ഥമറിയാതെ പുലമ്പാതിരിക്കണം.

* * * *

സഞ്ജയൻറെ വ്യക്തിത്വത്തെപ്പറ്റി പറയുമ്പോളാണ് ഒരു കാര്യം ഓർമ്മവരുന്നത. ഈയെടെ ഒരു മാന്യവായനക്കാരി സഞ്ജയന്നയച്ച കൃപാസുരഭിലമായ ഒരെഴുത്തിൽ ഇങ്ങിനെയെഴുതി:

"സഞ്ജയൻ.....(ഇന്ന ആളാം).....അല്ലെന്നു തെളിയിക്കുവാനുള്ള ശ്രമം എനിയും തുടരേണമെന്നില്ല!" എന്ന്. ഈ എഴുത്തിന്ന് പി. എസ്സ്. മറുപടി അയച്ചിട്ടില്ല. ആരാണെങ്കിലും ഒരു മറുപടി അയച്ചിട്ട്. അതിനെപ്പറ്റി പലരും, അവരവരുടെ സ്വഭാവമനുസരിച്ച്, വെറുത്തും, മുഷിഞ്ഞും, തെറ്റിദ്ധരിച്ചും, വ്യസനിച്ചും, മാപ്പാക്കിയും കഴിഞ്ഞു. അതു പോട്ടെ. ഈ കുട്ടിയോട് പി. എസ്സ്. എന്തു പറയും? ശ്രീമതി, സഞ്ജയൻ (ശ്രീമതി വിചാരിക്കുന്ന അർത്ഥത്തിൽ) ഇന്ന ആളാണെന്ന് അറിയുന്നവരെത്തന്നെയാണ്, അവരുടെ ധാരണ (സഞ്ജയൻ വിചാരിക്കുന്ന അർത്ഥത്തിൽ) മഹാ അബദ്ധമാണെന്ന് മനസ്സിലാക്കിക്കുവാൻ പി. എസ്സ്. നിരന്തരശ്രമം ചെയ്യുന്നതു്. സഞ്ജയൻ ഞാനല്ല: സഞ്ജയൻ എൻറെ ഒരു ഭാഗമാണ്; ഒരു പക്ഷെ, ഒരു പ്രധാനഭാഗമാണ്; പക്ഷെ തീച്ചയായും ഞാൻ മുഴുവനുമല്ല. എന്നിലുള്ള സഞ്ജയാംശം, ഏറുകുറെ, പലരിലുമുണ്ട്; (ഇല്ലെങ്കിൽ, 'സഞ്ജയൻ' മാസിക ഒരൊറ്റ കോപ്പി പോലും ചെലവാവുകയില്ല.) അത് ഞാൻ ജനിക്കുന്നതിന്നു മുമ്പുണ്ടായിരുന്നു; ഞാൻ മരിച്ചാൽ നിലനിൽക്കുകയും ചെയ്യും. (ഇത് മിസ്റ്റിക് കവിതയോ വേദാന്തമോ അല്ല. ചരി

രും ശരിവെക്കുന്ന ഒരു വെറും വാസ്തവം മാത്രമാണ്.) സഞ്ജയൻ ഒരു വീക്ഷണകേന്ദ്രവും, അഭിപ്രായഗതിയും, ബാഹ്യലോകത്തെ സംബന്ധിച്ചുള്ള ഒരു പ്രതിഫലനവശവുമാണ്. എന്നെ ബാക്കി അംശങ്ങളും അവനെ അനുസരിക്കുവാൻ, അനുകരിക്കുവാൻ, സദാ ശ്രമിക്കുകയാണ്. അവനാകുന്ന സങ്കല്പസൃഷ്ടിയുടെ ആദർശങ്ങളിൽനിന്നു ഞാനാകുന്ന ഉണ്മൽവ്യക്തി പലപ്പോഴും ഊരി വീണുപോകാറുണ്ട്. അതുകൊണ്ടാണ് അവനെ എന്നിൽനിന്നു വേർതിരിച്ചു നിർത്തി, അവനു് വേറൊരു പേരു കൊടുത്തത്. അല്ലാതെ, കള്ളപ്പേരുകാരിൽ പലരും ചെയ്യും പോലെ, പത്രാധിപരെ മാത്രം വിശ്വാസത്തിൽ പെടുത്തി, മറയുടെ പിന്നിൽനിന്ന് ഒളിയമ്പെയ്യുവാനല്ല; ഭീരുത്വം കൊണ്ടുമല്ല.

* * * *

"അല്ലേ, നിങ്ങളാരാണെന്ന് എല്ലാവരും അറിഞ്ഞുപോയല്ലോ! അതു വലിയ മോശമായിപ്പോയി!" എന്ന് ചിലരൊക്കെ എന്നോടു പറഞ്ഞിട്ടുണ്ട്. ഞാൻ അപ്പോളൊക്കെ അതുതപ്പെട്ടിട്ടുമുണ്ട്. യഥാർത്ഥമായി, ഞാൻ ആരെന്ന് അറിയുന്നവർ തന്നെയാണ് എന്നെ തീരെ മനസ്സിലാക്കാത്തവരെന്ന് എനിക്ക് അതുകൊണ്ട് വെളിവായി. ഇതിന്നൊരു ഉദാഹരണം വേണമോ? ഞാൻ പറയാം; "പഞ്ച്" പത്രഗ്രന്ഥത്തിൽ "ഈവോ" എന്ന പേരിൽ എഴുതുന്നതാരാണ്? അതിന്റെ പത്രാധിപരായ മി: ഇ. വി. നോക്സ്. "എ. പി. എച്ച്" ആരാണ്? മി: എ. പി. ഹെർബെർട്ട്. "എ. എ." യോ? മി: ആൻഥണി ആം സ്ട്രോങ്ങ്. ഇതൊക്കെ ഇന്ത്യയിലിരിക്കുന്ന ഞാൻ എങ്ങിനെ മനസ്സിലാക്കി? ആറാറു മാസം കൂടുമ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്ന ഓരോ "പഞ്ച്" വാള്യത്തിന്റെയും വിഷയാനുക്രമണിയിൽ അതിലെ ലേഖകന്മാരുടെ ശരിയായ മുഴുവൻ പേരും അച്ചടിച്ചു കാണാം! പക്ഷെ അത് പ്രസിദ്ധപ്പെടുത്തിയതിനു ശേഷവും അവർ പഴയ കല്പിതനാമധേയങ്ങളോ, ആദ്യാക്ഷരങ്ങളോ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. നമ്മുടെ ശ്രീമതിയുടെ അഭിപ്രായപ്രകാരം, വായനക്കാർ ആളെ മനസ്സിലാക്കിയതിനുശേഷവും അവർ കല്പിതനാമധേയങ്ങളും ഉപയോഗിക്കുന്നതു് ഒരുതരം വിഡ്ഢിത്തമല്ലേ? ഈ ചോദ്യത്തിന്റെ ഉത്തരമാണ് നടേ പറഞ്ഞത്: കള്ളപ്പേര് ഉപയോഗിക്കുന്നതു് ആളെ മനസ്സിലാക്കിക്കളയുമെന്നുള്ള ഭയം കൊണ്ടല്ല: ഈ പരിഹാസി മറവുള്ളവരെക്കാളും താൻ വമ്പനെന്നു നടിക്കുന്ന ഒരു വ്യക്തിയല്ല; ഏതാനും ആദർശങ്ങളെ മുൻനിർത്തിയുള്ള വെറും ഒരു നോട്ടമാണ്; എന്നു വായനക്കാർ മറക്കാതിരിക്കുവാൻ വേണ്ടിയാണ്. കേട്ടോ, ശ്രീമതി? അതുകൊണ്ട് പി. എസ്സിന്റെ പേന പിടിച്ച കൈയുടെ ഉടമസ്ഥൻ ഇന്ന വ്യക്തിയാണ് എന്ന് മനസ്സിലാക്കിയതിന്ന് പ്രത്യേകിച്ച് മാക്കൊന്നുമില്ല. അത്, വേണമെങ്കിൽ, ഒരു ദിവസം സഞ്ജയൻ തന്നെ നേരിട്ടു പറഞ്ഞേക്കാം. പക്ഷെ സഞ്ജയൻ ആ വ്യക്തിയാണെന്നു മാത്രം ശ്രീമതിയും മറവുള്ളവരും തെറ്റിദ്ധരിക്കാതിരുന്നാൽ മതി. തഥാസ്തു!

കുട്ടികൾക്കെല്ലാം പാൽ ധാരാളമായി കൊടുക്കേണ്ടതാണെന്നു് പുതിയ ഇന്ത്യാവൈസ്രോയി ഈയെടെ ഉപദേശിച്ചിരിക്കുന്നു.

അവിടത്തെ ഉപദേശം ഫലപ്രദമാകണമെങ്കിൽ, പത്രക്കാരെക്കെല്ലാം പുല്ലും ധാരാളമായി കൊടുക്കേണ്ടതാണെന്ന് ഞങ്ങളും, സവിനയം ഉപദേശിച്ചുകൊള്ളട്ടെ?

* * * * *

പുകവലിയന്മാരുടെ തലച്ചോറിന്റെ പ്രവൃത്തിയെ പുകവലി കാലാന്തരത്തിൽ തടയുമെന്ന് ഒരു വൈദ്യൻ താക്കീതു ചെയ്യുന്നു.

നേരെ മറിച്ച്, വൈദ്യന്മാരുടെ തലച്ചോറിന്റെ പ്രവൃത്തി പുകവലിയെ കാലാന്തരത്തിൽ തടഞ്ഞേക്കുമെന്നാണ് ഒരു പുകവലിയൻ ഭയപ്പെടുന്നത്.

* * * * *

ഭാര്യ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഭർത്താവു് ഉറങ്ങുന്നതു് മര്യാദയല്ല.

ശരിയാണ്; പക്ഷെ ഭർത്താവു് എപ്പോഴെങ്കിലും ഒരിക്കൽ ഉറങ്ങാറുണ്ടോ?

അറിയിപ്പ്.

1. 'സഞ്ജയ'ന്ന് കേരളത്തിലും, പുറമെ മലയാളികൾ അധികമുള്ള നഗരങ്ങളിലും ഏജണ്ടുമാരെ ആവശ്യമുണ്ട്. കമീഷൻതോതുകൾക്ക് താഴെ ചേർക്കുന്ന വിലാസത്തിൽ എഴുതിച്ചോദിക്കുക.

2. ഒറ്റപ്രതിയ്ക്കാവശ്യപ്പെടുന്നവർ രണ്ടണയുടെ സ്റ്റാമ്പയച്ചാൽ പോര; രണ്ടേകാലണയുടെ സ്റ്റാമ്പയക്കണം.

3. ഒറ്റപ്രതിയ്ക്ക് പുറംകവറിന്മേൽ ചേർത്തുകാണുന്ന 2ണ. വില ഇന്ത്യയ്ക്കുള്ളിലാണ്. സിലോൺ, എഫ്. എം. എസ്സ്. മുതലായി ഇന്ത്യയ്ക്കു പുറമെയുള്ള സ്ഥലങ്ങളിൽ ഒരു പ്രതിയ്ക്ക് വില 3 അണയും, ഒരു കൊല്ലത്തേക്കുള്ള വരിസംഖ്യ 2ക. 4ണ. യുമാണ്.

4. വി. പി. യായി ആർക്കും മാസിക അയച്ചുകൊടുക്കുന്നതല്ല.

5. പരസ്യങ്ങൾ അയക്കുന്ന ഏജണ്ടുമാക്ക് അതിനുള്ള കമ്മിഷൻ വേറെ കൊടുക്കുന്നതാണ്.

6. ചിറക്കൽ, കാസർഗോഡ് എന്നീ താലൂക്കുകളിലേക്ക് "സഞ്ജയ"ന്റെ പ്രധാന ഏജണ്ടായി മി: കെ. യു. പണിക്കരെ നിശ്ചയിച്ചിരിക്കുന്നു. മേപ്പടി താലൂക്കുകളിൽ എവിടെയെങ്കിലും സബ്ബ് ഏജൻസി വേണമെന്നുള്ളവർ മി: കെ യു. പണിക്കർ, "സഞ്ജയൻ" ഏജണ്ട്, P. O. Cannanore എന്ന മേൽവിലാസത്തിൽ അദ്ദേഹത്തോട് നേരിട്ട് എഴുതിച്ചോദിക്കേണ്ടതാണ്.

മാനേജർ, "സഞ്ജയൻ",
സഞ്ജയൻ ആപ്പീസ്,
P. O. Puthiyara,
(Malabar, S. India)

ലേഖകന്മാരോട്.

"സഞ്ജയ"നിൽ പ്രസിദ്ധീകരണത്തിന്നയക്കുന്ന ലേഖങ്ങളിൽ സഞ്ജയന്റെ ആദർശത്തിന്നും ശൈലിയ്ക്കും ഉപയുക്തമായ എല്ലാ മാറ്റങ്ങളും വരുത്തിയതിന്ന ശേഷമേ അവയെ പ്രസിദ്ധപ്പെടുത്തുകയുള്ളൂ. ചിലപ്പോൾ ഉപന്യാസങ്ങളുടെ അധികഭാഗവും മാറ്റിയെഴുതപ്പെട്ടു എന്നും വന്നേക്കാം. ഈ സ്വാതന്ത്ര്യം സാഹിത്യനായകന്ന് അനുവദിക്കുവാൻ ഇഷ്ടപ്പെടാത്തവർ മുൻകൂട്ടി വിവരമറിയിക്കണം; ഉപന്യാസം തിരിച്ചുകിട്ടേണമെന്നാഗ്രഹമുണ്ടെങ്കിൽ, അതിന്റെ കൂടെത്തന്നെ, ലേഖകന്റെ പേരും മേൽവിലാസവുമെഴുതി സ്റ്റാമ്പൊട്ടിച്ച കവർ അടക്കം ചെയ്യുകയും വേണം.

പി. എസ്സ്.

Regd. No. M. 3497.

കേരള പത്രികാ.

ESTABLISHED (1884).

'പത്രിക'യുടെ എല്ലാ ലക്കങ്ങളിലും ചരിത്രം, ശാസ്ത്രം സമുദായം, രാഷ്ട്രം ഇത്യാദികളെ സംബന്ധിച്ചുള്ള വിജ്ഞാനയങ്ങളായ ലേഖങ്ങളും കുറിപ്പുകളും (രണ്ടാം പെയജ്); സാഹിത്യസംബന്ധമായ ഉപന്യാസങ്ങളും(ഏഴാം പെയജ്); പ്രാദേശികവാർത്താക്കുറിപ്പുകളും (മൂന്നാം ആറാം പെയ്ജുകളും); യുദ്ധവാർത്ത, യൂറോപ്യൻവാർത്ത, ഇന്ത്യൻവാർത്ത, നിയമസഭാനടപടികളും, കേരളവാർത്ത—ഇവയുടെ സങ്ഗ്രഹങ്ങളും (നാലും അഞ്ചും പെയ്ജുകളും); എന്നീ ഇനങ്ങളും കാണപ്പെടുന്നതാണെന്നും, സഞ്ജയൻ 8-ാം പേജിലെ സ്ഥിരലേഖകനാണെന്നും ഉള്ള വസ്തുതകളും 'പത്രിക'യെ പരിചയമുള്ള എല്ലാ വായനക്കാരും അറിയുന്നതാണ്. വരിസംഖ്യയാകട്ടെ, ആഴ്ചയിൽ രണ്ടു തവണ പുറപ്പെടുന്ന 'പത്രിക'യ്ക്ക് ആണ്ടിൽ ആറുറുപ്പിക മാത്രവുമാണ്. മൂന്നു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂറടച്ച് ഇന്നു തന്നെ നിങ്ങളുടെ പേർ വരിക്കാരുടെ പട്ടികയിൽ ചേർപ്പിക്കുക!

മാനേജർ,
കേരളപത്രിക,
കോർട്ട്റോഡ്,
കോഴിക്കോട്.

Printed by K. V. Achyuthan Nayar at the Norman Printing Bureau, Calicut
and published by P. V. Kunhi Raman Nayar.
General Editor:—M. Ramunni Nayar, M. A. (Hons.)